ഡിപ്ലോമ ഇൻ എലിമെന്ററി എജ്യുക്കേഷൻ

DIPLOMA IN ELEMENTARY EDUCATION D.El.Ed.

സെമസ്റ്റർ - 3

പേപ്പർ - 306 പരിസരപഠനം–പഠനവും ബോധനവും

യൂണിറ്റ് 1 –പരിസപഠന പാഠപുസ്തവിശകലനം

യൂണിറ്റ് 2 – പരിസരപഠന ക്ലാസ് ആസൂത്രണം

യൂണിറ്റ് 3 – വിലയിരുത്തലും മൂല്യനിർണയവും

യൂണിറ്റ് 4 – വിദ്യാലയ അനുഭവ പരിപാടി

സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ
പരിശീലന സമിതി (SCERT)

പരിസരപഠനം - പഠനവും ബോധനവും

മൂന്നാം സെമസ്റ്ററിലെ പരിസരപഠനം - പഠനവും ബോധനവും എന്ന പേപ്പറിൽ നാല് യൂണിറ്റുകളാണ് ഉള്ളത്.

1. പരിസരപഠന പാഠപുസ്തക വിശകലനം
2. പരിസരപഠന ക്ലാസ് ആസൂത്രണം
3. വിലയിരുത്തലും മൂല്യനിർണയവും
4. സ്കൂൾ അനുഭവ പരിപാടി

പരിസരപഠന പാഠപുസ്തകത്തിലെ സവിശേഷതകൾ തിരിച്ചറിയുന്ന തോടൊപ്പം സൂചകങ്ങളുടെ അടിസ്ഥാനത്തിൽ പരിസരപഠന പാഠപുസ്തകങ്ങൾ വിശകലനം ചെയ്ത് വിലയിരുത്തേണ്ടതുമാണ്. വാർഷികാസൂത്രണത്തിന്റെആവശ്യകത ബോധ്യപ്പെടുന്നതോടൊപ്പം യൂണിറ്റ് ആസുത്രണം വ്യക്തിഗതമായും ഗ്രൂപ്പായും തയ്യാറാക്കി അതിൽ പ്രാവീണ്യം കൈവരിക്കുന്നത് പാഠാസൂത്രണത്തിൽ വൈദഗ്ധ്യം നേടാൻ ഏറെസഹായകമായിരിക്കും. ഇതോടൊപ്പം വിവിധതരം വിലയിരുത്തൽ രീതികളെക്കുറിച്ചും അധ്യാപക വിദ്യാർഥികൾ മനസ്സിലാക്കേണ്ടതാണ്. ഇത്തരം വിശകലനങ്ങളും ചർച്ചകളും ആസൂത്രണവുമെല്ലാം സ്കൂൾ അനുഭവ പരിപാടിയുമായി ബന്ധപ്പെട്ട ക്ലാസ്റൂം പ്രായോഗിക പരിചയം നേടുന്നതിന് സഹായകമായിരിക്കും. സ്കൂൾ അനുഭവ പരിപാടിക്ക് പര്യാപ്തമാകുന്ന വിധത്തിൽ അധ്യാപകവിദ്യാർഥികളെ സജ്ജരാക്കുന്ന രീതിയിലാണ് മൂന്നാം സെമസ്റ്ററിലെ യൂണിറ്റുകൾ ക്രമീകരിച്ചിട്ടുള്ളത്.

യൂണിറ്റ് – 1
പരിസരപഠന പാഠപുസ്തക വിശകലനം

കേരളത്തിലെ പൊതുവിദ്യാഭ്യാസ മേഖലയിൽ, പ്രൈമറിതലത്തിൽ പ്രത്യേകിച്ചും ഒന്നു മുതൽ നാലുവരെയുള്ള ക്ലാസുകളിൽ പരിസ്ഥിതി പഠനത്തെ പരിസരപഠനം എന്ന നിലയിലാണ് വിവക്ഷിച്ചിട്ടുള്ളത്. ഒരു ജീവിയുടെ തൊട്ടടുത്തുള്ള ചുറ്റുപാടിനെ പരിസരം എന്നുപറയുന്നു. ഒരു കുട്ടിയെ സംബന്ധിച്ചിടത്തോളം പരിസ്ഥിതിയും പരിസരവും തമ്മിൽ പറയത്തക്ക വ്യത്യാസങ്ങൾ ഒന്നുംതന്നെ ഉണ്ടാവണമെന്നില്ല. പരിസരപഠനം എന്നതു കൊണ്ട് ലക്ഷ്യമാക്കുന്നത് അവന്റെ ജീവിതത്തെ സ്വാധീനിക്കുന്ന ചുറ്റുപാടുകൾ എല്ലാം കൂടിച്ചേർന്നതാണ്. വീടുകൾ, പട്ടണങ്ങൾ, റോഡുകൾ, വാഹനങ്ങൾ, അണക്കെട്ടുകൾ, സസ്യങ്ങൾ, ജന്തുക്കൾ, മലകൾ, ആകാശം, ഭൂമി, കുളങ്ങൾ, കല, സാഹിത്യം, ആഘോഷങ്ങൾ, ആചാരങ്ങൾ മുതലായവയെല്ലാം അതിൽ ഉൾപ്പെടും. അതിനാൽ പ്രൈമറി ക്ലാസുകളിലെ പാഠ്യപദ്ധതി പരിസ്ഥിതി പഠനത്തെ പരിസരപഠനമായിട്ടാണ് കണ്ടിട്ടുള്ളത്. തന്റെ ചുറ്റുപാടുകളെക്കുറിച്ചും പരിസരത്തെക്കുറിച്ചും പഠിക്കുക എന്ന സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. പ്രൈമറിതലത്തിൽ പാഠപുസ്തക വിശകലനത്തിലൂടെ വളരെ കൃത്യമായ ധാരണ പരിസരപഠനത്തെക്കുറിച്ച് അധ്യാപക വിദ്യാർഥികൾക്ക് ലഭ്യമാകുകയും ചെയ്യും.

പരിസരത്തെക്കുറിച്ച് പരിസരത്തിലൂടെ പരിസരത്തിനുവേണ്ടി പഠിക്കുന്നതിനെയാണ് പരിസരപഠനം എന്നുപറയുന്നത്. (EVS is the study of environment, through the environment, for the environment) പരിസരപഠനത്തിൽ ശാസ്ത്രപഠനം, സാമൂഹ്യശാസ്ത്രപഠനം എന്നിങ്ങനെ വേർതിരിച്ച് പഠിക്കുന്നില്ല. അവ പരിസരബന്ധിതമായിട്ടാണ് ഉൾചേർത്തിട്ടുള്ളത്. മനുഷ്യർ തന്റെ ചുറ്റുപാടിൽ ബോധപൂർവമോ അല്ലാതെയോ നടത്തിയ ഇടപെടലുകൾ സാമൂഹ്യജീവിതത്തിൽ ഉണ്ടാക്കിയ മാറ്റങ്ങൾ തിരിച്ചറിയേണ്ടതുണ്ട്. അതോടൊപ്പം മനുഷ്യനും പ്രകൃതിയും തമ്മിലും, മനുഷ്യനും മനുഷ്യനും തമ്മിലുമുള്ള പരസ്പരബന്ധത്തെ തിരിച്ചറിയുന്നതിനും കണ്ടെത്തുന്നതിനുമുള്ള സന്ദർഭങ്ങൾ പരസരപഠനത്തിലൂടെ കുട്ടിക്ക് ലഭ്യമാക്കേണ്ടതാണ്. അതിനുതകുന്ന തരത്തിലാണ് പ്രൈമറി ക്ലാസ്സിലെ പരിസരപഠനപുസ്തകം തയാറാക്കിരിക്കുന്നത്. ഒന്നാം സെമസ്റ്ററിലെ പാഠ്യപദ്ധതി സമീപന ചർച്ചയിൽ മനസിലാക്കിയത് ഇവിടെ ഓർക്കുമല്ലോ.

പരിസരപഠന പുസ്തകത്തിന്റെ പ്രധാനപ്പെട്ട സവിശേഷതകൾ ഇവയാണ്:

- പരിസരപഠനലക്ഷ്യങ്ങൾ നേടാൻ പര്യാപ്തമായത്
- തുറന്ന ചിന്തയെ പ്രോൽസാഹിപ്പിക്കുന്നത്
- പരിസരബന്ധിതം
- അനുരൂപീകരണസാധ്യത ഉൾച്ചേർന്നത്
- ഉദ്ഗ്രഥിത സമീപനത്തിൽ അധിഷ്ഠിതം
- ശിശുസൗഹൃദപരം
- ചാക്രികാരോഹണരീതി അവലംബിക്കുന്നത്
- പ്രക്രിയാബന്ധിതം

- സ്വയം പഠനത്തിന് ഉതകുന്നത്
- പ്രാദേശിക സാധ്യത പരിഗണിക്കുന്നത്
- പ്രവർത്തനാധിഷ്ഠിതം
- തുടർപഠനസാധ്യത
- ആകർഷകം (ഭാഷ, ചിത്രം, ലേ ഔട്ട്)
-
-

പരിസരപഠന ലക്ഷ്യങ്ങൾ

പ്രധാനപ്പെട്ട പരിസര പഠനലക്ഷ്യങ്ങൾ താഴെ സൂചിപ്പിക്കുന്നു.

- കൗതുകം, ജിജ്ഞാസ, നിരീക്ഷണപാടവം എന്നിവ പരിപോഷിപ്പിക്കുക.
- ചുറ്റുപാടുകളെ ശാസ്ത്രീയമായി വ്യാഖ്യാനിക്കാൻ കഴിയുക.
- ശാസ്ത്രത്തിന്റെ രീതി സ്വായത്തമാക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.
- മെച്ചപ്പെടലിനുവേണ്ടി പരിശ്രമിക്കുക.
- നിരന്തരമായ അന്വേഷണം നടത്തുകയും ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്ത് നിഗമനത്തിൽ എത്തിച്ചേരുകയും ചെയ്യുക.
- നിരീക്ഷണം, പരീക്ഷണം, ദത്തശേഖരണം, വ്യാഖ്യാനങ്ങൾ, വിശകലനം ചെയ്യൽ, നിഗമനത്തിൽ എത്തിച്ചേരൽ, ആശയവിനിമയം ചെയ്യൽ തുടങ്ങിയ ശാസ്ത്രപഠന ത്തിന്റെ പ്രവർത്തന രീതികൾ സ്വായത്തമാക്കുക.
- പ്രകൃതി പ്രതിഭാസങ്ങൾ വിശകലനം ചെയ്യുക, അന്ധവിശ്വാസങ്ങളും അനാചാരങ്ങ ളും ഇല്ലാതാക്കുക.
- ശാസ്ത്രത്തിന്റെ ദുരുപയോഗം തടയുക.
- പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക.
- പ്രപഞ്ചം സംബന്ധിച്ച് ശാസ്ത്രീയ വിക്ഷണം രൂപപ്പെടുത്തുക.
- പ്രകൃതിയിലെ പരസ്പരാശ്രയത്വം തിരിച്ചറിയുക.
- പ്രകൃതിയിലുള്ള മനുഷ്യന്റെ ഇടപെടലുകൾ വിവേകപൂർവമാക്കുക.
- സുസ്ഥിര വികസനം എന്ന ആശയം വ്യാപിപ്പിക്കുക.
- സ്വായത്തമാക്കിയ അറിവ് ജീവജാലങ്ങളുടെ നന്മയ്ക്കായി വിനിയോഗിക്കുക.
- ദൈനംദിന ജീവിതവുമായി പഠനത്തെ ബന്ധപ്പെടുത്തുക. മാനവികതയിൽ ഊന്നി യുള്ള ശാസ്ത്രാവബോധം വളർത്തുക.
- വ്യക്തിശുചിത്വവും സാമൂഹിക ശുചിത്വവും പാലിച്ചുകൊണ്ട് ശാരീരിക മാനസിക സാമൂഹിക ആരോഗ്യം കൈവരിക്കാൻ സഹായിക്കുക.
- നാടിന്റെ നേട്ടങ്ങളിൽ അഭിമാനിക്കുക.
- ശാസ്ത്രത്തിനും സാമൂഹിക നന്മയ്ക്കും വേണ്ടി ജീവിതത്തെ സമർപ്പിച്ചവരോട് ആദരവ് പുലർത്തുക.

- ശാസ്ത്രനേട്ടങ്ങൾ സാമൂഹിക നന്മയ്ക്കായി പ്രയോജനപ്പെടുത്തുക.
- പരിസ്ഥിതി പ്രചാരകനായി മാറുക.

ഉദ്ഗ്രഥിത സമീപനം

ചുറ്റുപാടുകൾ നൽകിയ ഒട്ടേറെ അനുഭവങ്ങളും അറിവുകളുമായിട്ടാണ് കുട്ടി വിദ്യാലയ ത്തിൽ എത്തിച്ചേരുന്നത്. എന്നാൽ എല്ലാവരും നേടിയ അറിവുകളുടെ തലം ഒരുപോലെ ആകണമെന്നില്ല. അതിനാൽ കുട്ടിയുടെ ചുറ്റുപാടുമായി ബന്ധപ്പെട്ട ആശയമേഖലകളെ അടിസ്ഥാനമാക്കി വിവിധ വിഷയങ്ങളെ സമന്വയിപ്പിച്ച് പഠനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്ന രീതിയെയാണ് ഉദ്ഗ്രഥിത സമീപനം എന്നുപറയുന്നത്. കുട്ടിയുടെ അറിവിന്റെ തുടർച്ചയെ നിലനിർത്താൻ വേണ്ടിയാണ് ഉദ്ഗ്രഥിത സമീപനം ഒന്ന്, രണ്ട്, ക്ലാസുകളിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. അറിവിന്റെ സമഗ്രതയ്ക്കും ബുദ്ധിയുടെ ബഹുമുഖ വികാസത്തിനും ഉദ്ഗ്രഥിത സമീപനം ഏറെ സഹായകമാണ്. മാത്രവുമല്ല പ്രൈമറി തലത്തിൽ എത്തുന്ന കുട്ടി ശാസ്ത്രം, സാമൂഹ്യശാസ്ത്രം എന്നിങ്ങനെ വേർതിരിച്ച് കാണാനുള്ള ശേഷി ആർജിച്ചിട്ടില്ല. അതിനാൽ കേരള പാഠ്യപദ്ധതി ചട്ടക്കൂടിന്റെ വെളിച്ചത്തിൽ അറിവുനിർമ്മാണ ത്തിന് പ്രാധാന്യം നൽകിക്കൊണ്ട് ആശയ ഉദ്ഗ്രഥിതമായി (Thematic Integration) ഒന്ന്, രണ്ട് ക്ലാസുകളിലെ പാഠപുസ്തകങ്ങൾ തയാറാക്കിയിരിക്കുന്നു. അതോടൊപ്പം മൂന്ന്, നാല് ക്ലാസു കളിലേക്ക് പരിസരപഠന പുസ്തകങ്ങളും തയാറാക്കിയിരിക്കുന്നു.

ഉദ്ഗ്രഥിത സമീപനം ഒരു ഉദാഹരണത്തിലൂടെ പരിശോധിക്കാം. രണ്ടാംക്ലാസിലെ ഒന്നാമത്തെ യൂണിറ്റ് എന്റെ കേരളമാണ്. ഈ യൂണിറ്റിലൂടെ - കേരളത്തെ കുറിച്ചുള്ള കവിതകൾ ചൊല്ലാം.

- ഭൂപ്രകൃതി വിവരണം നടത്താം.
- ഗ്രാമ - നഗര വ്യത്യാസം ചർച്ച ചെയ്യാം.
- പ്രകൃതിഭംഗിയെക്കുറിച്ച് ഭാഷണം നടത്താം.
- കേരളത്തിലെ നാടൻ കളികൾ പട്ടികപ്പെടുത്താം.
- കളിവിവരണം തയാറാക്കാം.
- മല നാടിന്റെ പ്രത്യേകതകൾ വിവരിക്കാം.
- നാട്ടിൻപുറത്തെ പൊതുസ്ഥലങ്ങളും അവയുടെ പ്രയോജനവും ചർച്ച ചെയ്യാം.
- നാട്ടിലെ തൊഴിലുകൾ അന്വേഷിക്കാം.
- ഭൂമിശാസ്ത്രപരമായ സവിശേഷതകൾ കണ്ടുപിടിക്കാം.

ഈ പ്രവർത്തനങ്ങളിലൂടെ ഭാഷയെന്നോ പരിസരപഠനമെന്നോ വ്യത്യാസമില്ലാതെ സ്വഭാവിക രീതിയിൽ വിവിധ വിഷയങ്ങൾ പഠിക്കാം

പ്രക്രിയാബന്ധിതം

പരിസരപഠന പാഠപുസ്തകത്തിലെ സവിശേഷതകളിൽ ഒന്നാണ് പ്രക്രിയാബന്ധിതം എന്നു ള്ളത്. ശാസ്ത്രം എപ്പോഴും പ്രവർത്തനത്തിൽ അധിഷ്ഠിതമാണല്ലോ. അതിനാൽ പരി സരപഠനവും പ്രവർത്തനങ്ങളിൽ ഊന്നിവേണം നടക്കേണ്ടത്. പഠിതാവിനെ കേന്ദ്രീക രിച്ച് പ്രവർത്തനങ്ങൾ പരിസരബന്ധിതമായി ആസൂത്രണം ചെയ്ത് നടത്തിയാൽ മാത്രമേ പരിസരപഠനം ലക്ഷ്യങ്ങൾ ആർജിക്കാൻ സാധിക്കുകയുള്ളൂ.

ചിട്ടപ്പെടുത്തിയ വിവിധ പ്രവർത്തനഘട്ടങ്ങളിലൂടെ കടന്നുപോകുമ്പോൾ കുട്ടിയിൽ ആശയസ്വാംശീകരണം നടക്കുന്നു. ശാസ്ത്രാശയങ്ങൾ നേടിയെടുക്കുന്നത് പ്രക്രിയാശേഷികളിലൂടെയാണ്. പരിസരപഠനത്തിൽ പ്രാധാന്യം നൽകിയിട്ടുള്ള പ്രക്രിയാശേഷികൾ താഴെ പറയുന്നവയാണ്.

- നിരീക്ഷിക്കൽ
- വർഗീകരിക്കൽ
- അളക്കൽ
- ആശയവിനിമയം ചെയ്യൽ
- സംഖ്യാബന്ധങ്ങൾ ഉപയോഗിക്കൽ
- സ്ഥലകാലബന്ധങ്ങൾ ഉപയോഗിക്കൽ
- നിഗമനത്തിലെത്തൽ
- പ്രവചിക്കൽ

മേൽസൂചിപ്പിച്ച പ്രക്രിയാശേഷികൾ എല്ലാംതന്നെ കുട്ടിയുടെ നിരീക്ഷിക്കാനുള്ള ശേഷിയുമായി ബന്ധപ്പെട്ടിരിക്കുന്നു. കുട്ടിക്ക് അനുഭവപ്പെടുന്ന പ്രശ്നവുമായി ബന്ധപ്പട്ട ഊഹം കുട്ടി രേഖപ്പെടുത്തന്നു. തുടർന്ന് കുട്ടി വിവരശേഖരണം നടത്തി നിഗമനത്തിലെത്തിച്ചേരുന്നു. ശരിയായ നിഗമനം കുട്ടിയെ ആശയരൂപീകരണത്തിലേക്കും അറിവിന്റെ നിർമ്മാണത്തിലേക്കും നയിക്കുന്നു.

പ്രവർത്തനാധിഷ്ഠിതം

അറിവിന്റെ നിർമ്മാണത്തിന് ആവശ്യമായ പ്രവർത്തനങ്ങളാണ് പരിസരപഠന പാഠപുസ്തകത്തിൽ നിർദ്ദേശിച്ചിട്ടുള്ളത്. കുട്ടി നിരന്തരം തന്റെ ചുറ്റുപാടുകളുമായി സമ്പർക്കത്തിലായിരിക്കുമല്ലോ. അതിനാൽ പ്രവർത്തനങ്ങൾ ക്ലാസിന് അകത്തും പുറത്തും ക്രമീകരിക്കാൻ അധ്യാപകർ ശ്രദ്ധിക്കേണ്ടതാണ്. കുട്ടിയിൽ ജാഞാനനിർമ്മിതി നടക്കുന്നത് അവന്റെ ചുറ്റുപാടുമായുള്ള സമ്പർക്കത്തിലൂടെയാണ്. സസ്യങ്ങൾ, ജന്തുക്കൾ, സൂര്യൻ, ചന്ദ്രൻ, ആകാശം, ഭൂമി, നക്ഷത്രം, ചൂട്, തണുപ്പ്, പാർപ്പിടം, പഴങ്ങൾ മുതലായവയെക്കുറിച്ച് മനസിലാക്കുന്നത് തന്റെ പരിസരത്തിൽ നിന്നുമാണല്ലോ. ചുറ്റുപാടികളെക്കുറിച്ച് അറിയാനുള്ള ത്വര കുട്ടിയുടെ പ്രകൃതം തന്നെയാണ്. കുട്ടിയുടെ ജിജ്ഞാസ ഉണർത്തുന്ന, പ്രയോജനപ്പെടുത്തുന്ന വിധത്തിൽ പരിസരം ക്രമീകരിക്കപ്പെടുന്നത് ജ്ഞാനാർജനത്തിന് ഏറെ സഹായിക്കും. ഇങ്ങനെ ലഭ്യമാകുന്ന നേരിട്ടുള്ള അനുഭവങ്ങൾ, ആശയങ്ങൾ ആർജിക്കാൻ കുട്ടിയെ സഹായിക്കുന്നു. മാത്രമല്ല. കുട്ടിക്ക് സ്വയംപഠനത്തിനുള്ള പന്ഥാവ് ഇതിലൂടെ തുറന്ന് കിട്ടുകയും ചെയ്യുന്നു. ഇപ്രകാരം നിർമ്മിക്കുന്ന അറിവ് സമഗ്രവും സുസ്ഥിരവുമായിരിക്കും. കുട്ടികളിൽ സഹകരണാത്മകത, അന്വേഷണത്വര, സർഗാത്മകത എന്നിവ ഇതിലൂടെ പരിപോഷിപ്പിക്കപ്പെടുകയും ചെയ്യുന്നു.

തുറന്ന ചിന്ത

കുട്ടികൾ പൊതുവെ ജിജ്ഞാസുക്കളാണ്. അവരുടെ ചിന്തയെ പരിപോഷിപ്പിക്കുകയും പ്രയോജനപ്പെടുത്തുകയും ചെയ്യുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾക്കാണ് പരിസര പഠനത്തിൽ പ്രാധാന്യം നൽകിയിട്ടുള്ളത്. തന്റെ ചുറ്റുപാടുകളെക്കുറിച്ച് അറിയാനുള്ള ത്വര കുട്ടികളിൽ അന്തർലീനമാണ്. അവരുടെ ജിജ്ഞാസയെ പ്രയോജനപ്പെടുത്തിയുള്ള പ്രവർത്ത

നങ്ങൾ ശാസ്ത്രബോധം അവരിൽ രൂപപ്പെടാൻ ഏറെ സഹായകമാണ്. അതുകൊണ്ടു തന്നെ സ്വതന്ത്രമായി കുട്ടിയുടെ ചിന്തയെ നയിക്കാൻ പറ്റുന്ന സാധ്യതകൾ പരിസരപഠന പാഠപുസ്തകത്തിൽ പ്രയോജനപ്പെടുത്തേണ്ടതുണ്ട്.

തുറന്ന ചിന്തയെ പ്രോത്സാഹിപ്പിക്കുന്ന ഒരുപാട് സന്ദർഭങ്ങൾ പാഠഭാഗത്ത് ഒരുക്കിയിട്ടുണ്ട്.

- എന്റെ കേരളമെന്ന പാഠഭാഗം രണ്ടാംക്ലാസിൽ ചർച്ച ചെയ്തതിന്റെ ഭാഗമായി തന്റെ പ്രദേശത്തെ പൊതു സ്ഥലങ്ങൾ നിരീക്ഷിക്കുന്നു.
- സ്വന്തം പ്രദേശത്ത് തൊഴിൽസർവ്വേ നടത്തുന്നു.
- നാടൻകളികൾ അന്വേഷിച്ചറിയുന്നു.
- എന്റെ നാട് വിവരണം തയാറാക്കുന്നു.

ഇത്തരം പ്രവർത്തനങ്ങളിലെല്ലാം തുറന്ന ചിന്തകളും അന്വേഷണത്തിനും ചുറ്റുപാടുകളെക്കുറിച്ച് മനസ്സിലാക്കുന്നതിനും അവസരം നൽകുന്നു. സ്വയം പഠനത്തിനുമുള്ള അവസരങ്ങൾ തുറന്നിടുന്നു.

ശിശുസൗഹൃദപരം

ശിശുസൗഹൃദപരം എന്നത് പരിസരപഠന പാഠപുസ്തകത്തിന്റെ സവിശേഷതകളിൽ പ്രധാനപ്പെട്ട ഒന്നാണല്ലോ. കുട്ടിയുടെ പ്രകൃതം പരിഗണിച്ച് പഠന സന്ദർഭങ്ങൾ ഒരുക്കുന്ന രീതിയാണ് ഇത്. കുട്ടിയുടെ പ്രായം, പ്രകൃതം മുതലായവ പരിഗണിച്ചുവേണം പഠനസന്ദർഭങ്ങൾ ഒരുക്കേണ്ടത്. ഒരോ പഠിതാവിനും തന്റേതായ പഠനശൈലിയുണ്ട്. കുട്ടിയുടെ പഠനശൈലിക്ക് അനുസൃതമായ രീതിയിൽ വേണം പഠനപ്രവർത്തനങ്ങൾ ക്രമീകരിക്കേണ്ടത്. പരിസരപഠനത്തിൽ ഉള്ളടക്കത്തിനും പ്രക്രിയയ്ക്കും പുറമേ ഇത്തരം കാര്യങ്ങൾകൂടി പരിഗണിക്കേണ്ടതുണ്ട്. ശിശുസൗഹൃദ അന്തരീക്ഷവും പഠനപ്രവർത്തനങ്ങളും കുട്ടിയുടെ സ്വാതന്ത്ര്യത്തെ മാനിക്കുകയും സർഗ്ഗാത്മകത ഉണർത്തുകയും ചെയ്യും. ഇത്തരത്തിൽ പഠനപ്രവർത്തങ്ങൾ ക്രമീകരിക്കുന്നത് സ്വന്തം പഠനത്തിനും മികവുകളെയും പോരായ്മകളെയും സ്വയം തിരിച്ചറിയുന്നതിനും ആത്മവിശ്വാസത്തോടെ പ്രവർത്തനങ്ങളിൽ പങ്കുചേരുന്നതിനും കുട്ടിയെ പ്രാപ്തനാക്കും.

സ്വയംപഠനം

ഓരോ കുട്ടിയും വ്യത്യസ്തരാണ്. അതുകൊണ്ടുതന്നെ പഠനരീതികളും പഠന ആവശ്യങ്ങളും വ്യത്യസ്തമായിരിക്കും. എങ്കിലും ഒരു പഠിതാവെന്ന നിലയിൽ കുട്ടിയിൽ പഠനത്വര വളർത്തിയെടുക്കേണ്ടുന്ന ചുമതല അധ്യാപകർക്കുണ്ട്. അതിനായി പ്രവർത്തനങ്ങൾ പരിസരബന്ധിതവും പ്രക്രിയാബന്ധിതവുമായി ക്രമീകരിക്കേണ്ടതാണ്.

വിവരങ്ങൾ ശേഖരിച്ച് നിഗമനത്തിൽ എത്തുന്നവിധം ലഘു പ്രോജക്ടുകൾ ചെയ്യുന്നതിനുള്ള കഴിവ് കുട്ടി പ്രൈമറിതലത്തിൽ നേടേണ്ടതാണ്. പ്രോജക്ടിന്റെ ഓരോ ഘട്ടത്തിലും അധ്യാപികയുടെ ഇടപെടൽ അനിവാര്യമാണ്. കുട്ടിക്ക് കൃത്യമായ മാർഗ്ഗനിർദ്ദേശം നൽകേണ്ടുന്ന ചുമതല അധ്യാപികയ്ക്കുണ്ട്. ഇത്തരത്തിലുള്ള മാർഗനിർദ്ദേശങ്ങൾ സ്വയം വിലയിരുത്തലിനും അതിലൂടെ സ്വയം പഠനത്തിനും കുട്ടിയെ സഹായിക്കും.

നിരീക്ഷണ പരീക്ഷണങ്ങൾ, പഠനയാത്രകൾ, ശാസ്ത്രപുസ്തകങ്ങളുടെ പാരായണം, പ്രോജക്ടുകൾ, വാതിൽപ്പുറ പഠനം (ക്ലാസ് മുറിയുടെ ചിട്ടവട്ടങ്ങളിൽ നിന്നുമാറി ക്ലാസിനു പുറത്തെ നൈസർഗ്ഗിക ചുറ്റുപാടിൽ പഠിക്കുന്ന രീതി) തുടങ്ങിയവയെല്ലാം കുട്ടിക്ക് സ്വയം പഠനത്തിനുള്ള അവസരങ്ങൾ ലഭ്യമാക്കുന്നു.

സ്വയം ആർജിക്കുന്ന അറിവുകൾ സ്ഥായിയായിരിക്കും എന്നതിനാൽ സ്വയം പഠനത്തിനുള്ള അവസരങ്ങൾ അധ്യാപിക ബോധപൂർവം ക്രമീകരിക്കേണ്ടതാണ്.

തുടർപഠന സാധ്യത

ലോവർ പ്രൈമറി തലത്തിൽ കുട്ടികൾക്കായി ക്രമീകരിക്കുന്ന പഠനപ്രവർത്തനങ്ങൾ തുടർപഠനത്തിനുള്ള സാധ്യത ഉറപ്പ് വരുത്തുന്ന വിധത്തിലായിരിക്കണം ചിട്ടപ്പെടുത്തേണ്ടത്. പരിസരബന്ധിതവും പ്രവർത്തനാധിഷ്ഠിതവുമായ പഠനപ്രർത്തങ്ങൾക്ക് കൂടുതൽ പ്രാധാന്യം നൽകുന്നത് തുടർപഠനത്തിനുള്ള സാധ്യത വർദ്ധിപ്പിക്കും. ഒറ്റ പ്രവർത്തനമായി പഠനപ്രവർത്തനങ്ങളെ അവതരിപ്പിക്കുന്നതിനു പകരം കൂടുതൽ പ്രക്രിയാശേഷികൾ ഉൾപ്പെടുന്ന വിധത്തിലാവണം നൽകേണ്ടത്.

ശാസ്ത്രബോധം പ്രയോജനപ്പെടുത്തുന്നതിനും സർഗാത്മക രചനകളിൽ ഏർപ്പെടുന്നതിനും ശാസ്ത്ര ഉപകരണങ്ങൾ രൂപകൽപ്പന ചെയ്യുന്നതിനും തുടർ പഠനസാദ്ധ്യതയുള്ള പ്രവർത്തനങ്ങൾ ഏറെ പ്രചോദനപ്രദമാണ്.

തുടർപഠന സാധ്യതകൾ ലഭ്യമാകുന്നതിന്റെ ഭാഗമായി ഒട്ടേറെ പ്രവർത്തനങ്ങൾ പരിസരപഠനത്തിൽ പ്രയോജനപ്പെടുത്തുന്നുണ്ട്. "എന്റെ കേരളം" എന്ന യൂണിറ്റിൽ ഉപയോഗിച്ചിരിക്കുന്ന ഒരു വർക്ക് ഷീറ്റ് പരിശോധിക്കുക.

ഇതിലൂടെ നാടിന്റെ കൂടുതൽ സവിശേഷതകൾ കണ്ടെത്തി പൂർത്തിയാക്കാനും വിവരണങ്ങൾ തയാറാക്കാനും അവസരം ഒരുക്കുന്നു. തന്റെ പ്രദേശത്തെ തൊഴിലുകൾ കണ്ടെത്തുന്നതിന്റെ ഭാഗമായി തൊഴിൽ സർവേ നടത്തി റിപ്പോർട്ട് ചെയ്യുന്നു. തന്റെ പരിസരത്തുള്ള ജീവികളുടെ ചിത്രങ്ങൾ ശേഖരിച്ച് ആൽബം നിർമിക്കുന്നു. ഇതിലൂടെ പഠനം കൂടുതൽ പരിസരബന്ധിതവുമായി തീരുന്നു.

പരിസരബന്ധിതം

മനുഷ്യൻ പ്രകൃതിയുടെ ഭാഗമാണ്. ജനനം മുതൽ മരണംവരെ തന്റെ പരിസരവുമായി അഭേദ്യമായ ബന്ധത്തിലാണ് ഓരോ മനുഷ്യനും. അതുപോല തന്നെയാണ് ഓരോ കുട്ടി

യും. അവൻ തന്റെ പരിസരവുമായി നിരന്തരം സമ്പർക്കത്തിലേർപ്പെടുകയും അവിടെ സംഭവിക്കുന്ന മാറ്റങ്ങളെ നിരീക്ഷിക്കുകുയും ചെയ്യുക എന്നത് സ്വാഭാവികമാണ്. ചുറ്റുപാടുകളെക്കുറിച്ച് അറിയാനുള്ള ആകാംക്ഷ എല്ലാ കുട്ടികളിലും ഉണ്ടായിരിക്കും. അവരുടെ ഇത്തരം ജിജ്ഞാസയെ പഠന പ്രവർത്തനങ്ങൾക്കായി പ്രയോജനപ്പെടുത്തുക എന്നത് ഓരോ അധ്യാപികയ്ക്കും വെല്ലുവിളി ഉയർത്തുന്ന കാര്യമാണ്.

ദേശീയ പാഠ്യപദ്ധതി ചട്ടക്കൂട് (NCF 2005) പരിസരപഠനത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു. കുട്ടിയുടെ ആദ്യകാല പാഠങ്ങൾ ഔപചാരിക വിദ്യാഭ്യാസത്തിനു പകരം അവന്റെ താല്പര്യങ്ങൾക്കും മുൻഗണനകൾക്കും ഊന്നൽ നൽകുന്നതും കുട്ടിയുടെ നേരനുഭവങ്ങൾക്ക് അവസരം ഒരുക്കുന്നതും ആയിരിക്കണം. കുട്ടിക്ക് ലഭ്യമാക്കുന്ന പരിസരം അവന് ഉന്മേഷം നൽകുന്നതും പുതു അനുഭവങ്ങൾ ഒരുക്കുന്നതും ആയിരിക്കണം. ഇത് കുട്ടിക്ക് പരീക്ഷിച്ചു നോക്കാനും പര്യവേഷണം നടത്താനും സമൂഹത്തിനു മുന്നിൽ സ്വയം അവതരിപ്പിക്കാനുമുള്ള താൽപര്യവും ഊർജവും വിശ്വാസവും നൽകുന്നു.

അതിനാൽ കുട്ടിക്ക് നൽകുന്ന പ്രവർത്തനങ്ങൾ അവന്റെ പരിസരത്തോട് സംവദിക്കുന്നതും ഇടപെടുന്നതുമായിരിക്കണം. കുട്ടിക്ക് ലഭ്യമാകുന്ന പഠനപ്രവർത്തനത്തിനായി കുട്ടിയുടെ സാമൂഹിക- ഭൗതിക പരിസരങ്ങൾ ഉള്ളടക്കമായും മാധ്യമമായും ഉപയോഗിക്കുന്ന വിധത്തിലാണ് പരിസരപഠന പാഠപുസ്തകങ്ങൾ രൂപകല്പന ചെയ്തിട്ടുള്ളത്.

ചാക്രികാരോഹണ രീതി

ചാക്രിയാരോഹണ രീതി ആദ്യമായി അവതരിപ്പിച്ചത് ജെറോം എസ് ബ്രൂണറാണ്. മുൻകാലങ്ങളിൽ പൂർണമായി ഒരു ആശയം പഠിച്ചതിനുശേഷം അവതരിപ്പിക്കുന്ന രീതിയാണ് നിലനിന്നിരുന്നത്. ഇത്തരം രീതിയെ രേഖീയ രീതി എന്നുപറയുന്നു. പാഠ്യപദ്ധതിയിലെ വിഷയങ്ങളെ ഈ വിധത്തിലാണ് മുമ്പ് ക്രമീകരിച്ചിരുന്നത്. എന്നാൽ ഈ വിധത്തിൽ ഒരു ആശയവും പഠിക്കാനാവില്ലെന്നും തുടർച്ചയായ ചാക്രികാനുഭവങ്ങൾ ആശയരൂപീകരണത്തിന് ആവശ്യമാണെന്നും ജെറോം വാദിച്ചു. അനുഭവങ്ങളുടെ പുനരാവിഷ്കരണം പഠനത്തെ കൂടുതൽ മികവുറ്റതാക്കുന്നു. ഓരോ ഘട്ടത്തിലും കുട്ടി പ്രവർത്തനങ്ങളുടെ ആഴത്തിലേക്ക് പോകുന്നു. പഠനപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ/അനുഭവങ്ങൾ സ്വാഭാവിക സന്ദർഭത്തിൽ ഒരാശയവുമായി വീണ്ടും വീണ്ടും ബന്ധപ്പെടുമ്പോഴാണ് ആശയരൂപീകരണം ദൃഢമാവുകയെന്ന് ബ്രൂണർ വാദിച്ചു. ഇങ്ങനെ ചെയ്യുമ്പോൾ ഓരോ ഘട്ടത്തിലും കുട്ടി പ്രവർത്തനത്തിന്റെ ആഴത്തിലേക്ക് കൂടുതൽ കൂടുതൽ പോകുന്നു. ഇങ്ങനെ ധാരണകൾ വിപുലീകരിച്ചുകൊണ്ട് അറിവിന്റെ ഉയർന്ന തലങ്ങളിലേക്ക്/പടവുകളിലേക്ക് കയറുകയും ചെയ്യുന്നു.

ചാക്രികാരോഹണ രീതിയിലുള്ള പാഠഭാഗങ്ങളുടെ ആവർത്തനം. ഒരു ഉദാഹരണം പരിശോധിക്കാം. "ജീവികൾ" എന്ന ആശയമേഖലയുടെ വളർച്ച നോക്കുക.

- മൂന്നാം ക്ലാസിലെ പരിസരപുസ്തകത്തിൽ 'കുഴിയാന മുതൽ കൊമ്പനാനവരെ' എന്ന പാഠഭാഗത്ത് ചുറ്റുമുള്ള ജീവികളെ പരിചയപ്പെടുന്നു. അവയെ ആഹാരത്തിന്റെ അടിസ്ഥാനത്തിൽ സസ്യഭോജികൾ, മാംസഭോജികൾ, മിശ്രഭോജികൾ, എന്ന് പട്ടികപ്പെടുത്തുകയും അവയുടെ സഞ്ചാരരീതികൾ, ശത്രുക്കളിൽ നിന്നും രക്ഷനേടുന്നതിനും ആഹാരസമ്പാദനത്തിനുമുള്ള അനുകൂലനങ്ങൾ നിരീക്ഷിക്കുകയും ചെയ്യുന്നു. സവിശേഷതകൾക്കനുസരിച്ച് തരം തിരിക്കാനും അവസരം ലഭിക്കുന്നു.

- നാലാംക്ലാസിൽ ചുറ്റുപാടുമുള്ള ജീവികളെ വീണ്ടും പരിചയപ്പെടുത്തുന്നുണ്ട്. ഇവിടെ ജീവികളുടെ ആവാസവ്യവസ്ഥയും പരസ്പരാശ്രയത്വവും ചർച്ച ചെയ്യുന്നു. ജലജീവികൾ, കരജീവികൾ, ഉഭയജീവികൾ എന്ന് തരം തിരിക്കുന്നു. അതിനുള്ള സവിശേഷതകൾ കണ്ടെത്തുന്നു. പക്ഷികൾ എന്ന വിഭാഗത്തെ പ്രത്യേകമായും പഠിക്കുന്നുണ്ട്.
- അഞ്ചാം ക്ലാസിൽ എത്തുപ്പോൾ ജീവികളുടെ സവിശേഷതകൾ ഒന്നുകൂടി ആഴത്തിൽ മനസ്സിലാക്കുന്നു. സസ്തനികൾ, ഉരഗങ്ങൾ, മത്സ്യങ്ങൾ, ജീവികളുടെ ഉപയോഗങ്ങൾ എന്നിവയ്ക്ക് ഊന്നൽ നൽകുന്നു. കൂടാതെ സൂക്ഷ്ജീവികളായ ബാക്ടീരിയ, വൈറസ്, ഫംഗസ് എന്നിവയേയും അതിലെ രോഗകാരികളെയും നിരീക്ഷിക്കുന്നു. രക്തം കുടിക്കുന്ന കൊതുക്, പേൻ തുടങ്ങിയവും അവപരത്തുന്ന രോഗങ്ങളും ചർച്ച ചെയ്യുന്നുണ്ട്.
- ആറാംക്ലാസിൽ ജീവികളുടെ പുറം തോട്, അസ്ഥികൂടം, നിറം, വൈവിധ്യമാർന്ന രൂപ സവിശേഷതകൾ നിരീക്ഷിക്കുന്നു. മനുഷ്യന്റെ അസ്ഥികൂടത്തെപ്പറ്റിയും ചലനത്തിന് എങ്ങനെ സഹായിക്കുന്നു, എന്തെല്ലാം കേടുപാടുകൾ സംഭവിക്കാം, അവയുടെ ചികിത്സാരീതി എന്നിവയ്ക്കാണ് പ്രാധാന്യം നൽകിയിരിക്കുന്നത്. ജീവികളെക്കുറിച്ച്, ഏഴാം ക്ലാസിലെത്തുമ്പോൾ ഭക്ഷണശീലങ്ങൾക്ക് ഊന്നൽ നൽകി പഠിക്കുന്നു. സിംഹം, മാൻ, പക്ഷികൾ, പൂമ്പാറ്റ, പുഴു, മത്സ്യം എന്നിവയുടെ സവിശേഷ ആഹാരരീതിയാണ് നിരീക്ഷിക്കുന്നത്. കൂടാതെ ജിവികളുടെ ശരീരത്തിൽ പാർക്കുന്ന പാരസൈറ്റുകൾ, പേൻ, ഇര പിടിയൻമാർ, വിരകൾ എന്നിവ മനസ്സിലാക്കാനും അവസരം ഉണ്ട്. ഭക്ഷണശീലങ്ങളോടൊപ്പം ആഹാര സമ്പാദനത്തിനും ചവച്ചരയ്ക്കാനും ദഹിപ്പിക്കാനുള്ള വ്യവസ്ഥയും ആഴത്തിൽ മനസ്സിലാക്കുന്നു.

കേവലം ജീവികളെക്കുറിച്ചുള്ള പഠനം വിവിധ ക്ലാസുകളിൽ എങ്ങനെയാണ് ചാക്രികമായി അവതരിപ്പിക്കപ്പെട്ടിട്ടുള്ളതെന്ന് മനസ്സിലായില്ലോ. മറ്റു സവിശേഷതകൾ കണ്ടെത്തുക.

'കുട്ടിയുടെ പ്രകൃതം'

ഓരോ കുട്ടിയും വ്യത്യസ്തരാണ്. അവർ വളർന്നു വരുന്ന ജീവിത പശ്ചാത്തലവും അനുഭവങ്ങളും വ്യത്യസ്തമാണ്. തന്റെ ചുറ്റുപാടിൽ നിന്നും നേടിയ അനുഭവങ്ങളും അറിവുകളുമായാണ് ഓരോ കുട്ടിയും വിദ്യാലയത്തിൽ എത്തുന്നത്. എന്നാൽ എല്ലാവരും നേടിയ അനുഭവങ്ങളുടെയും അറിവുകളുടെയും തലം ഒരുപോലെയായിരിക്കില്ല. അതിനാൽ കൃത്യമായ ലക്ഷ്യത്തോടെ കുട്ടിയെ അറിഞ്ഞ് പഠനപ്രവർത്തനം ആസൂത്രണം നടത്തിയാൽ മാത്രമേ ഔപചാരിക വിദ്യാഭ്യാസം നേടാൻ കുട്ടി പ്രാപ്തനാകുകയുള്ളൂ. അതിനായി കുട്ടിയുടെ പ്രകൃതത്തെക്കുറിച്ച് കൃത്യമായ ധാരണ അധ്യാപിക രൂപപ്പെടുത്തിയെടുക്കേണ്ടതുണ്ട്. അതോടൊപ്പം കുട്ടിയുടെ പ്രകൃതത്തെ പരിഗണിച്ച് വേണം പഠനപ്രവർത്തനങ്ങൾ നടപ്പിലാക്കേണ്ടത്.

പ്രാദേശിക സാദ്ധ്യത

ദൈനംദിന ജീവിതപ്രശ്നങ്ങളും സാമൂഹിക പ്രശ്നങ്ങളും സത്യസന്ധമായി വിശകലനം ചെയ്യാനും അവയ്ക്ക് യുക്തിസഹമായ പരിഹാരം കണ്ടെത്താനും അവ നിർദ്ദേശിക്കാനും പരിസരപഠനം ലക്ഷ്യം വയ്ക്കുന്നു. അതുകൊണ്ടുതന്നെ കുട്ടിയുടെ പരിസരവുമായോ വിദ്യാലയ പരിസരവുമായോ ബന്ധപ്പെട്ട് ലഭ്യമാകാൻ ഇടയുള്ള പ്രാദേശിക സാദ്ധ്യതകളെ പരമാവധി പഠനസന്ദർഭങ്ങളിൽ പ്രയോജപ്പെടുത്തുന്ന രീതിയാണിത്. പ്രദേശത്തുള്ള

സർക്കാർ–സർക്കാരേതര സ്ഥാപനങ്ങൾ, സ്വാതന്ത്ര്യസമര സേനാനികൾ, ചരിത്രാവശിഷ്ടങ്ങൾ, കൃഷി, കർഷകർ, കലാകാരന്മാർ, ജൈവവൈവിധ്യങ്ങൾ, നാടൻകലാരൂപങ്ങൾ മുതലായവയെ പഠനാവശ്യത്തിന് പ്രയോജനപ്പെടുത്തുന്നു.

പ്രാദേശിക സാധ്യതകളെ എങ്ങനെ പഠനത്തിനായി വിനിയോഗിക്കാമെന്ന് ഒരു ഉദാഹരത്തിലൂടെ വ്യക്തമാക്കാം.

കൃഷിക്കും മറ്റ് ആവശ്യങ്ങൾക്കുമായി നാം പുഴയെ ആശ്രയിക്കുന്നു. കാടുകളിൽ കുന്നുകളിൽ വ്യത്യസ്തയിനം ജന്തുക്കളും സസ്യങ്ങളുമുണ്ട്. ഇവ കുട്ടിയുടെ ആർജിത അറിവാണ്. എന്നാൽ തങ്ങളുടെ ചുറ്റുപാടും കാണുന്ന പുഴകളും കുന്നുകളും ഇല്ലാതായിക്കൊണ്ടിരിക്കുന്നു എന്നത് അവർ നേരിടുന്ന യഥാർത്ഥ വസ്തുതയാണ്. കുട്ടി തന്റെ ആർജിത അറിവിന്റെ അടിസ്ഥാനത്തിൽ യാഥാർഥ്യത്തെ വിശകലനം ചെയ്യുന്നു.

പുഴയിൽ നിന്ന് മണൽ കോരിയാൽ പുഴയ്ക്ക് എന്തു സംഭവിക്കും? അതിലെ ജീവജാലങ്ങൾക്ക് എന്തു സംഭവിക്കും? മനുഷ്യർക്ക് എന്തു സംഭവിക്കും? കുന്നിടിക്കുന്നത് ഏതെല്ലാം ജീവികളെ ബാധിക്കും? കുന്നുകൾ ഇല്ലാതാകുമ്പോൾ അടുത്ത പ്രദേശങ്ങളിൽ ജലക്ഷാമം ഉണ്ടാകുന്നത് എന്തുകൊണ്ട്? ഇത്തരം പ്രശ്നങ്ങളുടെ കാരണങ്ങൾ എന്തെല്ലാമാണ്? ഇവയ്ക്ക് പരിഹാരമാർഗ്ഗങ്ങൾ ഉണ്ടോ?

ഇത്തരം ചിന്തകൾ കുട്ടിയിൽ പ്രശ്നസന്ദർഭം സൃഷ്ടിക്കാൻ കാരണമാകുന്നു. തുടർന്ന് അന്വേഷണത്തിനായുള്ള ശ്രമങ്ങൾ ആരംഭിക്കുന്നു. ഫീൽഡ് ട്രിപ്പിലൂടെ പ്രാദേശിക സാദ്ധ്യതകൾ പ്രയോജനപ്പെടുത്തി വിവരശേഖരണം നടത്തുന്നു. ശേഖരിച്ച വിവരങ്ങളെ അപഗ്രഥിക്കുകയും പരിസ്ഥിതി പ്രശ്നങ്ങൾ ഉണ്ടാക്കുന്ന ദോഷങ്ങളെക്കുറിച്ചുള്ള കണ്ടെത്തലുകളിൽ എത്തിച്ചേരുകയും ചെയ്യുന്നു. തുടർന്ന് പ്രശ്നപരിഹാരത്തിനായി തന്റേതായ നിർദ്ദേശങ്ങൾ മുന്നോട്ടുവയ്ക്കുന്നു. കുന്നുകളിൽ വ്യത്യസ്തയിനം സസ്യങ്ങളും ജന്തുക്കളുമുണ്ട് എന്ന ധാരണ രൂപീകരിക്കാനും സാധ്യത പ്രയോജനപ്പെടുത്താവുന്നതാണ്.

സ്വാതന്ത്ര്യസമര സേനാനികളുമായുള്ള അഭിമുഖങ്ങൾ, ചരിത്രസ്മാരകങ്ങൾ സന്ദർശിക്കൽ മുതലായ സ്വന്തം പ്രദശത്തെയും സംസ്കാരത്തെയും കുറിച്ച് മനസ്സിലാക്കാനും അതിൽ അഭിമാനംകൊള്ളാനും സഹായിക്കുന്നു.

ആകർഷകം

ആകർഷകമായ പാഠപുസ്തകം എന്നത് പരസരപഠന പാഠപുസ്തകത്തിന്റെ സവിശേഷതകളിൽ ഒന്നുമാത്രമാണ്. ഭാഷ, ചിത്രം, ലേഔട്ട് എന്നിവയെല്ലാം പാഠപുസ്തകത്തിന്റെ മാറ്റുരയ്ക്കുന്ന ഘടകങ്ങളാണ്.

മാതൃഭാഷയിലൂടെയുള്ള പഠനമാണ് പ്രൈമറിതലത്തിൽ ഏറെ അഭികാമ്യം. കുട്ടിയുടെ ഭാഷയുമായി അടുത്ത് നിൽക്കുന്നതും ആശയവ്യക്തതയോടെ ലഘുസമവാക്യങ്ങൾ ഉപയോഗിച്ച് അവതരിപ്പിച്ചിട്ടുള്ളതുമായ പാഠപുസ്തകം കുട്ടികളെ ഏറെ ആകർഷിക്കും. കുട്ടിയെ പ്രവർത്തനോത്സുകമാക്കുന്നതും ഒപ്പം സർഗ്ഗാത്മകതയെ ഉണർത്താൻ പര്യാപ്തമായതുമായ ഭാഷയിലൂടെ വേണം പാഠപുസ്തകങ്ങൾ രചിക്കപ്പെടേണ്ടത്. പരിസരപഠന പാഠപുസ്തകങ്ങൾ കുട്ടിയുടെ ഇത്തരം ആവശ്യങ്ങളെ ഏറെക്കുറെ തൃപ്തിപ്പെടുത്തുന്ന വിധത്തിലാണ് രൂപപ്പെടുത്തിയിട്ടുള്ളത്.

ഭാഷപോലെ പ്രാധാന്യം അർഹിക്കുന്നവയാണ് പാഠപുസ്തകത്തിലെ ചിത്രങ്ങളും ലേഔട്ടും. പാഠപുസ്തകത്തിലെ ചിത്രങ്ങൾ കുട്ടിയുടെ മുന്നിൽ അവതരിപ്പിക്കുമ്പോൾ അതിന്റെ സ്വാഭാവികത നഷ്ടമാകാതെ സൃഷ്ടിക്കപ്പെടേണ്ടതുണ്ട്. ചിത്രങ്ങൾ വ്യക്തവും

സുഗ്രാഹ്യവും ആശയം പരിപൂർണമായി പ്രതിഫലിപ്പിക്കുന്നതും ആയിരിക്കണം. ചിത്രങ്ങൾക്ക് നിറം നൽകുന്നത് അതിന്റെ സ്വാഭാവികത നിലനിർത്തുന്ന തരത്തിലായിരിക്കണം. അതോടൊപ്പം പാഠപുസ്തകത്തിന്റെ ലേഔട്ടും ശ്രദ്ധയോടെ കൈകാര്യം ചെയ്യേണ്ടതാണ്. അക്ഷരങ്ങളുടെ വലിപ്പം, വാക്കുകൾ, വരികൾ, ഇവയുടെ അകലം ഇവയെല്ലാം ലേഔട്ട് ചെയ്യുമ്പോൾ പ്രാധാന്യത്തോടെ നോക്കിക്കാണേണ്ടുന്ന വസ്തുതകളാണ്.

പരിസരപഠന പാഠപുസ്തകങ്ങളിൽ ചിത്രം, ഭാഷ, ലേഔട്ട് എന്നിവയെല്ലാം കുട്ടികളെ ആകർഷിക്കുന്ന വിധത്തിൽ വളരെ സുക്ഷ്മതയോടെയാണ് കൈകാര്യം ചെയ്യുക.

അനുരൂപീകരണസാധ്യത ഉൾച്ചേർന്നത്

പരിസരപഠന പാഠപുസ്തകത്തിന്റെ മറ്റൊരു പ്രധാനപ്പെട്ട സവിശേഷതയാണ് അനുരൂപീകരണ സാധ്യത (Adaptation) ഉൾച്ചേർന്നിരിക്കുന്നത്. ബുദ്ധിവികാസ പരിമിതി നേരിടുന്നവരും ശാരീരിക പരിമിതിയുള്ള കുട്ടികളും തന്റെ സമപ്രായക്കാരായ കുട്ടികളോടൊപ്പം പൊതുവിദ്യാലയങ്ങളിൽ പഠനത്തിൽ ഏർപ്പെടുന്നുണ്ട്. ഇത് പ്രത്യേക പരിഗണന ആവശ്യമുള്ള കുട്ടികളുടെ അവകാശവുമാണ്. PWD Act/RPWD ആക്ട്, വിദ്യാഭ്യാസ അവകാശ നിയമം ഇവ ഉൾച്ചേർന്ന വിദ്യാഭ്യാസം ഉറപ്പുവരുത്തുന്നുണ്ട്.

ഇത്തരം കുട്ടികൾ നേരിടുന്ന വെല്ലുവിളികൾ വ്യത്യസ്തമായതുകൊണ്ട് അവരുടെ പഠനാവശ്യവും വ്യത്യസ്തമാണ്. അതിനാൽ ഓരോ കുട്ടിയുടെയും പഠനവേഗം, പഠനശൈലി എന്നിവ പരിഗണിച്ചുകൊണ്ടുവേണം പഠനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടത്. അതോടൊപ്പം വിവിധ വിലയിരുത്തൽ സാധ്യതകൾ ഉപയോഗപ്പെടുത്തുകയും വേണം.

ആശയ ചിത്രീകരണം തയാറാക്കാം

ആശയ ചിത്രീകരണം എന്നത് ആശയങ്ങളുടെയും ഉപാശയങ്ങളുടേയും അവ തമ്മിലുള്ള പരസ്പരബന്ധത്തിന്റെയും ദൃശ്യാവിഷ്കാരമാണ്. ഒരു പഠനതന്ത്രം എന്ന നിലയിൽ പരിസരപഠനത്തിൽ ആശയ ചിത്രീകരണത്തിന് ഏറെ പ്രാധാന്യമുണ്ട്. ഒന്നാം സെമസ്റ്ററിൽ ആശയ ഭൂപടത്തെക്കുറിച്ച് വിശദമാക്കിയിട്ടുണ്ട്. റഫർ ചെയ്യുമല്ലോ.

- മൂന്നു മുതൽ നാല് വരെയുള്ള ക്ലാസുകളിലെ പ്രധാനപ്പെട്ട പരിസര പഠനാശയങ്ങൾ ഗ്രൂപ്പ് അടിസ്ഥാനത്തിൽ കണ്ടെത്തി ആശയചിത്രീകരണം തയാറാക്കി അവതരിപ്പിക്കുക.
- മൂന്ന്, നാല് ക്ലാസ്സുകളിലെ പരിസരപഠന പുസ്തകം പരിശോധിച്ച് അതിന്റെ അവതരണരീതി, അവതരണക്രമം, തലക്കെട്ടുകൾ, ഭാഷാപ്രയോഗം, തുടങ്ങിയവ യോജിച്ചതാണോ എന്ന് കുറിപ്പ് തയാറാക്കുക.

വിശകലന റിപ്പോർട്ട് തയാറാക്കൂ

സൂചകങ്ങൾ ഉപയോഗിച്ച് പരിസര പാഠപുസ്തകത്തിന്റെ സവിശേഷതകളുടെ പ്രതിഫലനം ഒന്നു മുതൽ നാലുവരെയുള്ള പാഠപുസ്തകങ്ങളിൽ എത്രത്തോളമെന്ന് ഗ്രൂപ്പിൽ വിശകലനം നടത്തി റിപ്പോർട്ട് തയാറാക്കി അവതരിപ്പിക്കൂ.

വിശകലന ഫോർമാറ്റ്

പരിസരപാഠപുസ്തകത്തിലെ സവിശേഷതകൾ	ഒന്നാം ക്ലാസ്	രണ്ടാം ക്ലാസ്	മൂന്നാം ക്ലാസ്	നാലാം ക്ലാസ്	കണ്ടെത്തലുകൾ
• ഉദ്ഗ്രഥിത സമീപനം					
• പരിസര ബന്ധിതം					
• ശിശുസൗഹൃദപരം					
•					
•					
•					
•					
•					
•					
•					
•					
•					

യൂണിറ്റ് 2

പരിസരപഠന ക്ലാസ് ആസൂത്രണം

പഠന നേട്ടങ്ങൾ

പാഠാസൂത്രണത്തിൽ വൈദഗ്ധ്യം നേടുന്നതിന്.

പ്രധാനാശയങ്ങൾ

- ആസൂത്രണം
- വാർഷികാസൂത്രണം
- പ്രതിമാസാസൂത്രണം
- യൂണിറ്റാസൂത്രണം
- ദൈനംദിനാസൂത്രണം
- പഠനോപകരണങ്ങൾ, പഠനവിഭവങ്ങൾ
- ടീച്ചിംഗ് മാന്വൽ

ജ്ഞാനനിർമിതിയിലധിഷ്ഠിതമായ പഠനരീതിയാണ് പാഠ്യപദ്ധതി വിനിമയത്തിൽ സ്വീകരിച്ചിട്ടുള്ളത്. പഠിതാവിന്റെ ആർജിതമായ അറിവിനേയും ആശയപരിസരത്തേയും പരിഗണിച്ചുകൊണ്ട് ഫലപ്രദമായി പഠനപ്രവർത്തനങ്ങൾ ഒരുക്കിക്കൊടുക്കുന്നതിലൂടെ മാത്രമേ സ്വാഭാവികമായ അറിവ് നിർമ്മിച്ചെടുക്കുവാൻ കഴിയുകയുള്ളൂ. വ്യത്യസ്ത ജീവിത സാഹചര്യങ്ങളിൽ നിന്നും വിദ്യാലയത്തിലെത്തുന്ന വിദ്യാർത്ഥികളുടെ ആർജിതമായ അറിവും കഴിവും താൽപര്യങ്ങളും വ്യത്യസ്തമാകും. ഈ വ്യത്യാസങ്ങളെ ഉൾക്കൊണ്ട് ബഹുമുഖബുദ്ധിയുടെ തലങ്ങളും പരിഗണിച്ചുകൊണ്ടാണ് പഠനാനുഭവങ്ങൾ ഒരുക്കേണ്ടത്. അതിനാവശ്യമായ സാമഗ്രികളും ആസൂത്രണ പ്രക്രിയകളും പരിചയപ്പെടുകയാണ് ഈ അധ്യായത്തിലൂടെ. ഭാവി അധ്യാപകർ എന്ന നിലയിൽ അവ സ്വാംശീകരിക്കുകയും പ്രായോഗിക അനുഭവങ്ങൾ നേടുകയും ചെയ്യുമല്ലോ?

ആസൂത്രണം

ഒരു പരിപാടിയുടെയോ പ്രവർത്തനത്തിന്റേയോ ലക്ഷ്യം നേടുന്നതിനുവേണ്ടി മുൻകൂട്ടി തയാറാക്കുന്ന പ്രവർത്തന പദ്ധതിയാണ് ആസൂത്രണം. ഏതു പ്രവർത്തനത്തിന്റേയും ലക്ഷ്യപ്രാപ്തി ശാസ്ത്രീയമായ ആസുത്രണത്തെ ആശ്രയിച്ചിരിക്കുന്നു. വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ ആസൂത്രണപ്രക്രിയയ്ക്ക് പ്രാധാന്യം ഏറെയാണ്. ഫലപ്രദമായ പഠനം സാധ്യമാകണമെങ്കിൽ ആധുനിക മനശാസ്ത്ര സിദ്ധാന്തങ്ങളുടേയും ബോധനശാസ്ത്ര കാഴ്ചപ്പാടുകളുടേയും അടിസ്ഥാനത്തിലുള്ള ആസുത്രണം ആവശ്യമാണ്. പഠിതാക്കളുടെ താൽപര്യവും നിലവാരവും പരിഗണിച്ചുകൊണ്ട് വൈവിധ്യമാർന്ന പഠന പ്രവർത്തനങ്ങൾ ആസുത്രണം ചെയ്യുന്നതിൽ പ്രഥമ സ്ഥാനം അധ്യാപികയ്ക്കുണ്ട്. എല്ലാ കുട്ടികളുടേയും പങ്കാളിത്തം ഉറപ്പു വരുത്തണം. വിദ്യാർത്ഥികേന്ദ്രീകൃതവും പ്രവർത്തനാധിഷ്ഠിതവും പ്രക്രിയാ ബന്ധിതവും, അറിവുനിർമാണത്തിന് സഹായകവുമായ പഠനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യണം. ഇവിടെ ആസൂത്രണപ്രക്രിയ സൂക്ഷ്മതയോടും കാര്യക്ഷമമായും നടക്കേണ്ടതാണ്. പഠന പ്രവർത്തനങ്ങളുടെ ആസൂത്രണപ്രക്രിയയെ വിശദമായി ചർച്ചചെയ്യാം. എതെല്ലാം തലത്തിലുള്ള ആസൂത്രണങ്ങളാണ് നിർവഹിക്കേണ്ടിവരുന്നതെന്ന് നോക്കാം.

- വാർഷികാസൂത്രണം
- പ്രതിമാസാസൂത്രണം
- യൂണിറ്റാസൂത്രണം
- ദൈനംദിനാസൂത്രണം
-

എന്തെല്ലാം സാമഗ്രികളുടെയും/പഠനവിഭവങ്ങളുടേയും സഹായം ഈ ആസൂത്രണ പ്രക്രിയയിൽ ആവശ്യമായിവരും? പരിസരപഠനത്തിന് വേണ്ടിയുള്ള പഠനവിഭവങ്ങൾ എന്തെല്ലാം? പട്ടികപ്പെടുത്തുക.

- കരിക്കുലം
- പാഠപുസ്തകം
- ടീച്ചർടെക്സ്റ്റ്
- റഫറൻസ് ബുക്കുകൾ
- പഠനോപകരണങ്ങൾ
- ICT സാമഗ്രികൾ
- ടീച്ചിംഗ് മാന്വൽ
- പരീക്ഷണശാല
- ജൈവവൈവിധ്യപാർക്ക്
- ....

ഇവയെല്ലാം ഉപയോഗപ്പെടുത്തിയും പരിഗണിച്ചും കൊണ്ടു മാത്രമേ ഒരു അധ്യാപികയ്ക്ക് പഠന പ്രവർത്തനങ്ങൾ ആസുത്രണം ചെയ്യാൻ സാധിക്കുകയുള്ളു.

വാർഷികാസൂത്രണം, പ്രതിമാസ ആസൂത്രണം

വാർഷിക ആസൂത്രണം എന്താണെന്ന് പരിശോധിക്കാം. പാഠ്യപദ്ധതിയനുസരിച്ച് (കരിക്കുലം) ഓരോ ക്ലാസിലും ഓരോ വിഷയത്തിലും കുട്ടികൾക്കു ലഭിക്കേണ്ട പഠനാനുഭവങ്ങളെക്കുറിച്ച് പ്രതിപാദിച്ചിട്ടുണ്ടായിരിക്കും. അതനുസരിച്ച് പാഠപുസ്തകങ്ങളും തയാറാക്കിയിരിക്കും. പാഠ്യപദ്ധതിയും പാഠപുസ്തകവും പരിഗണിച്ച് പരിസരപഠന ക്ലാസിൽ ലഭ്യമാക്കേണ്ട പഠനാനുഭവങ്ങൾ എന്തെല്ലാമെന്ന് മനസ്സിലാക്കുകയാണ് വാർഷികാസൂത്രണത്തിന്റെ ആദ്യഘട്ടം. വിദ്യാഭ്യാസ കലണ്ടർ - (വിദ്യാഭ്യാസ വകുപ്പ് ഓരോവർഷവും പ്രിസിദ്ധീകരിക്കും) പരിശോധിച്ചാൽ ലഭ്യമായ പ്രവൃത്തി ദിനങ്ങൾ, ടേം പരീക്ഷാദിനങ്ങൾ, വിവിധ മേളകൾ തുടങ്ങിയ വിദ്യാലയ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട നിരവധി കാര്യങ്ങൾ അധ്യാപകർക്ക് മനസിലാക്കാം. ഇതിന്റെ അടിസ്ഥാനത്തിൽ ആകെ പാഠഭാഗങ്ങളെ പ്രതിമാസ പ്രവൃത്തിദിനങ്ങളനുസരിച്ച് വിഭജിക്കുന്നു. വിഭജിക്കുമ്പോൾ ആവശ്യമായ പ്രവൃത്തി ദിനങ്ങളുടെ എണ്ണം, ലഭ്യമായ പ്രവൃത്തി ദിനങ്ങളുടെ എണ്ണം, ഉള്ളടക്കവ്യാപ്തി തുടങ്ങിയവ പരിഗണിക്കാം. ഈ പ്രവർത്തനം വിദ്യാഭ്യാസ വകുപ്പ് തയാറാക്കി, സ്കീം ഓഫ് വർക്ക്, വാർഷിക പദ്ധതി തുടങ്ങിയ പേരിൽ ടീച്ചർ ടെക്സ്റ്റിൽ പ്രസിദ്ധീകരിച്ചിരിക്കും. കൂടാതെ ഓരോ അധ്യയന വർഷവും മാറ്റങ്ങൾ വരുത്തിയും പ്രസിദ്ധീകരിക്കാറുണ്ട്. താഴെ നൽകിയിരിക്കുന്ന നാലാം ക്ലാസിലെ പരിസര പഠന സ്കീം ഓഫ് വർക്ക് പരിശോധിക്കാം. നടപ്പുവർഷത്തെ സ്കീം ഓഫ് വർക്കുമായി താരതമ്യം ചെയ്ത് മാറ്റങ്ങൾ കണ്ടെത്തുക.

സ്കീം ഓഫ് വർക്ക്

നമ്പർ	ടേം	യൂണിറ്റിന്റെ പേര്	മാസം	ആകെ മണിക്കൂർ
1	ഒന്നാം ടേം	വയലും വനവും	ജൂൺ	13
2		ഇലയ്ക്കുമുണ്ട് പറയാൻ	ജൂൺ ജൂലൈ	12
3		സ്വാതന്ത്ര്യത്തിലേക്ക്	ജൂലൈ ആഗസ്റ്റ്	11
4.		പക്ഷികളുടെ കൗതുകലോകം	ആഗസ്റ്റ്	9
5	രണ്ടാം ടേം	കലകളുടെ നാട്	സെപ്തംബർ	10
6		മാനത്തേയ്ക്ക്	സെപ്തംബർ ഒക്ടോബർ	10
7		കല്ലായ്... കാറ്റായ്...	ഒക്ടോബർ നവംബർ	14
8		വായിക്കാം... വരയ്ക്കാം	നവംബർ ഡിസംബർ	10
9	മൂന്നാം ടേം	ഇന്ത്യയിലൂടെ	ജനുവരി	14
10		കണ്ണെത്താദൂരത്ത് കൈയെത്താദൂരത്ത്	ജനുവരി ഫെബ്രുവരി	9
11		കൂട്ടുകാർക്കൊരു കരുതൽ	ഫെബ്രുവരി	8
12		നാടിനെ അറിയാൻ	മാർച്ച്	8
നിരന്തരമൂല്യനിർണയം, ടേം മൂല്യനിർണയം				

താരതമ്യം ചെയ്ത് വ്യത്യാസങ്ങൾ കണ്ടെത്തിയോ?

എന്തെല്ലാം മാറ്റങ്ങൾ നടപ്പുവർഷത്തിൽ കാണാൻ കഴിഞ്ഞു?

സ്കീം ഓഫ് വർക്കിൽ നിന്നും എന്തെല്ലാം കാര്യങ്ങൾ ലഭിക്കുന്നു?

> വിശകലനത്തിന്റെ അടിസ്ഥാനത്തിൽ വാർഷികാസൂത്രണം - സ്കീം ഓഫ് വർക്ക് എന്ത്? എന്തിന്? - എന്ന തലക്കെട്ട് നൽകി കുറിപ്പ് തയാറാക്കുക.

യൂണിറ്റാസൂത്രണം

സ്കീം ഓഫ് വർക്ക് അനുസരിച്ച് ഓരോ മാസവും വിനിമയം ചെയ്യേണ്ട യൂണിറ്റുകൾ കൃത്യതപ്പെടുത്തിയിട്ടുണ്ട്. ഓരോ യുണിറ്റും വിനിമയത്തിന് മുൻപ് സമഗ്രമായി ആസുത്രണം ചെയ്യേണ്ടതുണ്ട്. അധ്യാപകവിദ്യാർത്ഥികളെ സംബന്ധിച്ച് ബോധനശാസ്ത്രപരമായ അപഗ്രഥനമായി ഇതിനെ പരിഗണിക്കണം. അതിനാൽ എല്ലാ ഘടകങ്ങളും പരിഗണിച്ചുകൊണ്ട് സമഗ്രമായ ഒരു ആസൂത്രണ പ്രക്രിയയാണ് ഇവിടെ നടക്കേണ്ടത്. എന്തെല്ലാം പരിഗണിക്കണം?

- യൂണിറ്റിലൂടെ ലക്ഷ്യമിടുന്ന പഠന നേട്ടങ്ങൾ
- ആശയങ്ങൾ, ധാരണകൾ
- പഠന സംവിധാനങ്ങൾ/ തന്ത്രങ്ങൾ (ലാബ്, ലൈബ്രറി, ക്ലാസുകൾ etc)
- ലഭ്യമായ സമയം
- പഠനപ്രവർത്തനങ്ങൾ
- പഠന സാമഗ്രികൾ (ടീച്ചർ ടെക്സ്റ്റ്, പാഠപുസ്തകം, റഫറൻസ്, ICT സാധ്യതകൾ etc.)
- മൂല്യങ്ങൾ, മനോഭാവങ്ങൾ
- വിലയിരുത്തൽ സാധ്യതകൾ
- ഉണ്ടാകേണ്ട ഉത്പന്നങ്ങൾ
- ....

ഇവയെല്ലാം പരിഗണിച്ചുകൊണ്ട്, പഠിതാക്കളുടെ പൊതു നിലവാരം പരിസരപഠന സമീപനം എന്നിവയിലൂന്നിയ ആസൂത്രണമാണ് ഈ ഘട്ടത്തിൽ നടക്കേണ്ടത്. പരിസരത്തെക്കുറിച്ച് പരിസരത്തിലൂടെ, പരിസരത്തിനുവേണ്ടി '5E' ഘട്ടങ്ങൾ ഉൾപ്പെടുന്ന പ്രക്രിയയാണ് നമ്മൾ സ്വീകരിച്ചിട്ടുള്ളത്. നിത്യജീവിതസന്ദർഭങ്ങളുമായി ബന്ധപ്പെടുത്തുന്നതായിരിക്കണം പരിസരപഠനം. വിവരങ്ങൾ ശേഖരിക്കുക ശേഖരിച്ച വിവരങ്ങൾ വിശകലനം ചെയ്യുക. നിഗമനത്തിൽ എത്തിച്ചേരുക, പുതിയ സാഹചര്യത്തിൽ പ്രയോഗിക്കുക തുടങ്ങിയ ശേഷികൾ വികസിപ്പിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ ആസുത്രണത്തിൽ ഉറപ്പുവരുത്തുന്നു. വിദ്യാലയത്തിൽ ലഭ്യമായ പഠന സംവിധാനങ്ങൾ, പഠന വിഭവങ്ങൾ എന്നിവയുടെ ഉപയോഗം ഉറപ്പുവരുത്തുന്ന വൈവിധ്യമാർന്ന പഠന തന്ത്രങ്ങൾ ആവിഷ്കരിക്കണം.

യൂണിറ്റാസുത്രണത്തിൽ പരിഗണിക്കുന്ന വിവിധ ഘടകങ്ങളെ വിശദമായി പരിശോധിക്കാം.

1. പഠന നേട്ടങ്ങൾ

പഠന പ്രവർത്തനങ്ങളുടെ ഫലമായി കുട്ടികൾക്ക് ലഭ്യമാകേണ്ട അറിവ്, ശേഷികൾ, മനോഭാവങ്ങൾ, മൂല്യങ്ങൾ എന്നിവ ഉൾപ്പെടുന്നതാണിത്. ഇങ്ങനെ കുട്ടിയിലുണ്ടാവേണ്ട മാറ്റങ്ങളെ മുൻകൂട്ടി നിശ്ചയിക്കാൻ നമുക്ക് സാധിക്കും. ഓരോ യൂണിറ്റിലും നൽകുന്ന പഠനപ്രവർത്തനങ്ങളിലൂടെ നേടുന്ന പഠനനേട്ടങ്ങൾ വികസിച്ച് ഒരു വിഷയത്തിന്റെ പഠനനേട്ടമായി മാറുന്നു. ഇങ്ങനെ പരിസരപഠനത്തിലൂടെ ആർജിക്കേണ്ട അറിവ്, ശേഷികൾ, മനോഭാവങ്ങൾ, മൂല്യങ്ങൾ എന്നിവ ഉൾക്കൊള്ളുന്നതാണ് പരിസര പഠനത്തിലെ പഠനനേട്ടങ്ങൾ. ഇവ നിരീക്ഷിക്കാവുന്നതും അളക്കാൻ കഴിയുന്നതും ആയിരിക്കും. ഹ്രസ്വവും ദീർഘവുമായ കാലയളവിൽ നേടുന്ന പഠനനേട്ടങ്ങളും ഉണ്ടായിരിക്കും.

പരിസര പാഠപുസ്തകവും ടീച്ചർ ടെക്സ്റ്റും പരിശോധിച്ച് ഓരോ യൂണിറ്റിലും നൽകിയിട്ടുള്ള പഠനനേട്ടങ്ങൾ എന്തെല്ലാം എന്ന് കണ്ടെത്തുക. സവിശേഷതകൾ വിലയിരുത്തുക.

2. ആശയങ്ങൾ, ധാരണകൾ

വിവിധ യൂണിറ്റുകളിലായി ഉൾപ്പെടുത്തിയിട്ടുള്ള ഉള്ളടക്കത്തെ മൂന്ന് വിഭാഗങ്ങളായി തിരിക്കാവുന്നതാണ്. പ്രകൃതിദത്ത പരിസരം, മനുഷ്യനിർമ്മിത പരിസരം, സാമൂഹ്യ പരിസരം തുടങ്ങിയ ഉള്ളടക്ക മേഖലകളാണ് പരിസരപഠനത്തിൽ കാണാവുന്നത്. ചുറ്റുപാട്, സസ്യങ്ങൾ, ജന്തുക്കൾ, നദികൾ, സൗരയൂഥം, കാലാവസ്ഥ തുടങ്ങിയവ ഒന്നാം മേഖലയിലും റോഡുകൾ, ഉപകരണങ്ങൾ, വാഹനങ്ങൾ തുടങ്ങിയവ രണ്ടാം മേഖലയിലും ആചാരങ്ങൾ, വിശ്വാസങ്ങൾ, പ്രാദേശിക ചരിത്രം, സ്ഥാപനങ്ങൾ തുടങ്ങിയവ മൂന്നാം മേഖലയിലും ഉൾപ്പെടുന്നുവെന്ന് നേരത്തെ മനസ്സിലാക്കിയിട്ടുണ്ടല്ലോ. വിവിധ പഠനപ്രവർത്തനങ്ങളിലൂടെ കടന്നു പോകുമ്പോൾ കുട്ടികൾ നേടുന്ന അറിവുകളാണ് ആശയങ്ങൾ, ധാരണകൾ. ആശയങ്ങളുടെ സമഗ്രതയും അവ തമ്മിലുള്ള ബന്ധവും മനസിലാക്കാനായി ആശയ ചിത്രീകരണം നടത്താവുന്നതാണ് (Concept map)

3,4 ക്ലാസുകളിലെ പരിസരപഠന പാഠഭാഗങ്ങളിലുടെ ആർജിക്കേണ്ട ആശയങ്ങൾ, ധാരണകൾ എന്തെല്ലാമെന്ന് കണ്ടെത്തുക.

3. മൂല്യങ്ങൾ, മനോഭാവങ്ങൾ

പാഠ്യപദ്ധതി ഉള്ളടക്കം വിനിമയം ചെയ്യുന്നതിലൂടെ വിദ്യാർഥികളിൽ മാനവിക മൂല്യങ്ങളും, ഭരണഘടനാ മൂല്യങ്ങളും സാമൂഹിക പ്രതിബദ്ധതയും വളർന്നുവരണമെന്ന് വിഭാവനം ചെയ്തിട്ടുണ്ട്. ഇവയെല്ലാം ഒരു ക്ലാസിലോ ഒരു വിഷയത്തിലോ നേടേണ്ടവയല്ല; ദീർഘകാലം കൊണ്ട് വളർന്നു വരേണ്ട മനോഭാവങ്ങളും പെരുമാറ്റ ശീലങ്ങളും ആണ്.

- ജനാധിപത്യ ബോധം
- സമത്വം
- സഹിഷ്ണുത
- സർഗാത്മകചിന്ത
- പൈതൃകത്തോടുള്ള ആദരവ്
- മതനിരപേക്ഷത
- പൗരധർമ്മം
- അവകാശബോധം
- ശാസ്ത്രീയ മനോഭാവം
- നിയമബോധം
- വിഭവസംരക്ഷണബോധം
- ശുചിത്വ ശീലങ്ങൾ
- ലഹരിവിരുദ്ധ മനോഭാവം

- ലിംഗ നീതി
- മിതവ്യയ ശീലം
- റോഡു സുരക്ഷ
- സഹജീവിസ്നേഹം
- ....

തുടങ്ങിയവ വിവിധ ഘട്ടങ്ങളിലും സന്ദർഭങ്ങളിലും ലഭിക്കുന്ന പഠനാനുഭവങ്ങളിൽ നിന്നും പരിസരത്തുനിന്നും കുട്ടികൾ ആർജിച്ചെടുക്കുന്നുണ്ട്. യൂണിറ്റാസൂത്രണ പ്രക്രിയയിൽ ഇവയും പരിഗണിക്കപ്പെടണം.

4. പഠന പ്രവർത്തനങ്ങൾ, പ്രക്രിയകൾ

പരിസര പഠനത്തിന്റെ രീതിശാസ്ത്രം നേരത്തെ ചർച്ച ചെയ്തുവല്ലോ. അന്വേഷണാത്മകവും പ്രക്രിയാബന്ധിതവും അറിവു നിർമ്മാണത്തിന് യോജിച്ച രീതിയിലുള്ള വൈവിധ്യമാർന്ന പഠന പ്രവർത്തനങ്ങളുമാണ് പരിസര പഠനത്തിൽ ആസൂത്രണം ചെയ്യേണ്ടത്. ഗ്രൂപ്പുചർച്ച, സംവാദം, അഭിമുഖം, ഫീൽഡ്ട്രിപ്പ്, പ്രോജക്ട് തുടങ്ങിയ സാധ്യതകളും പരിഗണിച്ചു വേണം പഠന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യണ്ടത്. താഴെ പറയുന്ന സാധ്യതകൾ കൂടി ആസൂത്രണം ചെയ്യുമ്പോൾ പരിഗണിക്കണം.

- എല്ലാ കുട്ടികൾക്കും പഠനനേട്ടങ്ങൾ ആർജിക്കാൻ കഴിയണം
- '5E' ഘട്ടങ്ങൾ പാലിക്കുവാൻ ശ്രമിക്കണം
- പ്രക്രിയാ ശേഷികളുടെ വികാസ സാധ്യതകൾ
- പഠന വിഭവങ്ങൾ കണ്ടെത്തി പ്രയോജനപ്പെടുത്തണം.
- ICT സാധ്യതകൾ ഉപയോഗപ്പെടുത്തണം
- കലാ-കായിക-പ്രവൃത്തിപരിയ ശേഷികളെ ഉദ്ഗ്രഥിക്കാനുള്ള സാധ്യതകൾ
- ജീവിത നൈപുണി വികാസ സാധ്യതകൾ
- നിരന്തരവും സമഗ്രവുമായ വിലയിരുത്തൽ സാധ്യതകൾ
- ....

5. പഠന വിഭവങ്ങളും പഠന സംവിധാനങ്ങളും

പാഠ്യപദ്ധതി വിനിമയം ചെയ്യുന്നതിന് ഉപയോഗിക്കുന്ന ഘടകങ്ങളാണ് പഠന വിഭവങ്ങൾ. പഠന പ്രക്രിയയുടെ പരിപൂർണതക്ക് ഇവ ഉപയോഗപ്പെടുത്തേണ്ടിവരും.

ലൈബ്രറി, ലാബ്, പഠനോപകരണങ്ങൾ, കമ്പ്യൂട്ടർലാബ്, പരീക്ഷണമൂല, ICT ഉപകരണങ്ങൾ, മേളകൾ, ക്ലബുകൾ, ചർച്ചാവേദികൾ, പഠനയാത്രകൾ തുടങ്ങിയ പഠനസംവിധാനങ്ങൾക്കു പുറമെ താഴെ പറയുന്ന സാമഗ്രികളും ഉപയോഗപ്പെടുത്തണം.

- പാഠപുസ്തകം
- ടീച്ചർ ടെക്സ്റ്റ്
- റഫറൻസ് പുസ്തകം
- ശാസ്ത്ര മാസികകൾ

- ലഘു ലേഖകൾ
- ചിത്രങ്ങൾ
- വീഡിയോകൾ
- പ്രസന്റേഷനുകൾ
- ....

വിലയിരുത്തൽ സാധ്യതകൾ

ആസുത്രണത്തിൽ പരിഗണിക്കേണ്ട പ്രധാനപ്പെട്ട ഘടകമാണ് വിലയിരുത്തൽ. പഠനം ഫലപ്രദമാക്കുന്നതിനും ലക്ഷ്യം നേടുന്നതിനും പഠനത്തോടൊപ്പമുള്ള വിലയിരുത്തലും പഠനാവസാനമുള്ള വിലയിരുത്തലും തുല്യ പ്രാധാന്യം അർഹിക്കുന്നു. വിലയിരുത്തലുമായി ബന്ധപ്പെട്ടകാര്യങ്ങൾ മൂന്നാം യൂണിറ്റിൽ ചർച്ച ചെയ്യുന്നുണ്ട്. ഈ സാധ്യതകളും യൂണിറ്റാസൂത്രണത്തിൽ പരിഗണിക്കണം.

ടീച്ചർ ടെക്സറ്റും സ്റ്റുഡന്റ് ടെക്സ്റ്റും

അധ്യാപികയുടെ ദൈനംദിനാസൂത്രണത്തിന് സഹായകമായതും പാഠപുസ്തകത്തിലെ പ്രവർത്തനങ്ങൾ നിർവഹിക്കുന്നതിന് ആവശ്യമായ മാർഗ നിർദേശങ്ങൾ നൽകുന്നതും, അധിക വിവരങ്ങൾ കണ്ടെത്താൻ സഹായിക്കുന്നതും ആണ് ടീച്ചർ ടെക്സ്റ്റ്. പാഠപുസ്തകത്തിലെ പ്രവർത്തനങ്ങൾ, പ്രവർത്തനങ്ങൾ, വിലയിരുത്തൽ മാതൃകകൾ, വിനിമയതന്ത്രങ്ങൾ എന്നിവ ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ടീച്ചർടെക്സ്റ്റിന്റെ അവതരണ രീതി എന്താണെന്ന് നോക്കാം.

- ആമുഖം
- യൂണിറ്റ് ഫ്രെയിം
- ആശയ ചിത്രീകരണം
- യൂണിറ്റിലേക്ക്
- ടീച്ചർ അറിയാൻ
- വിലയിരുത്തൽ - Work sheet - കുട്ടിയുടെ വിലയിരുത്തൽ
- റഫറൻസ്

എന്നീ തലവാചകങ്ങളിലൂടെയാണ് ഓരോ യുണിറ്റും ആവതരിപ്പിച്ചിരിക്കുന്നത്.

> 3,4 ക്ലാസുകളിലെ പരിസരപഠനം ടീച്ചർ ടെക്സ്റ്റ് പരിശോധിച്ച് ഓരോ ഭാഗത്തും നൽകിയ വിവരങ്ങൾ പാഠഭാഗങ്ങളുടെ ആസൂത്രണത്തിന് എത്രത്തോളം സഹായകമാണെന്ന് വിലയിരിത്തുക.

പഠനം ഫലപ്രദമാക്കുന്നതിൽ പാഠപുസ്തകത്തിന്റെ പങ്ക് വളരെ വലുതാണ്. അധ്യാപികയ്ക്കും രക്ഷിതാവിനും ഉപയോഗപ്രദമാണെങ്കിലും കുട്ടികളെ ലക്ഷ്യംവച്ചാണ് പാഠപുസ്തകം തയ്യാറാക്കിയിരിക്കുന്നത്. കുട്ടികൾക്ക് സ്വയം ഏറ്റെടുത്ത് നടത്താൻ കഴിയുന്നതും ടീച്ചറുടെ സഹായത്തോടെ നടത്താൻ കഴിയുന്നതുമായ ധാരാളം പ്രവർത്തനങ്ങൾ സ്റ്റുഡന്റ് ടെക്സ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പാഠഭാഗങ്ങളുടെ വളർച്ചയും തുടർച്ചയും ഉറപ്പുവരുത്തിയും ആവശ്യമായ വിശദീകരണങ്ങളും ചിത്രങ്ങളും ഉൾപ്പെടുത്തിയും ആകർഷകമായാണ് പരിസരപഠനം പുസ്തകം തയ്യാറാക്കിയിട്ടുള്ളത്.

- പ്രവർത്തന സാധ്യതകൾ
- ചർച്ചാ സൂചകങ്ങൾ - ക്രോഡീകരണം
- വിലയിരുത്തൽ ചോദ്യങ്ങൾ
- പഠനനേട്ടങ്ങൾ തുടങ്ങിയ ഒട്ടേറെ വിവരങ്ങൾ ഉൾപ്പെടുന്നതാണ് പാഠപുസ്തകം.

ദൈനംദിനാസൂത്രണവും ടീച്ചിംഗ് മാന്വലും

യൂണിറ്റാസൂത്രണത്തിന്റെ അടിസ്ഥാനത്തിൽ ഓരോ ദിവസവും എന്തു പഠനപ്രവർത്തനമാണ് നടക്കേണ്ടതെന്ന് മുൻകൂട്ടി തീരുമാനിച്ച് ആവശ്യമായ തയ്യാറെടുപ്പ് നടത്തുന്നതാണ് ദൈനം ദിനാസൂത്രണം. പാഠഭാഗത്തെ ആശയ തലത്തിൽ പരിശോധിച്ച് ഒരാശയം പൂർത്തിയാക്കുന്ന തരത്തിൽ ഒന്നോ ഒന്നിലധികമോ ദിവസങ്ങൾക്കുള്ള മൊഡ്യൂൾ ആയാണ് വിദ്യാലയങ്ങളിൽ ആസൂത്രണം നടത്തുന്നത്. എന്നാൽ അധ്യാപകവിദ്യാർത്ഥികൾ എന്ന നിലയ്ക്ക് പരിശീലന കാലഘട്ടത്തിൽ ആശയങ്ങൾ പരിഗണിച്ചും പഠനനേട്ടം പരിഗണിച്ചും ഒരു പിരിയഡിലേക്കുള്ള പഠനപ്രവർത്തനമാണ് ദൈനംദിനാസൂത്രണത്തിൽ നടത്തേണ്ടത്.

ടീച്ചിംഗ് മാന്വൽ

യൂണിറ്റാസൂത്രണവും ദൈനം ദിനാസൂത്രണവും തയ്യാറാക്കി രേഖപ്പെടുത്താനുള്ള അടിസ്ഥാന രേഖയാണ് ടീച്ചിംഗ് മാന്വൽ. ടീച്ചിംഗ് മാന്വൽ തയാറാക്കുമ്പോൾ താഴെ പറയുന്നവ പരിഗണി ക്കണം.

1. പഠന നേട്ടങ്ങൾ
2. ആശയങ്ങൾ/ധാരണകൾ, ആശയചിത്രീകരണം
3. മുന്നറിവുകൾ
4. ശേഷികൾ
5. മൂല്യങ്ങൾ/മനോഭാവങ്ങൾ
6. പഠന സാമഗ്രികൾ
7. പ്രതീക്ഷിക്കുന്ന ഉത്പന്നങ്ങൾ
8. സമയം
9. പ്രവർത്തനഘട്ടങ്ങൾ രേഖപ്പെടുത്തിയ പ്രക്രിയാ പേജ്
10. വിലയിരുത്തൽ വിവരങ്ങൾ രേഖപ്പെടുത്തുന്ന വിലയിരുത്തൽ പേജ്
11. വിലയിരുത്തൽ പേജിലെ വിവരങ്ങൾ അടിസ്ഥാനമാക്കിയുള്ള റിഫ്ളക്ഷൻ കുറിപ്പുകൾ (പ്രതിഫലനാത്മക ചിന്ത)
12. തുടർ പ്രവർത്തനങ്ങൾ

പഠനനേട്ടങ്ങൾ ആർജിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങളുടെ സൂക്ഷ്മാംശങ്ങൾ ഉൾപ്പെടു ത്തിയാണ് ടീച്ചിംഗ് മാന്വൽ തയാറാക്കുന്നത്. കുട്ടികൾ ചെയ്യേണ്ടവ, അധ്യാപികയുടെ ടീച്ചർ വേർഷൻ, രൂപപ്പെടേണ്ട ആശയങ്ങൾ എന്നിവ മുൻകൂട്ടി തയാറാക്കുന്നു. ഓരോ പ്രവർത്തന ശേഷവും കുട്ടികളുടെ പ്രതികരണവും, ലക്ഷ്യം നേടുന്നതിനുള്ള പരിമിതികളും പ്രക്രിയാ പേജിൽ രേഖപ്പെടുത്തണം. അതിന്റെയടിസ്ഥാനത്തിലാണ് റിഫ്ളക്ഷൻ കുറിപ്പുകൾ എഴുതുന്നത്.

യൂണിറ്റാസൂത്രണം, ടീച്ചിംഗ് മാന്വലിലെ ദൈനംദിനാസൂത്രണം എന്നിവയുടെ മാതൃക പരി ശോധിക്കുക. ഉള്ളടക്കം പരിശോധിച്ച്

- പ്രാഥമിക വിവരങ്ങൾ
- പ്രക്രിയ പേജ്
- പ്രതികരണ പേജ്
- പ്രതിഫലനാത്മക ചിന്ത
- പ്രതിഫലനാത്മക കുറിപ്പ്

എന്നിവയുടെ പ്രസക്തി ചർച്ചചെയ്ത് കുറിപ്പ് തയാറാക്കുക.

3,4 ക്ലാസുകളിലെ പരിസരപഠനം പാഠപുസ്തകം പരിശോധിച്ച് ശാസ്ത്ര - സാമൂഹ്യ ശാസ്ത്ര പാഠഭാഗങ്ങൾ ഉൾപ്പെടുന്ന രണ്ടുവീതം ബോധനശാസ്ത്രപരമായ അപഗ്രഥനവും (യൂണിറ്റാസൂത്രണം) അതിനെ അടിസ്ഥാനമാക്കിയുള്ള ദൈനംദിനാസൂത്രണവും തയാറാക്കുക.

Reference books

1. ടീച്ചർ ടെക്സ്റ്റ് Std 3, 4 പരിസരപഠനം - SCERT, Kerala
2. സ്റ്റുഡന്റ് ടെക്സ്റ്റ് Std 3, 4 പരിസരപഠനം - SCERT, Kerala

അനുബന്ധം – 1

യൂണിറ്റാസൂത്രണം

പ്രാഥമിക വിവരങ്ങൾ :

അധ്യാപക വിദ്യാർത്ഥിയുടെ പേര്:
വിദ്യാലയത്തിന്റെ/സ്ഥാപനത്തിന്റെ പേര്:
നമ്പർ :

ക്ലാസ് : 4
വിഷയം : പരിസരപഠനം
യൂണിറ്റ് 8 : വായിക്കാം വരയ്ക്കാം
ആകെ സമയം : 5 മണിക്കൂർ

ഉള്ളടക്ക വിശകലനം

- ഭൂപടം
- ഭൂപട സൂചികകൾ
- വശങ്ങൾ, ദിക്കുകൾ
- വടക്കുനോക്കി യന്ത്രം
- ദിക്കുകളുടെ കൃത്യത
- സ്കൂൾ കോമ്പൗണ്ടിന്റെ രേഖാചിത്രം
- പഞ്ചായത്ത് ഭൂപടം
- എന്റെ ജില്ല:

  (ജില്ലയുടെ പേര്, ആസ്ഥാനം, അതിരുകൾ, ദിക്ക്, വിനോദ സഞ്ചാരകേന്ദ്രങ്ങൾ, നദികൾ, ജലാശയങ്ങൾ, പ്രധാന സ്ഥലങ്ങൾ, പ്രധാന സ്ഥാപനങ്ങൾ)

പഠന നേട്ടങ്ങൾ

- സൂചികകൾ ഉപയോഗിച്ച് കേരളത്തിന്റെ ഭൂപടം വായിക്കുന്നു.
- ഭൂപടത്തിൽ ചിഹ്നങ്ങൾ ഉപയോഗിച്ച് വിഭവങ്ങൾ അടയാളപ്പെടുത്തുന്നു.
- ക്ലാസ് മുറിയുടെ രൂപരേഖ ദിശ പാലിച്ച് വരക്കുന്നു.
- വടക്കുനോക്കിയന്ത്രം ഉപയോഗിച്ച് ദിക്കുകൾ കൃത്യമായി കണ്ടു പിടിക്കുന്നു.
- ഭൂപടങ്ങളിൽ ചിഹ്നങ്ങൾ ഉപയോഗിച്ച് വിഭവങ്ങൾ അടയാളപ്പെടുത്തുന്നു.
- പഞ്ചായത്തിന്റെ ഭൂപടം വായിച്ച് വിഭവങ്ങൾ പട്ടികയാക്കുന്നു.
- ഭൂപടത്തിൽ ചിഹ്നങ്ങൾ ഉപയോഗിച്ച് പ്രധാന വിഭവങ്ങൾ അടയാളപ്പെടുത്തുന്നു.
- ജില്ലാ ഭൂപടം നിരീക്ഷിച്ച് പ്രധാന വിഭവങ്ങൾ ചിത്രീകരിക്കുന്നു.
- മുന്നറിവുകൾ
- പ്രക്രിയാശേഷികൾ

മുന്നറിവുകൾ

മൂന്നാം ക്ലാസിൽ ദിക്കുകൾ മനസിലാക്കിയിട്ടുണ്ട്. ജില്ലകളും സ്ഥലങ്ങളും പഠിച്ചിട്ടുണ്ട്.

പ്രക്രിയാശേഷികൾ

ഭൂപട നിരീക്ഷണം, രേഖാചിത്രം വരക്കൽ, വടക്കുനോക്കി യന്ത്രം കൈകാര്യം ചെയ്യൽ, ഭൂപടങ്ങളിൽ കൃത്യതയോട അടയാളപ്പെടുത്തൽ.

പഠനപ്രവർത്തനങ്ങൾ/പ്രകിയകൾ	പടനനേട്ടങ്ങൾ	പഠനസാമഗ്രികൾ	ഉൽപ്പന്നം	മുല്യങ്ങൾ മനോഭാവങ്ങൾ	വിലയിരുത്തൽ
• ഭൂപട വായനയുടെ പ്രാധാന്യം - ചർച്ച • ഭൂപടം വായിക്കാം, കുറിപ്പ് തയാറാക്കാം • ഭൂപട സൂചികകൾ ഉപയോഗിച്ച് പ്രധാന സവിശേഷതകൾ/വിഭവങ്ങൾ കേരള ഭൂപടത്തിൽ ചേർക്കന്നു. • സൂചിക നിർമ്മിക്കാം. Work sheet	• സൂചികകൾ ഉപയോഗിച്ച് കേരളത്തിന്റെ ഭൂപടം വായിക്കുന്നു. • ഭൂപടത്തിൽ ചിഹ്നങ്ങൾ ഉപയോഗിച്ച് വിഭവങ്ങൾ അടയാളപ്പെടുത്തുന്നു.	• പാഠഭാഗത്തെ ചിത്രം • കേരള ഭൂപടം • ഭൂപട സൂചികകൾ	• ഭൂപടം	• തന്റെ പ്രദേശത്തിന്റെ സവിശേഷതകളിൽ അഭിമാനം കൊള്ളുന്നു.	• ചർച്ചാ പങ്കാളിത്തം • തയാറാക്കിയ കുറിപ്പ്
• ക്ലാസുമുറിയുടെ രേഖാ ചിത്രംവരക്കൽ. • ദിശാസൂചകം പരിചയപ്പെടൽ • ദിക്കുകൾ • വടക്കുനോക്കിയന്ത്രം ഉപയോഗിച്ചു ദിക്കുകൾ നിരീക്ഷിക്കൽ. • രേഖാ ചിത്രത്തിലെ ദിക്കുകൾ കൃത്യതപ്പെടുത്തൽ. • ഏതു ദിക്കിൽ - Work sheet	• ക്ലാസ്സുമുറിയുടെ രൂപരേഖ ദിശപാലിച്ച് വരക്കുന്നു. • വടക്കുനോക്കിയന്ത്രം ഉപയോഗിച്ച് ദിക്കുകൾ കൃത്യമായി കണ്ടുപിടിക്കുന്നു.	• ദിശാസൂചകം • രേഖാചിത്രം, വടക്കുനോക്കി യന്ത്രം worksheet	• ക്ലാസ് രൂപരേഖ • പൂർത്തിയാക്കിയ വർക്ക്ഷീറ്റ്	• ഊഴമിട്ട് കാത്ത് നിൽക്കുമ്പോൾ അച്ചടക്കം.	• ക്ലാസുമുറിയുടെ രേഖാ ചിത്രത്തിന്റെ കൃത്യത
• സ്കൂൾ കൊമ്പൗണ്ടിന്റെ രേഖാചിത്രം വരച്ച് - കെട്ടിടങ്ങൾ, കിണർ, പാചകപ്പുര, ഓഫീസ്, കൊടിമരം ടോയ്ലറ്റ് etc.... ചിഹ്നങ്ങൾ ഉപയോഗിച്ച് രേഖപ്പെടുത്തൽ.	• ഭൂപടങ്ങളിൽ ചിഹ്നങ്ങൾ ഉപയോഗിച്ച് വിഭവങ്ങൾ അടയാളപ്പെടുത്തുന്നു.	• സൂചികകൾ	• സ്കൂൾ കൊമ്പൗണ്ടിന്റെ രേഖ ചിത്രം		• സ്കൂൾ കാമ്പൗണ്ടിന്റെ രേഖാചിത്രം
• പഞ്ചായത്തിന്റെ ഭൂപടം/രേഖാചിത്രം നിരീക്ഷിച്ച് വിഭവങ്ങൾ പട്ടികയാക്കൽ • സ്വന്തം പഞ്ചായത്തിന്റെ ഭൂപടത്തിൽ വിഭവങ്ങൾ അടയാളപ്പെടുത്തൽ • ശരിയേത്? Worksheet പൂർത്തിയാക്കൽ	• പഞ്ചായത്തിന്റെ ഭൂപട വായിച്ച് വിഭവങ്ങൾ പട്ടികയാക്കുന്നു. • ഭൂപടത്തിൽ ചിഹ്നങ്ങൾ ഉപയോഗിച്ച് പ്രധാന വിഭവങ്ങൾ അടയാളപ്പെടുത്തുന്നു.	• പഞ്ചായത്തുഭൂപടം	• വർക്ക്ഷീറ്റ് • പഞ്ചായത്ത് വിഭവ ഭൂപടം	• വിസ്തൃതമായ പ്രദേശത്തെ ചെറിയ കടലാസിലേക്ക് പകർത്താൻ കഴിയുമെന്ന് വിസ്മയിക്കുന്നു.	• വിഭവപട്ടിക • സൂചികകളുപയോഗിച്ച് വിഭവങ്ങൾ രേഖപ്പെടുത്തിയതിന്റെ കൃത്യത
• ജില്ലകളുടം ഭൂപടം നിരീക്ഷിക്കുക. • ജില്ലയുടെ ഭൂപടം വരച്ച് വിഭവങ്ങൾ സൂചികകൾ ഉപയോഗിച്ച് അടയാളപ്പെടുത്തൽ. • ചിഹ്നങ്ങൾ - സൂചികകൾ worksheet പൂർത്തിയാക്കൽ	• ജില്ലാ ഭൂപടം നിരീക്ഷിച്ച് പ്രധാന വിഭവങ്ങൾ ചിത്രീകരിക്കുന്നു.	• ജില്ലാ ഭൂപടം • വിഭവ പട്ടിക • അറ്റ്ലസ് • ഇയർ ബുക്ക് • ICT	• ജില്ലയുടെ വിവഭ ഭൂപടം	• നമ്മുടെ നാടിന്റെ പ്രകൃതി വിഭവ സമ്പത്തിൽ അഭിമാനിക്കുന്നു	• ജില്ലാ ഭൂപട വിഭവങ്ങൾ രേഖപ്പെടുത്തിയതിന്റെ കൃത്യത

ദൈനംദിനാസൂത്രണം

പാർട്ട്. എ

പ്രാഥമിക വിവരങ്ങൾ	:	
അധ്യാപക വിദ്യാർത്ഥിയുടെ പേര്	:	
സ്ഥാപനത്തിന്റെ പേര്	:	
ക്ലാസ്	:	IV തീയതി :
വിഷയം	:	പരിസരപഠനം
യൂണിറ്റ്	:	വായിക്കാം വരയ്ക്കാം
പ്രതീക്ഷിക്കുന്ന സമയം	:	45 മിനിറ്റ്

പാർട്ട്. ബി

പഠനനേട്ടങ്ങൾ	:	1. സൂചികകൾ ഉപയോഗപ്പെടുത്തി കേരളത്തിന്റെ ഭൂപടം വായിക്കുന്നു 2. സൂചികകൾ ഉപയോഗിച്ച് പ്രധാന വിഭവങ്ങൾ ഭൂപടത്തിൽ അടയാളപ്പെടുത്തുന്നു.
ആശയങ്ങൾ	:	ഭൂപടങ്ങൾ, രേഖാചിത്രം, ഭൂപടസൂചികകൾ
ശേഷികൾ	:	ഭൂപടങ്ങൾ നിരിക്ഷിക്കൽ, കൃത്യതയോടെ അടയാളപ്പെടുത്തൽ
മുന്നറിവുകൾ	:	ദിക്കുകൾ അറിയാം, സ്ഥലപ്പേരുകൾ അറിയാം
മൂല്യങ്ങൾ/മനോഭാവങ്ങൾ	:	1. തന്റെ പ്രദേശത്തിന്റെ സവിശേഷതകളിൽ അഭിമാനം കൊള്ളുന്നു. 2. വിസ്തൃത പ്രദേശത്തെ ചെറിയ കടലാസിലേക്ക് പകർത്താൻ കഴിയുമെന്ന് വിസ്യം കൊള്ളുന്നു
പഠന സാമഗ്രികൾ	:	കേരള ഭൂപടം/അറ്റ്ലസ്, ഭൂപട സൂചികകൾ
പ്രതീക്ഷിത ഉത്പന്നങ്ങൾ	:	കേരളത്തിന്റെ ഭൂപടം നിരീക്ഷിച്ച് തയാറാക്കിയ കുറിപ്പ് സൂചകങ്ങൾ അടയാളപ്പെടുത്തിയ ഭൂപടം/രേഖാചിത്രം

പാർട്ട്. സി

പഠന പ്രവർത്തനങ്ങൾ	വിലയിരുത്തൽ
I പ്രവേശക പ്രവർത്തനം: • പാഠഭാഗത്തെ സഞ്ചാരിയുടെ ചിത്രം നിരീക്ഷിക്കു. ചിത്രത്തെ അടിസ്ഥാനമാക്കി ചർച്ച. ചർച്ചാ സൂചകങ്ങൾ: സഞ്ചാരി എന്താണ് നിരീക്ഷിക്കുന്നത്? ഭൂപടത്തിൽ നിന്നും എന്തെല്ലാം മനസിലാക്കാം?	ചർച്ചയിലെ പങ്കാളിത്തം

പഠന പ്രവർത്തനങ്ങൾ	വിലയിരുത്തൽ

• ഭൂപടവായന-പ്രാധാന്യം ക്രോഡീകരിക്കുന്നു.
• മൂന്നാം ക്ലാസിൽ കേരളത്തിലെ സ്ഥലങ്ങൾ പരിചയപ്പെട്ടത് ഓർമ്മിപ്പിക്കാം
  • ദിശ അറിയാം
  • വഴി കണ്ടു പിടിക്കാം
  • ദൂരം അറിയാം
  • പോകേണ്ട സ്ഥലം കണ്ടെത്താം
  • വിനോദസഞ്ചാര കേന്ദ്രങ്ങൾ കണ്ടെത്താം
  •	

II. ഭൂപടം വായിക്കാം - ചർച്ച പാഠഭാഗത്തു നൽകിയ ഭൂപടം (പേജ് 86) കുട്ടികൾ നിരീക്ഷിക്കട്ടെ. എന്തെല്ലാം ചിത്രങ്ങളാണ് അടയാളപ്പെടുത്തിയിരിക്കുന്നത്? ഏതെല്ലാം ജില്ലകളാണ് അടയാളപ്പെടുത്തിയിരിക്കുന്നത്? വിമാനങ്ങൾ, കപ്പലുകൾ, എന്തിനെ സൂചിപിക്കുന്നു? തുടങ്ങിയ ചോദ്യങ്ങളിലൂടെ ഭൂപട വായന ഉറപ്പുവരുത്താം.	ഭൂപട നിരീക്ഷണശേഷി
ഭൂപടത്തിൽ റോഡുകൾ, റയിൽപ്പാതകൾ, വിമാനത്താവളങ്ങൾ, തുറമുഖങ്ങൾ, തലസ്ഥാനങ്ങൾ തുടങ്ങിയവ അടയാളപ്പെടുത്തുവാൻ ചിഹ്നങ്ങളും നിറങ്ങളുമാണ് ഉപയോഗിക്കുന്നത്. ഇതിനെ സൂചികകൾ എന്നു പറയുന്നു. ഇവ ഭുപടത്തിന്റെ ഒരു ഭാഗത്ത് നൽകിയിരിക്കും.	ചർച്ചയിലെ പങ്കാളിത്തം
1. എവിടെയെല്ലാം തുറമുഖങ്ങൾ ഉണ്ട്? 2. വിമാനത്താവളങ്ങൾ ഏതെല്ലാം ജില്ലകളിലുണ്ട്? 3. റെയൽപ്പാതകളില്ലാത്ത ജില്ലകൾ? 4. നിങ്ങളുടെ ജില്ല ഏത്? 5. തീരദേശ ജില്ലകൾ ഏതെല്ലാം? 6. .... സൂചികകളുടെ അടിസ്ഥാനത്തിൽ ഭൂപടത്തിൽ കണ്ടെത്തിയ വിവരങ്ങൾ ഉൾപ്പെടുത്തി 'കേരളം' എന്ന കുറിപ്പ് തയാറാക്കട്ടെ.	തയാറാക്കിയകുറിപ്പ് പരസ്പരം വിലയിരുത്താം
III. ഭൂപടത്തിൽ അടയാളപ്പെടുത്തൽ പാഠഭാഗത്തു നൽകിയ ചിഹ്നങ്ങൾ/സൂചികകൾ നിരീക്ഷിക്കട്ടെ റയിൽപ്പാത വിമാനത്താവളം തുറമുഖം നദി വിനോദ സഞ്ചാര കേന്ദ്രം തലസ്ഥാനം പക്ഷി സങ്കേതം വന്യജീവി സംരക്ഷണ കേന്ദ്രം .... എന്നിവയുടെ സൂചകങ്ങൾ ഭൂപടത്തിൽ നിന്നും കണ്ടെത്തുക. ഭൂപടത്തിൽ വിവിധ ജില്ലകളിൽ ഇവ ചിഹ്നങ്ങളുപയോഗിച്ച് രേഖപ്പെടുത്തട്ടെ. ആവശ്യമായ ചിഹ്നങ്ങൾ ടീച്ചർ നൽകണം. ആവശ്യമെങ്കിൽ അറ്റ്ലസ് ഉപയോഗിക്കുക.	സൂചകമുപയോഗിച്ച് അടയാളപ്പെടുത്തിയതിന്റെ കൃത്യത

IV. **തുടർപ്രവർത്തനം** സൂചിക നിർമിക്കാം. Worksheet 3 (page 95)	
അധ്യാപക വിദ്യാർത്ഥിയുടെ ഒപ്പ്	മെന്റർടീച്ചർ/ പ്രാധാനാധ്യാപകന്റെ ഒപ്പ്

1. പ്രതിഫലനാത്മക ചിന്ത:

   (പഠന പ്രവർത്തനങ്ങളുടെ വിലയിരുത്തൽ പ്രകിയയുടെ അടിസ്ഥാനത്തിൽ)

2. പ്രതിഫലനാത്മക കുറിപ്പ്:

   (SRG യിലേക്ക്, തുടർ ആസൂത്രണത്തിന്, CE ക്രോഡീകരണത്തിനുള്ള കുറിപ്പുകൾ)

അനുബന്ധം 2

ബോധനശാസ്ത്രപരമായ അപഗ്രഥനം (യൂണിറ്റാസൂത്രണം)

(Pedagogic Analysis)

പാർട്ട് – എ അടിസ്ഥാന വിവരങ്ങൾ

അധ്യാപക വിദ്യാർത്ഥിയുടെ പേര്	:	
സ്ഥാപനം	:	
ക്ലാസ്സ്	:	4
വിഷയം	:	പരിസരപഠനം
യൂണിറ്റ്	:	കല്ലായ് .... കാറ്റായ്................

പാർട്ട് – ബി : ഉള്ളടക്ക വിശകലനം

പഠനനേട്ടങ്ങൾ

- ഖരവസ്തുക്കളുടെ പേര് പൊതുസ്വഭാവങ്ങൾ പ്രസ്താവിക്കുന്നു.
- ദ്രാവകങ്ങളുടെ പ്രത്യേകതകൾ കണ്ടെത്തി പറയുന്നു.
- വാതകങ്ങളുടെ പ്രത്യേകതകൾ തിരിച്ചറിഞ്ഞ് പ്രസ്താവിക്കുന്നു.
- ജലത്തിന് മൂന്ന് അവസ്ഥകളുണ്ടെന്ന് തിരിച്ചറിഞ്ഞ് പ്രസ്താവിക്കുന്നു.
- ജലത്തിന്റെ അവസ്ഥാമാറ്റങ്ങൾ ലഘുപരീക്ഷണങ്ങളിലൂടെ വിശദീകരിക്കുന്നു.
- ഖരം, ദ്രാവകം, വാതകം എന്നീ മൂന്നവസ്ഥകളിലുള്ള വസ്തുക്കളുടെ പൊതുസ്വഭാവങ്ങൾ ലഘുപരീക്ഷണങ്ങളിലൂടെ തെളിയിക്കുന്നു.
- ചുറ്റുമുള്ള വസ്തുക്കളുടെ പൊതുസ്വഭാവങ്ങൾ ക്രോഡീകരിച്ച് പ്രസ്താവിക്കുന്നു.

ആശയങ്ങൾ

- ഖരവസ്തുക്കൾക്ക് നിശ്ചിത ആകൃതിയും വലുപ്പവും ഭാരവുമുണ്ട്.
- ഖരവസ്തുക്കൾക്ക് സ്ഥിതിചെയ്യാൻ സ്ഥലം ആവശ്യമാണ്.
- കൂടുതൽ വലുപ്പമുള്ള വസ്തുക്കൾക്ക് സ്ഥിതി ചെയ്യാൻ കൂടുതൽ സ്ഥലം ആവശ്യമാണ്.
- ദ്രാവകത്തിന് സ്ഥിതി ചെയ്യാൻ സ്ഥലം ആവശ്യമാണ്.
- ദ്രാവകത്തിന് ഭാരമുണ്ട്.
- ദ്രാവകത്തിന് നിശ്ചിത ആകൃതിയില്ല. അത് ഉൾക്കൊള്ളുന്ന പാത്രത്തിന്റെ ആകൃതിയിൽ സ്ഥിതി ചെയ്യുന്നു.
- ഒഴുകുന്ന ജലത്തിന് ശക്തികുറവ്

- വിവിധ തരം ദ്രാവകങ്ങളുമുണ്ട്.
- ജലത്തിന് മൂന്ന് അവസ്ഥകളുണ്ട്. (ഐസ്, ജലം, നീരാവി)
- ജലത്തിന് അവസ്ഥാമാറ്റം ഉണ്ടാകുന്നു. നീരാവി തണുത്താൽ ജലമാകുന്നു. ജലത്തെ വീണ്ടും തണുപ്പിച്ചാൽ ഐസ് ആകുന്നു. ഐസ് ചൂടാക്കിയാൽ ജലവും. ജലത്തെ വീണ്ടും ചൂടാക്കിയാൽ നീരാവിയും ആയി മാറുന്നു.
- വാതകങ്ങൾക്ക് നിശ്ചിത ആകൃതിയില്ല.
- വാതകങ്ങൾക്ക് ഭാരമുണ്ട്.
- വാതകങ്ങൾക്ക് സ്ഥിതി ചെയ്യാൻ സ്ഥലം ആവശ്യമുണ്ട്.
- ദ്രവ്യത്തിന്റെ മൂന്ന് അവസ്ഥകൾ - ഖരം - ദ്രാവകം, വാതകം

ശേഷികൾ/നൈപുണികൾ

- പരീക്ഷണത്തിലേർപ്പെടൽ - ഖരവസ്തുക്കൾ, ദ്രാവകം, വാതകം സ്ഥിതി ചെയ്യാൻ സ്ഥലം ആവശ്യമാണ്. ഖര വസ്തുക്കൾ, ദ്രാവകം, വാതകം ഭാരമുണ്ട് ഒഴുകുന്ന വെള്ളത്തിന്റെ ശക്തി, ചലിക്കാത്ത വായുവിന്റെ ശക്തി, ജലത്തിന്റെ അവസ്ഥാമാറ്റം, ഖരം ദ്രാവകം വാതകം ആകൃതി ഉണ്ട്/ഇല്ല
- അളക്കൽ - വസ്തുക്കളുടെ ഭാരം,
- അപഗ്രഥിച്ച് നിഗമനത്തിലെത്തൽ, വസ്തുക്കളുടെ പൊതുസ്വഭാവങ്ങൾ കണ്ടെത്തുന്നു.
- ആശയവിനിമയം - പരീക്ഷണ കുറിപ്പുകൾ, പട്ടിക തയാറാക്കൽ (ഖരം, ദ്രാവകം സാമ്യ വ്യത്യാസങ്ങൾ, ചുറ്റുമുള്ള വസ്തുക്കളുടെ പൊതുസ്വഭാവങ്ങൾ പട്ടികപ്പെടുത്തൽ

നിരീക്ഷണം - ജലത്തിന്റെ അവസ്ഥാമാറ്റം, വസ്തുക്കളുടെ പൊതുസ്വഭാവങ്ങൾ

വർഗ്ഗീകരണം - ഖരം - ദ്രാവകം, വാതകം

പരീക്ഷണങ്ങൾ/ ഉപകരണങ്ങൾ രൂപകല്പ്പന ചെയ്യുന്നു. (വിവിധ പരീക്ഷണങ്ങൾ, ജലചക്ര നിർമാണം, കാറ്റാടി നിർമാണം, റോക്കറ്റ്, ബലൂൺ തുടങ്ങിയവ)

നേടിയ അറിവിന്റെ പ്രയോഗം :- ചുറ്റുപാടുമുള്ള വസ്തുക്കളെ ഖരം, ദ്രാവകം, വാതകം എന്നിങ്ങനെ തരം തിരിക്കൽ, (വേനൽക്കാലത്ത് കിണർജലത്തിന്റെ ബാഷ്പീകരണ നിരക്ക് കുറയ്ക്കൽ)

മൂല്യങ്ങളും മനോഭാവങ്ങളും

- ചുറ്റുമുള്ള അചേതന വസ്തുക്കളുടെ സൂക്ഷ്മ തലങ്ങൾ തിരിച്ചറിഞ്ഞ് വൈവിധ്യം ആസ്വദിക്കുന്നു.
- പരീക്ഷണങ്ങളിൽ ഏർപ്പെടാനും കണ്ടെത്തലുകൾ നടത്താനും തനിക്കും കഴിയുമെന്നുള്ള വിശ്വാസം.
- ഉപകരണങ്ങൾ രൂപകല്പ്പന ചെയ്യാനും നിർമിക്കാനും തനിക്കും കഴിയുമെന്നുള്ള വിശ്വാസം.

മുന്നറിവ്

- ആകൃതി, വലുപ്പം, ഭാരം എന്നിവ എന്തെന്ന് കുട്ടികൾക്കറിയാം
- കാറ്റാടി ഉണ്ടാക്കാൻ കുട്ടികൾക്കറിയാം.

തുടർപ്രവർത്തനങ്ങൾ

- പാഠപുസ്തകത്തിലെ ചുരുങ്ങാത്ത ബലൂൺ, ഭാരം ഉയർത്തൽ, കൃത്രിമ മഴ, വിസിൽ മുഴക്കം, ബലൂൺ തുടങ്ങിയ പരീക്ഷണങ്ങൾ ചെയ്യുന്നു.
- ജലവൈദ്യുതിനിലയം, കാറ്റാടിപ്പാടം എന്നിവ സന്ദർശിക്കുന്നു.
- ജലചക്രം, കാറ്റാടി മുതലായവ നിർമിക്കുന്നു.

ക്രമനമ്പർ	പഠനപ്രവർത്തനങ്ങളും പഠനപ്രക്രിയകളും	പഠനനേട്ടം	പഠനതന്ത്രം	സാമഗ്രി	ഉല്പന്നങ്ങൾ	വിലയിരുത്തൽ
1	അമലിന്റെയും കൂട്ടുകാരുടേയും സംഭാഷണം - വായന - പ്രശ്നാവതരണം... വിവിധ വസ്തുക്കൾ ബക്കറ്റിലെ വെള്ളത്തിൽ താഴ്ത്തുമ്പോൾ വെള്ളം കവിഞ്ഞൊഴുകാൻ എന്തായിരിക്കും കാരണം.? ഊഹം കുറിക്കൽ, പരീക്ഷണം രൂപകല്പന ചെയ്യൽ, പരീക്ഷണ നിർവഹണം, അവതരണം, ടീച്ചർ ക്രോഡീകരണം പരീക്ഷണക്കുറിപ്പ് തയാറാക്കൽ - വിലയിരുത്തൽ	ഖരവസ്തുക്കളുടെ പൊതുസ്വഭാവങ്ങൾ പ്രസ്താവിക്കുന്നു. ദ്രാവകത്തിന്റെ പ്രത്യേകതകൾ കണ്ടെത്തി പറയുന്നു.	പരീക്ഷണം	ബക്കറ്റ്. വെള്ളം. കപ്പ്, ഇരുമ്പുകഷണം. ഇഷ്ടിക്കല്ല്	പരീക്ഷണ കുറിപ്പ്	• പരീക്ഷണം • പ്രക്രിയയിലെ പങ്കാളിത്തം • പരീക്ഷണക്കുറിപ്പ് (സ്വയം പരസ്പര വിലയിരുത്തൽ) • ആശയധാരണ • ശേഷികൾ ആർജിക്കൽ • പ്രകടനം/ അവതരണം • രേഖപ്പെടുത്തൽ • ഉപകരണ നിർമാണം
2	**പ്രശ്നാവതരണം** കല്ല്, വെള്ളം എന്നിവയ്ക്ക വ്യത്യസ്ത പാത്രങ്ങളിൽ ഒരേ ആകൃതിയാണോ ഉള്ളത്? ഊഹം കുറിക്കൽ, പരീക്ഷണം, രൂപകല്പ്പന ചെയ്യൽ, നിർവഹണം, വിശകലന ചോദ്യങ്ങൾ- ചർച്ച അവതരണം ടീച്ചർ ക്രോഡീകരണം (വെള്ളത്തിന് നിശ്ചിത ആകൃതിയില്ല കല്ലിന് നിശ്ചിത ആകൃതിയുണ്ട്) നിരീക്ഷണകുറിപ്പ് തയാറാക്കൽ, വിലയിരുത്തൽ)	ഖരം, ദ്രാവകം, വാതകം എന്നീ മൂന്നവസ്ഥയിലുള്ള വസ്തുക്കളുടെ പൊതു സ്വഭാവങ്ങൾ ലഘുപരീക്ഷണങ്ങളിലൂടെ തെളിയിക്കുന്നു.	പരീക്ഷണം, ചർച്ച	വ്യത്യസ്ത ആകൃതിയിലുള്ള പാത്രങ്ങൾ, ജലം, കല്ല്	പരീക്ഷണ കുറിപ്പ്	• സാമൂഹിക വൈകാരിക മേഖലയിലെ വിലയിരുത്തൽ (ആശയവിനിമയ ശേഷി, പ്രശ്നപരിഹരണശേഷി, തീരുമാനമെടുക്കൽ

3. പ്രശ്നാവതരണം: എല്ലാവസ്തുക്കൾക്കും ഭാരം ഉണ്ടോ? ഊഹം കുറിക്കൽ, പരീക്ഷണം, രൂപകല്പന ചെയ്യൽ, പരീക്ഷണം ചെയ്യൽ, അവതരണം, ടീച്ചർ ക്രോഡീകരണം (എല്ലാ വസ്തുക്കൾക്കും ഭാരം ഉണ്ട്) പരീക്ഷണക്കുറിപ്പ് തയ്യാറാക്കൽ, വിലയിരുത്തൽ		പരീക്ഷണം	സ്കൂൾ ബാഗ്, വെള്ളക്കപ്പി, ജലം, ബക്കറ്റ്, കുടം, വെയിംങ് മെഷീൻ	പരീക്ഷണക്കുറിപ്പ്	
4. ജലത്തിൽ നിന്ന് വൈദ്യുതി ഉല്പാദിപ്പിക്കുന്നത് എങ്ങനെ? വീഡിയോ പ്രദർശനം, ചർച്ച-പ്രശ്നാവതരണം, ജലച്ചക്രം കറങ്ങുന്നതെന്തുകൊണ്ട്? ഊഹം കുറിക്കൽ, ജലച്ചക്രം മാതൃക നിർമ്മിക്കൽ പരീക്ഷണത്തിലേർപ്പെടൽ, അവതരണം, ടീച്ചർ ക്രോഡീകരണം. (ഒഴുകുന്ന ജലത്തിന് ശക്തിയുണ്ട്) പരീക്ഷണക്കുറിപ്പ് തയ്യാറാക്കൽ, വിലയിരുത്തൽ.		ചർച്ച മോഡൽ നിർമ്മാണം പരീക്ഷണം	റബ്ബർ ചെരുപ്പിന്റെ ഭാഗം, കളിപ്പാട്ടങ്ങളുടെ ചക്രം, പ്ലാസ്റ്റിക് പാത്രം, പ്ലാസ്റ്റിക്സ് പൂൺ, കമ്പി, ടാപ്പ് (ജലം)	ജലച്ചക്രം, പരീക്ഷണക്കുറിപ്പ്	ജലച്ചക്രം
5. ജലത്തെപ്പോലെ ഒഴുകുവാൻ കഴിവുള്ളവർ ആരൊക്കെ? ഊഹം കുറിക്കൽ പാഠപുസ്തകത്തിലെ പ്രവർത്തനം വ്യക്തിഗതമായി ചെയ്യൽ പരസ്പര വിലയിരുത്തൽ-പൊതു അവതരണം, ക്രോഡീകരണം-ദ്രാവകങ്ങളുടെ പൊതുസ്വഭാവങ്ങൾ.	ദ്രാവകങ്ങളുടെ പ്രത്യേകതകൾ കണ്ടെത്തി പറയുന്നു.	ചർച്ച ചിത്രീകരണം		പരിസരപുസ്തകത്തിലെ രേഖപ്പെടുത്തലുകൾ	ചർച്ചയിലെ പങ്കാളിത്തം പരിസരപുസ്തകത്തിലെ രേഖപ്പെടുത്തൽ

6. വെള്ളം എപ്പോഴും ഒരേ അവസ്ഥ യിലാണോ കാണുന്നത്? ചർച്ച. വെള്ളത്തിന്റെ വ്യത്യസ്ത അവ സ്ഥകൾ നേരിട്ട് നിരീക്ഷിക്കാ വുന്ന പരീക്ഷണം ആസൂത്രണം ചെയ്യൽ. നിർവഹണ അവതരണം, ക്രോഡീകരണം, പാഠപ്സുതക ത്തിലെ ചിത്രനിരീക്ഷണം, വിശ കലന ചോദ്യങ്ങൾ തയ്യാറാക്കു ന്നു. നിഗമനങ്ങൾ രൂപീകരിക്കു ന്നു. സമാനപ്രവർത്തനങ്ങൾ പ്രകൃതിയിൽ നടക്കുന്നത് (മഴ) കണ്ടെത്തുന്നു.	ജലത്തിന് 3 അവ സ്ഥകളുണ്ടെന്ന് തിരിച്ചറിഞ്ഞ് പ്രസ്താവിക്കു ന്നു. ജലത്തിന്റെ അവസ്ഥാ മാറ്റ ങ്ങൾ ലഘുപരീ ക്ഷണങ്ങളിലൂടെ വിശദീകരിക്കു ന്നു.	ചർച്ച പരീക്ഷണം	പാത്രങ്ങൾ, ജലം, ഫ്രിഡ്ജ്	പരിസര പുസ്തക ത്തിലെ ചർച്ചാക്കു റിപ്പ്: പരീക്ഷണക്കു റിപ്പ്	ചർച്ചയിലെ പങ്കാ ളിത്തം പരീക്ഷണം. പരീക്ഷണക്കുറിപ്പ് ജലത്തിന്റെ അവ സ്ഥാമാറ്റം, കാരണ ങ്ങൾ വിശദീകരി ക്കൽ.
7. മഴ ഉണ്ടാകുന്നതെങ്ങനെ? ചർച്ച. വായുവിൽ നീരാവി ഉണ്ടെന്ന് എങ്ങനെ തെളിയിക്കാം? പരീക്ഷ ണങ്ങൾ ആസൂത്രണം ചെയ്യൽ അവതരണം. പാഠപുസ്തക ത്തിലെ പരീക്ഷണം ചെയ്തു നോക്കൽ-നിഗമനങ്ങൾ രൂപീകരി ക്കൽ. H.B യിലെ മഴപെയ്യിക്കാം പ്രവർത്തനം തുടർപ്രവർത്തന മായി ഏറ്റെടുക്കൽ.		ചർച്ച പരീക്ഷണം	ഗ്ലാസ്, ഐസ് കഷ ണങ്ങൾ	പരീക്ഷണക്കുറിപ്പ്	പരീക്ഷണം, പരീക്ഷണക്കുറിപ്പ്, ചർച്ചയിലെ പങ്കാ ളിത്തം രേഖപ്പെടു ത്തൽ
8. കല്ല്, ജലം ഇവയുടെ പ്രത്യേകത കൾ ചർച്ച. ജലവും കല്ലും തമ്മി ലുള്ള വ്യത്യാസം എന്ത്? ഊഹം കുറിക്കൽ, ഗ്രൂപ്പ് ചർച്ച പാഠപു സ്തകത്തിലെ പട്ടിക പൂർത്തിയാ		ചർച്ച പട്ടിക രൂപീ കരണം	ചാർട്ട്	പട്ടിക	ഖരം, ദ്രാവകം, സാമ്യവ്യത്യാസം പട്ടിക.

ക്കൽ പരസ്പര വിലയിരുത്തൽ ടീച്ചർ ക്രോഡീകരണം, പാഠപുസ്തകത്തിലെ വായുവിന്റെ വിശേഷങ്ങൾ-വായന-ചർച്ച					പരിസരപുസ്തകത്തിലെ രേഖപ്പെടുത്തൽ
9. ബലൂൺ റോക്കറ്റ്, ബലൂൺ ബോട്ട് എന്നിവ കുട്ടികൾ തയ്യാറാക്കുന്നു. അവതരണം ക്രോഡീകരണം. H.Bയിലെ ചില ബലൂൺ കളികൾ തുടർപ്രവർത്തനമായി നൽകൽ.	വാതകങ്ങളുടെ പ്രത്യേകതകൾ തിരിച്ചറിഞ്ഞ് പ്രസ്താവിക്കുന്നു. (വാതകത്തിൽ	ചർച്ച, മോഡൽ നിർമ്മാണം	ബലൂണുകൾ, സ്ട്രോ, സോപ്പുപെട്ടി, വലിയ പരന്ന പാത്രം, ജലാനൂൽ, സെല്ലോ ടേപ്പ്	മോഡലുകൾ, (ബലൂൺ റോക്കറ്റ്, ബലൂൺ ബോട്ട്)	ബലൂൺ റോക്കറ്റ്, ബലൂൺ ബോട്ട് പരിസരപുസ്തകത്തിലെ കുറിപ്പുകൾ. മോഡലുകൾ നിർമിക്കൽ
10. വായുവിന് ആകൃതിയുണ്ടോ? പ്രശ്നാവതരണം. ഊഹിക്കൽ, പരീക്ഷണാസൂത്രണം ചെയ്യൽ, വ്യക്തിഗതമായി ചെയ്യൽ അവതരണം, ചർച്ച സൂചകങ്ങൾ നൽകൽ, കണ്ടെത്തലുകൾ പരിസര പുസ്തകത്തിൽ രേഖപ്പെടുത്തൽ.	ആകൃതിയില്ല, വ്യാപിക്കാൻ കഴിയും, സ്ഥിതി ചെയ്യാൻ സ്ഥലം ആവശ്യമാണ്, വാതകത്തിന് ശക്തിയുണ്ട്)	ചർച്ച പരീക്ഷണം	വ്യത്യസ്ത ആകൃതിയുള്ള ബലൂണുകൾ	പരിസരപുസ്തകത്തിലെ കുറിപ്പുകൾ	രേഖപ്പെടുത്തൽ ചർച്ചയിലെ പങ്കാളിത്തം
11. വായുവിന് സ്ഥിതി ചെയ്യാൻ സ്ഥലം ആവശ്യമോ? പ്രശ്നാവതരണം ഊഹം കുറിക്കൽ പരീക്ഷം രൂപകല്പന ചെയ്യൽ നിർവഹണാ-അവതരണം-ക്രോഡീകരണം. പരീക്ഷണക്കുറിപ്പ് തയ്യാറാക്കൽ വിലയിരുത്തൽ.		പരീക്ഷണം	ഗ്ലാസുകൾ, വളയുന്ന സ്ട്രോ, കടലാസ്, സെല്ലോടേപ്പ്, വെള്ളം നിറച്ച ബക്കറ്റ് ചർച്ച, മോഡൽ നിർമ്മാണം	പരീക്ഷണക്കുറിപ്പ് പരിസര പുസ്തകത്തിലെ രേഖപ്പെടുത്തൽ	പരീക്ഷണം

12. മുല്ലപ്പൂ വിരിഞ്ഞതും സെന്റുകുപ്പി തുറന്നതുമെല്ലാം നമ്മൾ അകലെ നിന്ന് അറിയുന്നതെങ്ങനെ? ഊഹം കുറിക്കൽ. പരീക്ഷണം ആസൂത്രണം ചെയ്യൽ, നിർവഹണ അവതരണം ക്രോഡീകരണം.		പരീക്ഷണം	ചന്ദനത്തിരി, ഗ്ലാസ്, കാർഡ് ബോർഡ്,	പരീക്ഷണക്കുറിപ്പ്	ചർച്ചയിലെ പങ്കാളിത്തം നിഗമനരൂപീകരണം (വായുവിന്റെ വ്യാപന സ്വഭാവം)
13. വായുവിന് ഭാരമുണ്ടോ? പ്രശ്നാവതരണം ഊഹം കുറിക്കൽ, പരീക്ഷണം ആസൂത്രണം ചെയ്യൽ നിർവഹണം അവതരണം ചർച്ച ക്രോഡീകരണം (വായുവിന് ഭാരമുണ്ട്)		പരീക്ഷണം	നീളമുള്ള, വണ്ണം കുറഞ്ഞ വടി, കടലാസ് കപ്പ്, പയറുമണികൾ, നൂൽ	പരീക്ഷണക്കുറിപ്പ്	പരീക്ഷണം, പരീക്ഷണക്കുറിപ്പ് നിഗമന രൂപീകരണം-വായുവിന് ഭാരമുണ്ട്.
14. വായുവിന് ശക്തിയുണ്ടോ? ഊഹം കുറിക്കൽ. പരീക്ഷണം ആസൂത്രണം ചെയ്യൽ നിർവഹണം (കാരപ്പൊടി നിർമ്മിക്കൽ) അവതരണം ചർച്ച. ക്രോഡീകരണം (വായുവിന് ശക്തിയുണ്ട്) തുടർപ്രവർത്തനം.		പരീക്ഷണം ചർച്ച	ഓല, കടലാസ്, ഈർക്കിൽ	പരീക്ഷണക്കുറിപ്പ്, പരിസരപുസ്തകത്തിലെ രേഖപ്പെടുത്തൽ	പരീക്ഷണം പരീക്ഷണക്കുറിപ്പ്
15. പട്ടിക പൂർത്തിയാക്കൽ ഖരം, ദ്രാവകം, വാതകം എന്നിവയുടെ പൊതു സ്വഭാവങ്ങൾ വ്യക്തിഗതമായി പൂരിപ്പിക്കുന്നു. കൈമാറി മെച്ചപ്പെടുത്തുന്നു. ക്രോഡീകരണം.	ചുറ്റുമുള്ള വസ്തുക്കളുടെ പൊതുസ്വഭാവങ്ങൾ ക്രോഡീകരിച്ച് പ്രസ്താവിക്കുന്നു.	പട്ടിക തയ്യാറാക്കൽ	പട്ടിക	പൂരിപ്പിച്ച പട്ടിക	പീർത്തിയാക്കിയ പട്ടിക

ടീച്ചിംങ് മാന്വൽ

പാർട്ട് എ : പ്രാഥമിക വിവരങ്ങൾ

അധ്യാപക വിദ്യാർഥിയുടെ പേര്	:	
വിദ്യാലയത്തിന്റെ പേര്	:	
ക്ലാസ്	:	IV
ഡിവിഷൻ	:	
വിഷയം	:	പരിസരപഠനം
യൂണിറ്റ്	:	കല്ലായ്.....കാറ്റായ്
സമയം	:	
തീയതി	:	

പാർട്ട് ബി

പഠനനേട്ടം

- ഖരവസ്തുക്കളുടെ പൊതുസ്വഭാവങ്ങൾ പ്രസ്താവിക്കുന്നു.
- ദ്രാവകങ്ങളുടെ പ്രത്യേകതകൾ കണ്ടെത്തി പറയുന്നു.

ആശയങ്ങൾ

- ഖരവസ്തുക്കൾക്ക് നിശ്ചിത ആകൃതിയും വലുപ്പവും ഭാരവുമുണ്ട്
- ഖരവസ്തുക്കൾക്ക് സ്ഥിതിചെയ്യാൻ സ്ഥലം ആവശ്യമാണ്.
- കൂടുതൽ വലുപ്പമുള്ള വസ്തുക്കൾക്ക് സ്ഥിതിചെയ്യാൻ കൂടുതൽ സ്ഥലം ആവശ്യമാണ്.
- ദ്രാവകത്തിന് സ്ഥിതി ചെയ്യാൻ സ്ഥലം ആവശ്യമാണ്
- ദ്രാവകത്തിന് ഭാരമുണ്ട്
- ദ്രാവകത്തിന് നിശ്ചിത ആകൃതിയില്ല. അത് ഉൾക്കൊള്ളുന്ന പാത്രത്തിന്റെ ആകൃതിയിൽ സ്ഥിതി ചെയ്യുന്നു.
- ഒഴുകുന്ന വെള്ളത്തിന് ശക്തിയുണ്ട്.
- വിവിധതരം ദ്രാവകങ്ങളുണ്ട്

ശേഷികൾ/നൈപുണികൾ

- പരീക്ഷണത്തിലേർപ്പെടൽ അപഗ്രഥിച്ച് നിഗമനത്തിലെത്തൽ : പരീക്ഷണത്തിലൂടെ ഖര വസ്തുക്കൾ, ദ്രാവകങ്ങൾ ഇവയുടെ പൊതുസ്വഭാവങ്ങൾ കണ്ടെത്താൻ കഴിയുന്നു.
- അളക്കൽ : ഉപകരണങ്ങൾ ഉപയോഗിച്ച് ഭാരം കണ്ടെത്താൻ കഴിയുന്നു.
- ആശയവിനിമയം : പരീക്ഷണക്കുറിപ്പുകൾ തയ്യാറാക്കി അവതരിപ്പിക്കുന്നു.
- പരീക്ഷണങ്ങൾ/ഉപകരണങ്ങൾ രൂപകല്പന ചെയ്യുന്നു. ജലച്ചക്രനിർമാണം ഖരം, ദ്രാവകം എന്നിവയുടെ പൊതുസ്വഭാവങ്ങൾ കണ്ടെത്താനുള്ള പരീക്ഷണങ്ങൾ രൂപകല്പന ചെയ്യുന്നു.

മൂല്യങ്ങളും മനോഭാവങ്ങളും

- ചുറ്റുമുള്ള അചേതന വസ്തുക്കളുടെ സൂക്ഷ്മതലങ്ങൾ തിരിച്ചറിഞ്ഞ് വൈവിധ്യം ആസ്വദിക്കുന്നു.

- ചുറ്റുമുള്ള വസ്തുക്കൾ സംരക്ഷിക്കുന്നതിനുള്ള മനോഭാവം.
- ഉപകരണങ്ങൾ/പരീക്ഷണങ്ങൾ രൂപകല്പന ചെയ്യാനും പരീക്ഷണത്തിൽ ഏർപ്പെടാനും കണ്ടെത്തലുകൾ നടത്താനും തനിക്കും കഴിയുമെന്നുള്ള വിശ്വാസം.

പഠനതന്ത്രങ്ങൾ

പരീക്ഷണം, ചർച്ച, മോഡൽ നിർമാണം

പഠനസാമഗ്രികൾ (പരിസരപഠനമൂലയിൽ)

ബക്കറ്റ്, വെള്ളം, കപ്പ്, ഇരുമ്പുക്ഷണം, ഇഷ്ടിക, കല്ല്, വ്യത്യസ്ത ആകൃതിയിലുള്ള പാത്രങ്ങൾ, സ്കൂൾ ബാഗ്, വെള്ളക്കപ്പി, ബക്കറ്റ്, കുടം, വെയിംങ് മെഷീൻ, റബ്ബർ ചെരുപ്പിന്റെ ഭാഗം, കളിപ്പാട്ടങ്ങളുടെ ചക്രം, പ്ലാസ്റ്റിക് പാത്രം, പ്ലാസ്റ്റിക് സ്പൂൺ, കമ്പി, വാട്ടർ ടാപ്പ്

പ്രതീക്ഷിത ഉല്പന്നങ്ങൾ

പരീക്ഷണക്കുറിപ്പ്, പരിസരപുസ്തകത്തിലെ രേഖപ്പെടുത്തലുകൾ, ജലച്ചക്രം.

പാർട്ട് സി. പഠനപ്രവർത്തനങ്ങളും വിലയിരുത്തലും

പഠനപ്രവർത്തനം	**വിലയിരുത്തൽ**
പീരിയഡ് 1 • ക്ലാസിൽ ഒരു കുട്ടി ഇരിക്കുന്ന സ്ഥാനത്ത് ആ കുട്ടിയെ മാറ്റാതെ മറ്റൊരു കുട്ടിയോട് ഇരിക്കാൻ ആവശ്യപ്പെടുന്നു. ഇരിക്കാൻ സാധിക്കാത്തതിന്റെ കാരണം എന്ത്? ചർച്ച-തുടർന്ന് അമലിന്റെയും കൂട്ടുകാരുടെയും സംഭാഷണം വ്യക്തിഗതമായി വായിക്കുന്നു. (അമലും കൂട്ടുകാരും... മുതൽ അതൊന്നു പരീക്ഷിച്ചു നോക്കിയാലോ വരെ) ടീച്ചർ പ്രശ്നം അവതരിപ്പിക്കുന്നു. കപ്പ് ബക്കറ്റിലെ വെള്ളത്തിലേക്കു താഴ്ത്തിയപ്പോൾ വെള്ളം കവിഞ്ഞൊഴുകാൻ എന്തായിരിക്കും കാരണം? കുട്ടികൾ ഊഹം കുറിക്കുന്നു. 3, 4 പേർ അവതരിപ്പിക്കുന്നു. ഊഹം എഴുതാൻ കഴിയാത്തവരെ അധ്യാപിക സഹായിക്കണം. (ഊഹം എഴുതൽ വിലയിരുത്തലിന് വിധേയമാക്കണം. പ്രശ്നത്തിനനുസരിച്ച് ഊഹം എഴുതാൻ സാധിച്ചോ? തുടർപ്രവർത്തനങ്ങൾക്ക് സഹായകമാണോ?) ഊഹം ശരിയാണോ എന്നറിയാൻ എന്തു പ്രവർത്തനം ചെയ്യണം? അധ്യാപിക പഠനരീതി ആരായുന്നു. കുട്ടികൾ വ്യക്തിപരമായി പരീക്ഷണം രൂപകല്പന ചെയ്യുന്നു. 5 അംഗങ്ങളുള്ള ഗ്രൂപ്പിൽ മെച്ചപ്പെടുത്തുന്നു. അവതരിപ്പിക്കുന്നു. ടീച്ചർ ഇടപെട്ട് രൂപകല്പന കൃത്യമാക്കുന്നു. പരീക്ഷണ രൂപകല്പന വിലയിരുത്തലിന് വിധേയമാക്കണം.	

- മികച്ച രീതിയിൽ രൂപകല്പന ചെയ്തവർ
- സാധിക്കാത്തവർ
- ഗ്രൂപ്പുകളുടെ അവതരണ മികവ്
- പരിസരപുസ്തകത്തിലെ രേഖപ്പെടുത്തൽ
- പരീക്ഷണത്തിന്റെ തലക്കെട്ട്
- ലക്ഷ്യം
- സാമഗ്രികൾ
- പ്രവർത്തനക്രമം

ടീച്ചർ വെർഷൻ

പരീക്ഷണം (രൂപകല്പന)

കവിഞ്ഞൊഴുകുന്ന വെള്ളം

ലക്ഷ്യം :

- തന്നിരിക്കുന്ന വസ്തുക്കൾ വെള്ളം നിറച്ച ബക്കറ്റിൽ താഴ്ത്തുമ്പോൾ കവിഞ്ഞൊഴുകാനുള്ള കാരണം കണ്ടെത്തുന്നതിന്
- ഏതു വസ്തു ബക്കറ്റിലിടുമ്പോഴാണ് കൂടുതൽ വെള്ളം കവിഞ്ഞൊഴുകുന്നതെന്ന് കണ്ടെത്തുന്നതിന്

സാമഗ്രികൾ

ബക്കറ്റ്, വെള്ളം, കപ്പ്, ഇരുമ്പുകഷണം, ഇഷ്ടിക, കല്ല്, മരക്കട്ട, നിറഞ്ഞൊഴുകുന്ന വെള്ളം ശേഖരിക്കാനുള്ള പാത്രം, അളവു ജാർ

പ്രവർത്തനക്രമം

- നിറയെ വെള്ളമുള്ള ബക്കറ്റിൽ കപ്പ്, ഇരുമ്പുകഷണം, ഇഷ്ടിക, കല്ല്, മരക്കട്ട എന്നിവ ഓരോന്നായി ഇട്ടു നോക്കുന്നു. മാറ്റങ്ങൾ നിരീക്ഷിക്കുന്നു. കവിഞ്ഞൊഴുകുന്ന വെള്ളം ശേഖരിക്കുന്നു. അളവു ജാർ ഉപയോഗിച്ച് അളന്നു നോക്കുന്നു.

വസ്തുവിന്റെ പേര്	പുറത്തേക്ക് ഒഴുകിയ വെള്ളത്തിന്റെ അളവ് (ml)
കപ്പ്	
ഇരുമ്പു കഷണം	
ഇഷ്ടിക	
കല്ല്	
മരക്കട്ട	

പീരിയഡ് 2

പരീക്ഷണം നിർവഹണം

ക്ലാസിന്റെ വിവിധ സ്ഥലങ്ങളിൽ ഗ്രൂപ്പുകൾ പരീക്ഷണമൂല ഒരുക്കുന്നു. (ഓരോ ഗ്രൂപ്പും പരിസര പഠനമൂലയിൽ നിന്ന് ആവശ്യമായ സാമഗ്രികൾ ശേഖരിക്കുന്നു) ഗ്രൂപ്പുകൾ പരീക്ഷണത്തിൽ ഏർപ്പെടുന്നു. രേഖപ്പെടുത്തലുകൾ പരിസര പുസ്തകത്തിൽ എഴുതുന്നു. കണ്ടെത്തലുകൾ (ലക്ഷ്യത്തെ അടിസ്ഥാനമാക്കി) പൊതുവായി അവതരിപ്പിക്കുന്നു. അധ്യാപിക ഒരു ഗ്രൂപ്പ് അവതരിപ്പിക്കുമ്പോൾ മറ്റു ഗ്രൂപ്പുകൾക്ക് ചോദ്യങ്ങൾ/സംശയ നിവാരണം നടത്താനുള്ള അവസരം നൽകണം. അധ്യാപിക കുട്ടികളുടെ കണ്ടെത്തലുകൾ മെച്ചപ്പെടുത്തുന്നതിനുവേണ്ടി വിശകലന ചോദ്യങ്ങൾ ചോദിക്കണം.

- വെള്ളത്തിനും, വസ്തുവിനും ഒരേ സമയം പാത്രത്തിൽ സ്ഥിതിചെയ്യാൻ സാധിച്ചോ?
- എന്തുകൊണ്ടായിരിക്കും വസ്തു മുക്കുമ്പോൾ വെള്ളം കവിഞ്ഞൊഴുകുന്നത്.
- കൂടുതൽ വലുപ്പമുള്ള വസ്തുവും കവിഞ്ഞൊഴുകുന്ന വെള്ളത്തിന്റെ അളവും തമ്മിലുള്ള ബന്ധം എന്ത്?
- കുട്ടികൾ കണ്ടെത്തലുകൾ മെച്ചപ്പെടുത്തുന്നു. നിഗമനങ്ങൾ ടീച്ചർ ക്രോഡീകരിക്കണം.
- വസ്തുവിന് സ്ഥിതിചെയ്യാൻ സ്ഥലം ആവശ്യമാണ്.
- കൂടുതൽ വലുപ്പമുള്ള വസ്തുക്കൾക്ക് സ്ഥിതി ചെയ്യാൻ കൂടുതൽ സ്ഥലം ആവശ്യമാണ്.

പരീക്ഷണനിർവഹണം വിലയിരുത്തലിന് വിധേയമാക്കണം

- പ്രക്രിയയിലെ കുട്ടികളുടെ പങ്കാളിത്തം (നിരീക്ഷണം, വിവരശേഖരണം, പട്ടികപ്പെടുത്തൽ, വിശകലനം)
- ആശയധാരണ എല്ലാ കുട്ടികൾക്കും ലഭിച്ചോ?
- ഗ്രൂപ്പുകളുടെ അവതരണ മികവ്
- നിഗമന രൂപീകരണത്തിനുള്ള കഴിവ്

കുട്ടികൾ വ്യക്തിഗതമായി പരീക്ഷണക്കുറിപ്പ് തയാറാക്കുന്നു. കൈമാറി വിലയിരുത്തൽ അവതരണം

വിലയിരുത്തൽ പേജിലേക്ക്

പരീക്ഷണക്കുറിപ്പ്

എല്ലാ ഘട്ടങ്ങളും പാലിച്ചിട്ടുണ്ടോ (ലക്ഷ്യം, സാമഗ്രികൾ, പ്രവർത്തനം, നിരീക്ഷണം, നിഗമനം)

- പ്രശ്നവുമായി ബന്ധപ്പെടുത്തി നിഗമനങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്.
- നിരീക്ഷണത്തിൽ ചിത്രങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

വർഷ്ഷീറ്റ് 1

സ്വയം വിലയിരുത്തൽ

- പരീക്ഷണം രൂപകല്പന ചെയ്യാൻ എനിക്ക് സാധിച്ചിട്ടുണ്ട്. ഉണ്ട് ☐ ഇല്ല ☐
- പരീക്ഷണം ചെയ്യാൻ എനിക്ക് കഴിഞ്ഞിട്ടുണ്ട്

  ഉണ്ട് ☐ ഇല്ല ☐
- എനിക്ക് കണ്ടെത്തലുകൾ നടത്താൻ സാധിച്ചിട്ടുണ്ട്

  ഉണ്ട് ☐ ഇല്ല ☐
- എന്റെ ഊഹം ശരിയായിരുന്നു.

  ഉണ്ട് ☐ ഇല്ല ☐
- മികച്ച രീതിയിൽ പരീക്ഷണക്കുറിപ്പ് എഴുതാൻ സാധിച്ചിട്ടുണ്ട്.

  ഉണ്ട് ☐ ഇല്ല ☐
- ഈ പരീക്ഷണത്തിൽ എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞത്.

  ....

  ....

  ....

വർക്ക്ഷീറ്റ് വിലയിരുത്തലിന് വിധേയമാക്കണം

തുടർപ്രവർത്തനം

ജലത്തിന് സ്ഥിതിചെയ്യാൻ

സ്ഥലം ആവശ്യമാണെന്ന്

എങ്ങനെ തെളിയിക്കാം.

യൂണിറ്റ് 3 - വിലയിരുത്തലും മൂല്യനിർണയവും

ആമുഖം

വിലയിരുത്തൽ എന്ന പദം നാം നിത്യജീവിതത്തിലെ പല സന്ദർഭങ്ങളിലും പ്രയോഗിക്കാറുണ്ട്. എന്നാൽ ഇവിടെ പഠനവുമായി ബന്ധപ്പെട്ട എല്ലാത്തരം അളക്കലുകളുടെയും വിശകലനങ്ങളുടെയും തിരിച്ചറിവുകളുടെയും ആകെത്തുകയായാണ് വിലയിരുത്തലിനെ കാണുന്നത്. നാം കുട്ടികളെ വിലയിരുത്തുമ്പോൾ എന്താണ് കണ്ടെത്താൻ ശ്രമിക്കുന്നത്? കുട്ടിയുടെ ശാരീരികവും സാമൂഹികവും വൈജ്ഞാനികവും വൈകാരികവും ആയ വികാസത്തെ കണ്ടെത്തുകയാണ് ചെയ്യുന്നത്. ഇതിലൂടെ വിലയിരുത്തൽ സമഗ്ര സ്വഭാവമുള്ളതായിത്തീരും. പഠനം ഫലപ്രദമാകുന്നതിന് ശാസ്ത്രീയമായ വിലയിരുത്തൽ അനിവാര്യമാണ്. ആസൂത്രണ ഘട്ടത്തിൽ തന്നെ വിലയിരുത്തൽ രീതികളും നിശ്ചയിക്കണം. പഠനപ്രവർത്തനങ്ങൾ, ഉപകരണങ്ങൾ വിലയിരുത്തൽ രീതികൾ തുടങ്ങിയവ ഒത്തുചേരുമ്പോഴാണ് ആസൂത്രണം സമഗ്രമാവുന്നത്.

പഠനവും വിലയിരുത്തലുമായുള്ള ബന്ധം വളരെ വലുതാണ് ക്ലാസ്മുറിയിലെ പഠനപ്രക്രിയ മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ കൃത്യമായി ആസൂത്രണം ചെയ്ത വിലയിരുത്തലുകൾ കുട്ടികളുടെ പഠനനിലവാരം ഉയർത്തുന്നതിൽ നിർണായക സ്വാധീനം ചെലുത്തുന്നു.

ലോവർ പ്രൈമറി തലത്തിലെ വിലയിരുത്തലിന്റെ സമീപനം തന്ത്രങ്ങൾ, ഉപാധികൾ, പഠനപുരോഗതി രേഖ എന്നിവയെക്കുറിച്ച് സമഗ്രമായി മനസ്സിലാക്കുന്നതിന് സഹായകമായ ഉള്ളടക്കമാണ് ഈ യൂണിറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

പഠനനേട്ടം

- വിവിധവിലയിരുത്തൽ രീതികളും അവയുടെ പ്രയോഗവും മനസ്സിലാക്കുന്നു.

പ്രധാന ആശയങ്ങൾ

- വിലയിരുത്തലും മൂല്യനിർണ്ണയം
- നിരന്തരവിലയിരുത്തൽ
- ടേം വിലയിരുത്തൽ
- പഠനത്തിനായുള്ള വിലയിരുത്തൽ
- പഠനത്തിന്റെ വിലയിരുത്തൽ
- വിലയിരുത്തൽ തന്നെ പഠനം
- വിലയിരുത്തലിനുള്ള ഉപാധികൾ, സവിശേഷതകൾ

പഠനപ്രക്രിയയിലൂടെ കുട്ടിയിൽ നടക്കുന്ന സമഗ്രവികാസത്തെ അതിന്റെ ഓരോ ഘട്ടത്തിലും വിലയിരുത്തേണ്ടതുണ്ട്. വിലയിരുത്തലുമായി ബന്ധപ്പെട്ട് നാം സാധാരണയായി ഉപയോഗിക്കാറുള്ള പദങ്ങളാണല്ലോ Evaluation, Examination, Assessment ഈ പദങ്ങൾ കൊണ്ട് എന്താണ് അർത്ഥമാക്കുന്നത്?

Assessment
The act of judging a person or a situation or an event.

Examination
The act of examining something closely

Evaluation
The act of fixing the value or worth of something.

കുട്ടികളുടെ പഠനം വിലയിരുത്തുന്നതിന് വിശാലമായ അർഥത്തിൽ വ്യത്യസ്തമായ മൂന്ന് ഉദ്ദേശ്യങ്ങളുണ്ട്.

1. കുട്ടിയുടെ പഠനത്തിനാവശ്യമായ പിന്തുണ നൽകൽ
2. കുട്ടിയുടെ പഠനനിലവാരം തിട്ടപ്പെടുത്തി പ്രമോഷൻ, സർട്ടിഫിക്കേഷൻ എന്നിവ നടത്തൽ
3. വിദ്യാഭ്യാസ മേഖലയിലെ പുരോഗതി സമൂഹത്തെ അറിയിച്ച് അംഗീകാരം നേടൽ.

ഈ ഉദ്ദേശ്യങ്ങൾ ഓരോന്നും അവയുടെ അർഥതലത്തിലും പ്രായോഗികരീതിയിലും സ്വാഭാവത്തിലും വ്യത്യാസപ്പെട്ടിരിക്കുന്നു. ഉദ്ദേശ്യങ്ങൾ വ്യത്യസ്തമാകുമ്പോൾ വിലയിരുത്തൽ സമീപന രീതികളും വ്യത്യസ്തമാകുന്നു. വിലയിരുത്തലിന്റെ ഉദ്ദേശ്യമനുസരിച്ച് ഓരോന്നിനും യോജിച്ച വിലയിരുത്തൽ രീതികൾ വികസിപ്പിക്കണം.

വിലയിരുത്തലിന് പ്രധാനമായും മൂന്നു തലങ്ങളാണുള്ളത്

1. പഠനത്തിനായുള്ള വിലയിരുത്തൽ

പഠനം നടക്കുമ്പോൾ അതിന്റെ ഫലപ്രാപ്തിക്കായി നടത്തുന്ന വിവിധ ഇടപെടലുകളും വിലയിരുത്തലും ഫീഡ്ബാക്ക് നൽകലുമാണ് പഠനത്തിനായുള്ള വിലയിരുത്തൽ. ഇത് ഓരോ പഠനപ്രവർത്തനത്തിലും ചേർന്നു നിൽക്കുന്നതാണ്.

- പഠനത്തിലുൾച്ചേർന്ന തുടർച്ചയായ പ്രക്രിയയാണ്
- പനത്തെ സഹായിക്കുന്ന പ്രവർത്തനമാണ്
- ഗുണാത്മകമായ വിലയിരുത്തലാണ് ഇതിലൂടെ നടക്കുന്നത്.
- കുട്ടി എങ്ങനെ പഠിക്കുന്നു എന്നതിലാണ് ഇതിന്റെ ഊന്നൽ

പഠനത്തിനായുള്ള വിലയിരുത്തൽ എങ്ങനെ കുട്ടിയെ സഹായിക്കും?

- ക്ലാസ്റൂം പ്രവർത്തനത്തിൽ ആവശ്യമായ മാറ്റം വരുന്നു.
- പഠനത്തിന്റെ ഉത്തരവാദിത്വം സ്വയം ഏറ്റെടുക്കാനുള്ള ആത്മവിശ്വാസം കുട്ടിക്കുണ്ടാകുന്നു.
- വിലയിരുത്തൽ സൂചകങ്ങളെക്കുറിച്ച് കുട്ടിക്ക് ധാരണയുണ്ടാകുന്നു.
- ക്രിയാത്മകമായ നിർദേശങ്ങളിലൂടെ മുന്നോട്ട് പോകാൻ കുട്ടിയെ സഹായിക്കുന്നു.

2. വിലയിരുത്തൽ തന്നെ പഠനം

താൻ ചെയ്ത പ്രവർത്തനത്തിലൂടെ സ്വയം വിമർശനാത്മകമായി കടന്നുപോകുന്ന ഒരു പഠിതാവ് തന്റെ മികവുകളും പരിമിതികളും തിരിച്ചറിയുന്ന പ്രക്രിയയാണിത്. സ്വയം വിലയിരുത്തലിലൂടെയുള്ള തിരുത്തൽ പ്രക്രിയ, പഠനം തന്നെയാണ്, കൂടുതൽ ആഴത്തിലുള്ള പഠനവുമാണ്.

കുട്ടികളുടെ സ്വയം വിലയിരുത്തലിലൂടെ ടീച്ചർക്ക് ലഭിച്ച വിവരങ്ങൾ എന്തൊക്കെയാവാം? ഇത് കുട്ടി ചെയ്ത പ്രവർത്തനത്തെക്കുറിച്ച് അവന്റെ തന്നെ വിലയിരുത്തലുകളാണ്. കുട്ടി തന്റെ പ്രവർത്തനങ്ങളെ എങ്ങനെ നോക്കിക്കാണുന്നു, കുട്ടിക്ക് തന്നെക്കുറിച്ചു തന്നെയുള്ള അഭിപ്രായം എന്താണ്, താൻ ചിന്തിച്ച വഴികൾ പ്രശ്നപിഹരണത്തിന് എത്രമാത്രം യോജിച്ചതാണ് എന്നീ സ്വയം വിലയിരുത്തലുകൾ, വിലയിരുത്തൽ തന്നെ പഠനം എന്ന ഉദ്ദേശ്യവുമായി ബന്ധപ്പെട്ട വിവരങ്ങളാണ്.

ഇതിലൂടെ ലഭ്യമാകുന്ന വിവരങ്ങളെ ഇങ്ങനെ ക്രോഡീകരിക്കാം.

- പഠനപ്രക്രിയയ്ക്കിടയിൽ ടീച്ചർക്ക് ലഭിക്കുന്നവയാണ്.
- കുട്ടിയുടെ സ്വയം വിലയിരുത്തലിൽ നിന്നും ലഭിക്കുന്നവയാണ്.
- കുട്ടിയിൽ നടത്തിയ പഠനത്തിന്റെ സ്വഭാവം, നല്കുന്ന പഠനപ്രക്രിയ എന്നിവയെക്കുറിച്ച് കുട്ടിക്കും ടീച്ചറിനും വ്യക്തമാകുന്ന വിവരങ്ങൾ നൽകുന്നു.
- സ്വയം മെച്ചപ്പെടുത്താൻ അവസരം നൽകിയവയാണ്.
- തന്റെ പഠനപ്രക്രിയയുടെ ആസൂത്രണം, നിർവഹണം, പ്രശ്നപരിഹരണം എന്നിവയെക്കുറിച്ച് ബോധവാനാകാൻ കുട്ടിക്കും, ഇതിനെക്കുറിച്ച് കുട്ടി ബോധവാനാണോ എന്നറിയാൻ അധ്യാപികയ്ക്കും വേണ്ട വിവരങ്ങൾ നൽകുന്നു.

3. പഠനത്തെ വിലയിരുത്തൽ

ഒരു നിശ്ചിത സമയത്തിന് ശേഷം എന്തെല്ലാം പഠിച്ചു എന്നു വിലയിരുത്തി അതു സംബന്ധിച്ച് വിവരം നൽകുന്നതാണ് പഠനത്തെ വിലയിരുത്തൽ എന്നതുകൊണ്ട് അർത്ഥമാക്കുന്നത് എന്ന് നിങ്ങൾക്കറിയാമല്ലോ. നിശ്ചിത ഇടവേളകളിൽ ഒരു പഠിതാവിനുണ്ടായ മാറ്റം, പഠനനിലവാരത്തിലുണ്ടായ മാറ്റം എന്നിവ വിലയിരുത്തുന്നതിനെ പഠനത്തെ വിലയിരുത്തൽ എന്നു പറയാം. ടേം വിലയിരുത്തലുകൾ ഈ ധർമ്മമാണ് നിർവ്വഹിക്കുന്നത്.

- നേടിയ ആശയം എത്രത്തോളം നിലനിൽക്കുന്നുവെന്ന് അറിയാനുള്ള വിവരങ്ങൾ നൽകുന്നു.
- പഠനലക്ഷ്യങ്ങളുടെ അടിസ്ഥാനത്തിൽ കുട്ടികളുടെ പഠനനിലവാരം നിർണയിക്കാൻ ഉപയോഗിക്കാവുന്ന വിവരങ്ങൾ നൽകുന്നു.

പഠനത്തിനായുള്ള വിലയിരുത്തൽ, വിലയിരുത്തൽ തന്നെ പഠനം, പഠനത്തെ വിലയിരുത്തൽ എന്നീ തലങ്ങൾ നാലാം ക്ലാസിലെ "വായിക്കാം വരക്കാം" എന്ന യൂണിറ്റടിസ്ഥാനമാക്കി വിശകലനം ചെയ്തു നോക്കാം.

- കേരളത്തിന്റെ ഭൂപടത്തിൽ ചിഹ്നങ്ങൾ ഉപയോഗിച്ച് വിഭവങ്ങൾ അടയാളപ്പെടുത്തിയത് - നിരീക്ഷിച്ച് പറയുന്നു.
- ദിക്കുകൾ പാലിച്ച് ക്ലാസ് മുറിയുടെ രൂപരേഖ വരയ്ക്കുന്നു.
- സ്വന്തം പഞ്ചായത്തിന്റെ ഭൂപടത്തിൽ വിഭവങ്ങൾ, ചിഹ്നങ്ങൾ ഉപയോഗിച്ച് അടയാളപ്പെടുത്തുന്നു.
- ഇവിടെ ഓരോ പ്രവർത്തനം നടക്കുമ്പോഴും അധ്യാപികയ്ക്ക് കുട്ടികളെ സഹായിക്കേണ്ടിവരുന്നു. പ്രവർത്തനങ്ങൾക്കുള്ള നിർദ്ദേശങ്ങൾ നൽകേണ്ടിവരുന്നു. ആവശ്യമായ മാറ്റങ്ങൾ നിർദ്ദേശിക്കുന്നു. രൂപപ്പെട്ട ഉത്പന്നങ്ങളായ കുറിപ്പുകൾ, രൂപരേഖ, വിഭവഭൂപടം എന്നിവ വിലയിരുത്തുന്നു. ഇതിലൂടെ പഠനത്തിനായുള്ള വിലയിരുത്തൽ പ്രക്രിയ പഠനത്തോടൊപ്പം നടക്കുന്നു. ഇവയെല്ലാം TM ന്റെ വിലയിരുത്തൽ പേജിൽ രേഖപ്പെടുത്തണം.
- ഓരോ കുട്ടിയ്ക്കും താൻ തയാറാക്കിയ കുറിപ്പും രൂപരേഖയും വിഭവഭൂപടവും ക്ലാസിൽ പൊതു അവതരണത്തിലോ ഗ്രൂപ്പിൽ അവതരിപ്പിച്ചോ മറ്റു കുട്ടികളുടെ ഉത്പന്നവുമായി താരതമ്യം ചെയ്യുന്നതിനും മേന്മകളും പോരായ്മകളും മനസ്സിലാക്കുന്നത്തിനും സാധിക്കുന്നു. അതോടൊപ്പം പോരായ്മകൾ പരിഹരിച്ച് മെച്ചപ്പെടുത്താനവസരം ലഭിക്കുകയും ചെയ്യുന്നു. ഉൽപ്പന്നം ടീച്ചർ വിലയിരുത്തുന്നതിന്റെ ഭാഗമായി ആവശ്യാനുസരണം കൈത്താങ്ങ് നൽകികൊണ്ട് വിലയിരുത്തൽ തന്നെ പഠനമായി മാറുന്നു. ഇത്തരം സഹായങ്ങളും വരുത്തുന്ന മാറ്റങ്ങളും പ്രതിഫലനകുറിപ്പുകളായി TM ൽ അധ്യാപിക രേഖപ്പെടുത്തി തുടർപ്രവർത്തന ആസൂത്രണത്തിന് ഉപയോഗപ്പെടുത്തണം
- പഠനത്തെ വിലയിരുത്തുന്നത് നിശ്ചിത ഇടവേളകളിലാണ്. "വായിക്കാം വരയ്ക്കാം" എന്ന യൂണിറ്റ് കഴിയുമ്പോൾ പഠനനേട്ടങ്ങൾ എത്രത്തോളം കുട്ടികളിലെത്തിയെന്ന് വിലയിരുത്തുന്നു.

അതിനായി യൂണിറ്റ് ടെക്സ്റ്റ, ക്വിസ്, പഠനോത്പന്നങ്ങളുടെ വിലയിരുത്തൽ, പ്രത്യേകം ചോദ്യ പേപ്പർ ഉപയോഗിച്ചുള്ള മൂല്യനിർണയം എന്നിവ നടത്താം. കണ്ടെത്തലുകൾ രക്ഷിതാക്കളു മായി പങ്കുവയ്ക്കാം. ക്ലാസ് കയറ്റത്തിന് മാനദണ്ഡമാക്കാം തുടർ പ്രവർത്തനങ്ങളുടെ ആസൂത്ര ണത്തിന് ഉപയോഗപ്പെടുത്തകയും ചെയ്യാം.

അതുപോലെ യൂണിറ്റിന്റെ അവസാനം നൽകിയിട്ടുള്ള വർക്ക്ഷീറ്റുകളും ചെക് ലിസ്റ്റുകളും ഉപയോഗ പ്പെടുത്തിയും പഠനത്തെ വിലയിരുത്താം.

പഠനവും വിലയിരുത്തലും തമ്മിലുള്ള ബന്ധം നാം മനസിലാക്കിയല്ലോ. നമ്മുടെ ക്ലാസ് റൂം പ്രവർത്ത നങ്ങളിൽ ഏതെല്ലാം വിലയിരുത്തലിലൂടെ കുട്ടി കടന്നുപോകേണ്ടതുണ്ട്? ക്ലാസ് റൂം പ്രവർത്തനങ്ങ ളുടെ ഭാഗമായി നാലുതരം വിലയിരുത്തലുകളാണ് നടക്കേണ്ടത്.

1. സ്വയം വിലയിരുത്തൽ
2. പരസ്പര വിലയിരുത്തൽ
3. ഗ്രൂപ്പ് വിലയിരുത്തൽ
4. അധ്യാപികയുടെ വിലയിരുത്തൽ

എന്നീ വിലയിരുത്തൽ സാധ്യതകളാണ് ക്ലാസിൽ ദൈനംദിനം നടക്കുന്നത്. ഓരോ കുട്ടിക്കും തന്റെ പ്രവർത്തനത്തെക്കുറിച്ച് സ്വയം വിലയിരുത്താനും തന്റെ കൂട്ടുകാരെ വിലയിരുത്താനും അവസരം ലഭി ക്കുകയാണെങ്കിൽ അതായിരിക്കും പഠനത്തിന് ഏറ്റവും പ്രയോജനപ്രദം. കാരണം അപ്പോഴാണ് വില യിരുത്തൽ സ്വയംപഠനമായി മാറുന്നത്. സ്വീകരിച്ച തന്ത്രങ്ങൾ/രീതികൾ, ചിന്തിച്ച രീതികൾ, തന്റെ കണ്ടെത്തലിന്റെ മെച്ചങ്ങൾ/പരിമിതികൾ/അതിന്റെ കാരണങ്ങൾ, കണ്ടെത്തലുകൾ അവതരിപ്പിച്ച രീതി, പഠനാനുഭവങ്ങളുടെ മികവുകൾ ഇവയെല്ലാം സ്വയം വിലയിരുത്തലിൽ പരിഗണിക്കപ്പെടേണ്ടതാണ്.

3,4 ക്ലാസുകളിലെ പരിസരപഠനത്തിലെ ഏതെങ്കിലും ഒരു ആശയവുമായി ബന്ധപ്പെട്ട പ്രവർത്ത നത്തിലൂടെ വിലയിരുത്തലിന്റെ വിവിധ തലങ്ങൾ പരിശോധിക്കൂ.

ഗ്രൂപ്പുപ്രവർത്തനങ്ങൾ നടക്കുമ്പോൾ ഗ്രൂപ്പിനുള്ളിലും, ഗ്രൂപ്പ് ഉൽപ്പന്നങ്ങൾ അവതരിപ്പിക്കുമ്പോൾ ഗ്രൂപ്പുകൾ തമ്മിലുമുള്ള വിലയിരുത്തൽ പഠനത്തിന് സഹായകമാണ്. ക്ലാസിലെ പൊതുനിലവാര ത്തിൽ താൻ എവിടെ/തന്റെ ഗ്രൂപ്പ് എവിടെ നിൽക്കുന്നു, ഇനിയും ഏതെല്ലാം മെഖലകളിൽ മെച്ചപ്പെടാ നുണ്ട് എന്ന തിരിച്ചറിയലിന് പരസ്പര വിലയിരുത്തൽ ഉപകരിക്കുന്നു. ഗ്രൂപ്പു പ്രവർത്തനങ്ങളിൽ സ്വത ന്ത്രമായും നിർഭയമായും ഇടപെടുന്ന കുട്ടിക്ക്, തന്നെ മാത്രമല്ല മറ്റുള്ളവരെയും വിലയിരുത്താൻ അവ സരം ലഭിക്കുന്നു. ഇതിലൂടെ തന്റെ പോരായ്മകൾ തിരിച്ചറിയാനും അതു പരിഹരിക്കാൻ മറ്റുള്ളവരുടെ സഹായം തേടാനും കുട്ടിക്ക് കഴിയുന്നു. അതോടൊപ്പം സഹായം ആവശ്യമുള്ള കുട്ടികളെ കണ്ടെ ത്താനും അവരെ സഹായിക്കാനും കഴിയുന്നു.

സ്വയം വിലയിരുത്തലും പരസ്പര വിലയിരുത്തലും കുട്ടിയെ എങ്ങനെയെല്ലാം സഹായി ക്കുന്നു?

- തന്റെ പഠനത്തെ മെച്ചപ്പെടുത്താനും നിയന്ത്രിക്കാനും കഴിയുന്നു.
- സ്വന്തം ചിന്തയുടെ രീതി, ദിശ എന്നിവ തിരിച്ചറിയാൻ
- സ്വതന്ത്രമായും, ഗ്രൂപ്പിലും പ്രവർത്തിക്കാൻ കഴിയും.
- പ്രശ്നകാരണങ്ങൾ കണ്ടെത്താനും പരിഹരിക്കാനും
- പഠനപ്രക്രിയയിൽ ഉൾച്ചേർന്ന് പ്രവർത്തിക്കാൻ
- നിർദിഷ്ട പ്രവർത്തനത്തിന്റെ ലക്ഷ്യത്തിലെത്തിച്ചേരാൻ
- മറ്റുള്ളവരെ വിലയിരുത്താൻ

- തന്റെ ഉത്തരവാദിത്വം തിരിച്ചറിഞ്ഞ് പ്രവർത്തിക്കാൻ

അധ്യാപികയുടെ വിലയിരുത്തൽ

കുട്ടികളുടെ പഠനം വിലയിരുത്താനുള്ള നിരവധി തന്ത്രങ്ങളും ടൂളുകളും അധ്യാപികയ്ക്ക് ഉപയോഗിക്കാം. പക്ഷെ ക്ലാസ് മുറിയിലെ പഠനത്തിന്റെ ഉദ്ദേശ്യം, പഠനപ്രക്രിയയുടെ സ്വഭാവം, വിലയിരുത്തലിന്റെ ഉദ്ദേശ്യം, വിലയിരുത്തൽ രീതി, കുട്ടികൾക്ക് അതിലൂടെ ലഭിക്കേണ്ട പഠനപിന്തുണ എന്നിവയാണ് ഒരു നിശ്ചിത സന്ദർഭത്തിൽ ഏത് വിലയിരുത്തൽ തന്ത്രമാണ് ഉപയോഗിക്കേണ്ടത് എന്നതിന് അടിസ്ഥാനം. സ്വീകരിച്ച മാർഗങ്ങൾ, മറ്റുള്ളവരുടെ ആശയങ്ങൾ ശ്രദ്ധിക്കാനും പരിഗണിക്കാനും വിലയിരുത്താനും സ്വന്തം അറിവുമായി കൂട്ടിച്ചേർക്കാനുമുള്ള സന്നദ്ധതയും മനോഭാവവും, പഠനനേട്ടങ്ങൾ എത്രത്തോളം കൈവരിച്ചിട്ടുണ്ട്, നൽകേണ്ട സഹായങ്ങൾ എന്തെല്ലാമാണ് ഇവയെല്ലാം അധ്യാപകന്റെ വിലയിരുത്തലിൽ പരിഗണിക്കപ്പെടണം.

വിലയിരുത്തൽ ഉപാധികൾ

നാം സാധാരണയായി ക്ലാസ് മുറിയിൽ ഉപയോഗിക്കുന്ന ചില വിലയിരുത്തൽ ഉപാധികൾ ചുവടെ പട്ടികപ്പെടുത്തിയിരിക്കുന്നു. ഇവയുമായി ബന്ധപ്പെട്ട വിവരങ്ങൾ അന്വേഷിച്ച് കണ്ടെത്തൂ.ഡയറിയിൽ രേഖപ്പെടുത്തലുകൾ നടത്തൂ..

- വർക്ക് ഷീറ്റുകൾ
- ചെക്ക് ലിസ്റ്റ്
- റേറ്റിംഗ് സ്കെയിൽ
- ചോദ്യാവലി
- ഡയറി
- ഫോർമാറ്റുകൾ

വിവിധ ആശയങ്ങളുമായി ബന്ധപ്പെട്ട് വിലയിരുത്തൽ ഉപാധികൾ വികസിപ്പിക്കൂ. ഗ്രൂപ്പിൽ വിശകലനം ചെയ്യു.

വിലയിരുത്തേണ്ടത് എപ്പോൾ?

പഠനഫലത്തെക്കുറിച്ചുള്ള വിലയിരുത്തൽ പഠന ബോധന പ്രക്രിയയുമായി ബന്ധപ്പെട്ടു നിരന്തരമായി നടക്കുന്ന ഒന്നാണ്. വിലയിരുത്തൽ സമഗ്രമാക്കുന്നതിന് വേണ്ടി പഠനത്തിന്റെ എല്ലാ വശങ്ങൾക്കും അർഹമായ അംഗീകാരം നല്കേണ്ടതുണ്ട്. ഇത് പഠനത്തിനായുള്ള വിലയിരുത്തൽ പ്രകിയയിലൂടെയാണ് നടക്കേണ്ടത്. അധ്യാപകർ തുടർച്ചയായി കുട്ടിയുടെ പുരോഗതി നിരീക്ഷിച്ചുകൊണ്ടിരിക്കുമെങ്കിലും അതിനെക്കുറിച്ച് വിചിന്തനം ചെയ്യാനും പഠനനിലവാരം കണ്ടെത്താനും നിശ്ചിതകാലയളവ് ആവശ്യമായി വരും. അനൗപചാരികവും ഔപചാരികവുമായ വിലയിരുത്തൽ പ്രക്രിയ തുടർച്ചയായി നടത്തി ഓരോ കുട്ടിയുടെയും പഠനപുരോഗതി കണ്ടെത്തണം. ഓരോ ടേം അവസാനിക്കുമ്പോഴും കുട്ടി ചെയ്ത കാര്യങ്ങൾ പരിശോധിക്കുകയും ഓരോ ടേമിന്റെയും വിശദമായ റിവ്യൂ നടത്തുകയും വേണം.

വിലയിരുത്തൽ എങ്ങനെ?

ഓരോ കുട്ടിയും വ്യത്യസ്ത രീതിയിലാണ് പഠനം നടത്തുന്നതെന്നും പഠനം ക്ലാസ്മുറിയിൽ മാത്രമായി നടക്കുന്ന ഒരു പ്രക്രിയയല്ലെന്നും നിങ്ങൾ മനസിലാക്കിയല്ലോ. ഇവിടെ നാം രണ്ടുകാര്യങ്ങൾ ശ്രദ്ധിക്കണം. ഒന്നാമതായി പലവിധ സ്രോതസ്സുകളിൽ നിന്നുള്ള വിവരങ്ങൾ ശേഖരിക്കും. രണ്ടാമതായി വ്യത്യസ്തമായ നിരവധി അനുഭവങ്ങളിലൂടെയും പ്രവർത്തനങ്ങളിലൂടെയും പഠനചുമതലകളിലൂടെയും കടന്നുപോകുന്ന ഓരോ കുട്ടിയിലും യഥാർഥത്തിൽ പഠനം നടക്കുന്നുണ്ടോ എന്നറിയാനായി വ്യത്യസ്തമായ വിലയിരുത്തൽ രീതികൾ ഉപയോഗിക്കേണ്ടി വരും.

പഠനനേട്ടങ്ങൾ ഉറപ്പാക്കുന്ന തരത്തിലുള്ള പഠനസമീപനം സ്വീകരിക്കുമ്പോൾ അതിന് അനുഗുണമായ വിലയിരുത്തൽ സമീപനവും സ്വീകരിക്കേണ്ടതാണ്. ആയതിനാൽ പഠനനേട്ടങ്ങൾക്ക് ഊന്നൽ നല്കുന്ന വിലയിരുത്തൽ സമീപനമാണ് (Outcome focused assessment approach) സ്വീകരിക്കേണ്ടത്. പഠനനേട്ട

ങ്ങൾക്ക് ഊന്നൽ നല്കി രൂപപ്പെടുത്തുന്ന പഠനപ്രവർത്തനങ്ങളിൽ പഠിതാവിന്റെ സജീവപങ്കാളിത്തം ഉറപ്പ് വരുത്തുന്നു. വിമർശനാത്മക ചിന്ത, പഠനത്തിന്റെ പ്രതിഫലനവും പ്രകടനവും, പരസ്പരബന്ധിതമായ അറിവ് തുടങ്ങിയവ പഠനനേട്ടങ്ങൾക്ക് ഊന്നൽ നൽകിയുള്ള പഠനത്തിന്റെ സവിശേഷതകളാണ്. പഠനം കൂടുതൽ കാര്യക്ഷമമായി നിർവ്വഹിക്കണമെങ്കിൽ മുമ്പ് നാം ചർച്ച ചെയ്ത വിലയിരുത്തൽ തന്നെ പഠനം, പഠനത്തിനായുള്ള വിലയിരുത്തൽ എന്നിവയ്ക്ക് കൂടുതൽ ഊന്നൽ നൽകേണ്ടതുണ്ട്. അത്തരത്തിൽ പഠനം ഫലപ്രദമാകുന്നതിന് വിലയിരുത്തൽ പ്രക്രിയകൾക്കുള്ള പ്രാധാന്യം നൽകുന്ന സമീപനമാണ് നമ്മൾ സ്വീകരിക്കേണ്ടത്.

വിലയിരുത്തൽ മേഖലകളും സൂചകങ്ങളും

A. പ്രക്രിയാ ശേഷികളുടെ വിലയിരുത്തൽ

നിരീക്ഷണം.

പ്രശ്നപരിഹരണത്തിനാവശ്യമായ വിവരശേഖരണത്തിനായി ഇന്ദ്രിയങ്ങളെ ഉപയോഗിച്ചിട്ടുണ്ട്.

- വ്യത്യസ്ത വസ്തുക്കൾ, സംഭവങ്ങൾ എന്നിവ തമ്മിലുള്ള സാമ്യവ്യത്യാസങ്ങൾ കണ്ടെത്തിയിട്ടുണ്ട്.
- ഒരേ പോലുള്ള വസ്തുക്കൾ/സംഭവങ്ങൾ എന്നിവ തമ്മിലുള്ള വ്യത്യാസങ്ങൾ/ സാമ്യങ്ങൾ കണ്ടെത്തിയിട്ടുണ്ട്.
- നിരീക്ഷണ ഫലങ്ങൾ വാക്കാൽ/എഴുത്തിലൂടെ അവതരിപ്പിച്ചിട്ടുണ്ട്.
- സങ്കീർണത കൂടി വരുന്ന ചിത്രങ്ങൾ, മാപ്പുകൾ, പട്ടികകൾ എന്നിവയിൽ നിന്നും പ്രസക്തമായ വിവരങ്ങൾ തെരഞ്ഞെടുത്തിട്ടുണ്ട്.

വർഗീകരണം

നിരീക്ഷിക്കാൻ കഴിയുന്ന സ്വഭാവ വിശേഷങ്ങളുടെ അടിസ്ഥാനത്തിൽ ഒരുപറ്റം വ്സതുക്കളെ/ആശയങ്ങളെ തിരിച്ചറിഞ്ഞിട്ടുണ്ട്.

ഒരു കൂട്ടം വസ്തുക്കളുടെ/ആശയങ്ങളുടെ വ്യത്യാസങ്ങൾ/വിഭിന്നതകൾ തിരിച്ചറിഞ്ഞിട്ടുണ്ട്.

ഒരു കൂട്ടം വസ്തുക്കളുടെ/ആശയങ്ങളുടെ സമാനതകൾ തിരിച്ചറിഞ്ഞ് കൂട്ടങ്ങളാക്കിയിട്ടുണ്ട്.

മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ വ്യത്യാസം വിശദമാക്കി വസ്തുക്കളെ/വിവരങ്ങളെ കൂട്ടങ്ങളാക്കിയിട്ടുണ്ട്.

ആശയം വിനിമയം ചെയ്യൽ

പട്ടികകൾ, ഗ്രാഫുകൾ, മാപ്പുകൾ, ചാർട്ടുകൾ എന്നിവയിലൂടെ ഫലപ്രദമായി ആശയവിനിമയം നടത്തിയിട്ടുണ്ട്.

ചിത്രം വരച്ചും മാതൃകകൾ നിർമിച്ചും ആശയവിനിമയം നടത്തിയിട്ടുണ്ട്.

കുറിപ്പുകൾ, വിവരങ്ങൾ, റിപ്പോർട്ടുകൾ എന്നിവയിലൂടെ ആശയവിനിമയം നടത്തിയിട്ടുണ്ട്.

അളക്കൽ

അളന്ന് തിട്ടപ്പെടുത്തേണ്ട വിവരങ്ങൾ ഏതാണെന്നു കണ്ടെത്തിയിട്ടുണ്ട്.

അനുയോജ്യമായ തോത് ഉപയോഗിച്ച് അളന്നിട്ടുണ്ട്.

അളവ് കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ട്.

നിഗമനം രൂപീകരിക്കൽ

ശേഖരിച്ച വിവരങ്ങളിൽ നിന്നും പ്രശ്നപരിഹരണത്തിനാവശ്യമായ അളവുകൾ കണ്ടെത്തിയിട്ടുണ്ട്.

ലഭ്യമായ ദത്തങ്ങളുടെ പരസ്പരബന്ധം കണ്ടെത്തിയിട്ടുണ്ട്.

ദത്തങ്ങളിൽ നിന്നും പാറ്റേണുകൾ രൂപീകരിച്ചിട്ടുണ്ട്.

സംഭവത്തിന്റെ/പ്രതിഭാസത്തിന്റെ സാധ്യമായ കാരണങ്ങൾ യുക്തിസഹമായി തിരിച്ചറിഞ്ഞിട്ടുണ്ട്/പ്രവചിച്ചിട്ടുണ്ട്.

കണ്ടെത്തലുകളുടെ പ്രകൃതവുമായി ചേർന്നുപോകാത്ത തെളിവുകൾ പരിശോധിച്ചിട്ടുണ്ട്.

ഊഹത്തിന്റെ സാധുത പരിശോധിച്ചിട്ടുണ്ട്.

അനുഭവങ്ങളിലൂടെ/പരീക്ഷണങ്ങളിലൂടെ ലഭിക്കുന്ന തെളിവുകളുടെ അടിസ്ഥാനത്തിലാണ് നിഗമനങ്ങൾ രൂപീകരിച്ചിട്ടുള്ളത്.

പരീക്ഷണങ്ങൾ

ഉപകരണങ്ങൾ കൃത്യതയോടെ, സൂക്ഷ്മതയോടെ കൈകാര്യം ചെയ്യുന്നുണ്ട്.

പരീക്ഷണം നിരീക്ഷിച്ച് പ്രശ്നപരിഹരണത്തിനാവശ്യമായ തെളിവുകൾ ശേഖരിക്കുന്നുണ്ട്.

പരീക്ഷണഫലങ്ങൾ രേഖപ്പെടുത്തുകയും വിശകലനം ചെയ്ത് നിഗമനത്തിൽ എത്തിച്ചേരുകയും ചെയ്യുന്നുണ്ട്.

B. പഠനനേട്ടങ്ങളുടെ വിലയിരുത്തൽ

അനുയോജ്യമായ സാമഗ്രികൾ ഉപയോഗിച്ച് പരീക്ഷണം രൂപകല്പന ചെയ്യുന്നുണ്ട്.

പരിസരപഠനത്തിലെ വിലയിരുത്തൽ എങ്ങനെയാവാം?

ഇവിടെ രണ്ടുതരത്തിലുള്ള വിലയിരുത്തലാണ് നിർദേശിക്കുന്നത്.

1. നിരന്തരവിലയിരുത്തൽ
2. ടേം വിലയിരുത്തൽ

നിരന്തരവിലയിരുത്തൽ

മൂന്നു രീതിയിലുള്ള നിരന്തരവിലയിരുത്തലാണ് നടക്കേണ്ടത്.

- പഠനപ്രക്രിയയുടെ വിലയിരുത്തൽ
- ഉൽപ്പന്നങ്ങളുടെ വിലയിരുത്തൽ
- യൂണിറ്റ് തല വിലയിരുത്തൽ

എന്താണ് വിലയിരുത്തേണ്ടത്



നിങ്ങൾ രണ്ടാം യൂണിറ്റിൽ പരിചയപ്പെട്ട സ്റ്റാൻഡേർഡ് 'വായിക്കാം വരയ്ക്കാം' എന്ന യൂണിറ്റിലെ ടീച്ചിങ് മാന്വൽ പരിശോധിക്കൂ. മുകളിൽ ചിത്രീകരിച്ചിരിക്കുന്ന ഫ്ളോ ചാർട്ടിന്റെ അടിസ്ഥാന ത്തിൽ നിരന്തരവിലയിരുത്തലിന്റെ മൂന്നു മേഖലകളുമായി ബന്ധപ്പെട്ട് എന്തെല്ലാമാണ് വിലയിരു ത്തലിന് വിധേയമാക്കേണ്ടത്, എന്നു കണ്ടെത്തൂ. പട്ടികപ്പെടുത്തൂ.

പ്രക്രിയ	ഉൽപ്പന്നം	യൂണിറ്റ് തല വിലയിരുത്തൽ

ടേം വിലയിരുത്തൽ

ടേം വിലയിരുത്തൽ എന്ത്?

ഒരു നിശ്ചിത കാലയളവിൽ കുട്ടി നേടുന്ന അറിവ്, ധാരണകൾ, നൈപുണികൾ, മനോഭാവങ്ങൾ എന്നിവയെ ക്രമപ്പെടുത്താനും അവയുടെ പ്രയോഗക്ഷമത വിലയിരുത്താനും സഹായിക്കുന്ന ഉപാധിയാണ് ടേം വിലയിരുത്തൽ. വിമർശനാത്മക ചിന്തയിലൂടെ അറിവു നിർമ്മിച്ചെടുക്കാനുള്ള കുട്ടിയുടെ കഴിവ് എത്രത്തോളമുണ്ടെന്ന് കണ്ടെത്താൻ ടേം വിലയിരുത്തൽ സഹായിക്കുന്നു. ഉയർന്ന ചിന്താശേഷികളെ പ്രയോജനപ്പെടുത്താനും പുതിയ അറിവ് നിർമ്മിക്കാനും കഴിയുന്ന ടേം വിലയിരുത്തലാണല്ലോ നാം പരിഗണിക്കുന്നത്.

ടേം വിലയിരുത്തലുമായി ബന്ധപ്പെട്ട താഴെ നൽകിയിരിക്കുന്ന ഫ്ളോചാർട്ട് പരിശോധിക്കൂ.

ടേം വിലയിരുത്തൽ (പഠനത്തെ വിലയിരുത്തൽ)

പഠനത്തെ വിലയിരുത്തൽ

ഉദ്ദേശ്യം

- പഠനത്തെ വിലയിരുത്തൽ

ഉപയോഗം

- കുട്ടിയുടെ ഒരു നിശ്ചിത കാലയളവിലെ പഠനനിലവാരം പുരോഗതി അറിയൽ
- കുട്ടി, രക്ഷിതാവ് എന്നിവരുമായി പങ്കുവെയ്ക്കൽ
- ക്ലാസ് കയറ്റത്തിന് പരിഗണിക്കൽ
- വിവിധ തലങ്ങളിൽ വിദ്യാഭ്യാസ നിലവാരം താരതമ്യം ചെയ്യൽ
- അധ്യാപിക തന്റെ പ്രക്രിയയിൽ മാറ്റം വരുത്തൽ

ടൂളുകൾ

- ടീച്ചർ തയാറാക്കുന്ന ടൂളുകൾ
- പുറത്തു നിന്ന് തയാറാക്കുന്ന ടൂളുകൾ

മാനദണ്ഡം

- ഏകീകൃത സൂചകങ്ങൾ

വിലയിരുത്തൽ ഫലം

- ഗ്രേഡ്
- പഠനപുരോഗതി

പങ്കുവെയ്ക്കൽ

- CPTA
- SRG

ഏതെല്ലാം ഘട്ടങ്ങളിലൂടെയാണ് ടേം വിലയിരുത്തൽ പൂർത്തിയാകുന്നത്?

ഘട്ടം 1 ആസൂത്രണം

ഘട്ടം 2 നിർവഹണം

ഘട്ടം 3 വിലയിരുത്തൽ

ഘട്ടം 4 ഫീഡ്ബാക്ക് നൽകൽ

ടേം വിലയിരുത്തൽ ടൂളുകൾ തയാറാക്കുന്ന പ്രക്രിയ എന്താണെന്ന് വിശദമായി പരിശോധിക്കാം.

വിലയിരുത്തൽ സമീപനത്തിന്റെ അടിസ്ഥാനത്തിൽ സിദ്ധിശോധകങ്ങളുടെ (Achievment test) ഘട

നയിലും ഭാഷയിലും ചോദ്യമാതൃകയിലും വന്നിട്ടുള്ള മാറ്റങ്ങൾ നിങ്ങൾക്കറിയാമല്ലോ. അവയുടെ നിർമാണവുമായി ബന്ധപ്പെട്ട ഘട്ടങ്ങൾ പരിശോധിക്കാം.

1. ശോധകത്തിന്റെ ആസൂത്രണം
2. ശോധകത്തിന്റെ രൂപരേഖയുടെ രൂപവൽകരണം
3. ബ്ലൂപ്രിന്റിന്റെ രൂപവൽകരണം
4. ഇനങ്ങൾ എഴുതി ഉണ്ടാക്കൽ
5. ഉത്തര സൂചികയും സ്കോറിങ്ങിനുള്ള പദ്ധതിയും
6. ഓരോ ചോദ്യത്തിന്റെയും അപഗ്രഥനം.

വിലയിരുത്തൽ ടൂളുകൾക്ക് ഉണ്ടായിരിക്കേണ്ട പ്രധാന സവിശേഷതകൾ ചുവടെ ചേർക്കുന്നു.

- ഒരു പ്രശ്നസന്ദർഭം സൃഷ്ടിക്കണം
- ഉയർന്ന മാനസികപ്രക്രിയകളിൽ ഊന്നുന്നതായിരിക്കണം.
- കുട്ടിയുടെ അനുഭവ പരിസരത്തെ ബന്ധിപ്പിക്കുന്നതാവണം.
- നേടിയ അറിവിനെ പ്രയോഗിക്കാനുള്ള സന്ദർഭമൊരുക്കണം.
- സൂചകങ്ങളുടെ അടിസ്ഥാനത്തിൽ വിലയിരുത്താൻ സാധിക്കുന്നതായിരിക്കണം.
- കുട്ടിയുടെ അറിവിന്റെ തലവുമായി ചേർന്നുപോകുന്നതാകണം.
- വിവരങ്ങളും നിർദേശങ്ങളും ലളിതമായിരിക്കണം.
- ടെക്സ്റ്റ് സ്വയംവിശദീകരണക്ഷമവും ദൈർഘ്യം കുറഞ്ഞതുമാകണം.
- വ്യത്യസ്ത നിലവാരക്കാരെ പരിഗണിക്കുന്നതാകണം.
- ചോദ്യങ്ങൾ ചിന്താപ്രക്രിയയ്ക്ക് ഊന്നൽ നൽകുന്നതും വെല്ലുവിളി ഉയർത്തുന്നതുമാകണം.
- വ്യക്തതയുള്ള ചിത്രങ്ങൾ, ഗ്രാഫുകൾ, പട്ടികകൾ, ഭൂപടങ്ങൾ തുടങ്ങിയവ ഉപയോഗപ്പെടുത്തണം.
- ജാതി, മത, വർണ, ലിംഗ വിവേചനപരമായ പരാമർശം ഉണ്ടാകരുത്.
- ആശയങ്ങൾക്കും യൂണിറ്റുകൾക്കും ആനുപാതിക പ്രാധാന്യം വേണം.

ഇത്തരം സാധ്യതകൾ പ്രയോജനപ്പെടുത്താൻ സാധിക്കുന്ന പ്രവർത്തനങ്ങളാണ് ടേം വിലയിരുത്തലിന് നാം പരിഗണിക്കേണ്ടത്.

ചോദ്യങ്ങൾ തയ്യാറാക്കുമ്പോൾ പരിഗണിക്കേണ്ട ചിന്താപ്രക്രിയകൾ

- സാമ്യവ്യത്യാസം കണ്ടെത്തൽ
- കാര്യകാരണ ബന്ധം കണ്ടെത്തൽ
- തെളിവുകളുടെ അടിസ്ഥാനത്തിൽ ആശയരൂപീകരണം നടത്താം
- നേടിയ ആശയത്തിന്റെ അടിസ്ഥാനത്തിൽ തരംതിരിക്കൽ
- യുക്തിപരമായി വിശകലനം ചെയ്ത് നിഗമനത്തിലെത്തൽ
- ധാരണകളും അറിവുകളും പുതിയ സന്ദർഭത്തിൽ പ്രയോഗിക്കൽ
- ആശയങ്ങളും വസ്തുതകളും വിശ്ലേഷിക്കാനും സംശ്ലേഷിക്കാനും

ചില ആശയങ്ങളുമായി ബന്ധപ്പെട്ട മൂല്യനിർണയ പ്രവർത്തനങ്ങൾ പരിചയപ്പെടാം.

പ്രവർത്തനം – അധ്വാനം സമ്പത്ത്

എല്ലാ തൊഴിലിനും അതിന്റേതായ മഹത്വമുണ്ടെന്ന് കൂട്ടുകാർക്കറിയാമല്ലോ. ജിത്തുവിന്റെയും കൂട്ടുകാരുടെയും വീട്ടിലുള്ളവർ ചെയ്യുന്ന തൊഴിലുകൾ രേഖപ്പെടുത്തിയിട്ടുള്ള പട്ടിക നോക്കൂ.

തൊഴിൽ	ജിത്തുവിന്റെ വീട്	ബാബുവിന്റെ വീട്	റീനയുടെ വീട്	സൈനബയുടെ വീട്
മത്സ്യ ബന്ധനം	1 ആൾ	2 ആൾ	2 ആൾ	3 ആൾ
കെട്ടിടം നിർമിക്കൽ	2 ആൾ		1 ആൾ	
കൃഷി		1 ആൾ		
ഡോക്ടർ				1 ആൾ

എ) പട്ടികയിൽ നിന്ന് തൊഴിലുമായി ബന്ധപ്പെട്ട കണ്ടെത്തലുകൾ എഴുതൂ

ബി) തൊഴിലുപകരണങ്ങളുടെ പേരും ഉപയോഗവും എഴുതുക.

സി) ചുവടെ ചേർത്തിരിക്കുന്നവയിൽ കൂട്ടത്തിൽ പെടാത്തത് ഏത്? (√) അടയാളമിടുക

എ) നിലമൊരുക്കൽ

ബി) വിത്തുവിതയ്ക്കൽ

സി) കറ്റമെതിക്കൽ

ഡി) തുണിനെയ്യൽ

വിലയിരുത്തൽ ടൂളുകൾക്കുണ്ടായിരിക്കേണ്ട സവിശേഷതകൾ,. ടൂളുകൾ തയാറാക്കുമ്പോൾ പരിഗ ണിക്കേണ്ട ചിന്താപ്രക്രിയകൾ ഇവയുടെ അടിസ്ഥാനത്തിൽ ഇവിടെ നല്കിയിരിക്കുന്ന മൂല്യനിർണ്ണയ പ്രവർത്തനത്തെ വിശകലനം ചെയ്യൂ.

ബ്ലൂപ്രിന്റ്

രൂപരേഖയിലെ വിശദാംശങ്ങൾ വസ്തുനിഷ്ഠമായി ചിത്രീകരിക്കുന്ന ഉദ്ദേശ്യങ്ങളുടെയും പാഠഭാഗങ്ങളുടെയും, ചോദ്യരൂപങ്ങളുടെയും വിശദാംശങ്ങൾ സൂചിപ്പിക്കുന്ന ഒരു ത്രിമാന ചാർട്ടായിട്ടാണ് അത് തയ്യാറാക്കുന്നത്. ബ്ലൂപ്രിന്റ് ശോധകത്തിന്റെ വ്യക്തമായ ചട്ടക്കൂട് നൽകുകയും ചോദ്യകർത്താവ് പാലിക്കേണ്ട അതിരുകൾ സാമാന്യമായി സൂചിപ്പിക്കുകയും ചെയ്യുന്നു.

ആപേക്ഷിക പ്രാധാന്യം കാണിക്കുന്ന ഒരു രൂപരേഖയുടെയും അതിനൊത്ത ഒരു ബ്ലൂപ്രിന്റിന്റെയും അടിസ്ഥാനത്തിലാണ് ശോധകം തയ്യാറാക്കുന്നത്.

I പഠനനേട്ടങ്ങളുടെ ആപേക്ഷിക പ്രാധാന്യം

ക്രമനമ്പർ	പഠനനേട്ടങ്ങൾ	സ്കോർ	ശതമാനം
1	ജീവികളെ സവിശേതകൾക്കനുസരിച്ച് തരം തിരിക്കുന്നു	5	17
2	ആവാസ വ്യവസ്ഥയും അവയുടെ പ്രാധാന്യവും വിശദീകരിക്കണം	5	17
3	ഇലകളിലെ സിരാവിന്യാസം - വേരുപടലവുമായ ബന്ധം	10	33
4	സ്വാതന്ത്ര്യസമര ചരിത്രവുമായി ബന്ധപ്പെട്ട സംഭവങ്ങൾ കണ്ടെത്തുക.	10	33
	ആകെ	**30**	**100**

II. ഉള്ളടക്കത്തിന്റെ ആപേക്ഷിക പ്രാധാന്യം

ക്രമനമ്പർ	ഉള്ളടക്കം	സ്കോർ	ശതമാനം
1	വയലും വനവും	5	17
2	ഇലയ്ക്കുമുണ്ട് പറയാൻ	10	33
3	പക്ഷികളുടെ കൗതുകലോകം	5	17
4	സ്വാതന്ത്ര്യത്തിലേക്ക്	10	33
	ആകെ	**30**	**100**

III. ചോദ്യമാതൃകകളുടെ ആപേക്ഷിക പ്രാധാന്യം

ക്രമനമ്പർ	ചോദ്യമാതൃക	സ്കോർ	എണ്ണം	സ്കോർ ശതമാനം
1	വസ്തുനിഷ്ഠം	4	4	13
2	വിവരണാത്മകം	26	14	87
	ആകെ	30	18	100

IV. വിഷമതാ നിലവാരത്തിന്റെ ആപേക്ഷിക പ്രാധാന്യം

ക്രമനമ്പർ	ചോദ്യമാതൃക	സ്കോർ	എണ്ണം
1	ലളിതം	6	6
2	ശരാശരി	6	12
3	കഠിനം	6	12

ചോദ്യമാതൃകകളുടെ ആപേക്ഷിക പ്രാധാന്യം

ക്രമ നമ്പർ	*ആശയങ്ങൾ/ പഠന നേട്ടങ്ങൾ	ചോദ്യമാതൃക				ആകെ	
		വസ്തുനിഷ്ഠം		വിവരണാത്മകം			
		ചോദ്യങ്ങളുടെ എണ്ണം	സ്കോർ	ചോദ്യങ്ങളുടെ എണ്ണം	സ്കോർ	ചോദ്യങ്ങളുടെ എണ്ണം	സ്കോർ
1	LO.1	1	1	2	4	3	5
2	LO. 2	1	1	2	4	3	5
....							
.....							

* ഇതിൽ ഉദ്ദേശ്യങ്ങളും പാഠഭാഗങ്ങളും ഉൾപ്പെടുന്നു.

ഉത്തരസൂചിക വിശകലനം

വിലയിരുത്തൽ സൂചകങ്ങളും സ്കോറിംഗിനുള്ള പദ്ധതിയും

ചോദ്യ നമ്പർ	വിലയിരുത്തൽ സൂചകങ്ങൾ	സ്കോർ വിശദാംശങ്ങൾ	ആകെ സ്കോർ
1(a)	ചിത്രം നോക്കി ജന്തുക്കളേയും സസ്യങ്ങളേയും കണ്ടെത്തിയുണ്ട്.	1	1
1(b)	വാസസ്ഥലമനുസരിച്ച് ജീവികളെ തരംതിരിച്ചിട്ടുണ്ട്.	1	1
1(c)	ജീവികളുടെ പ്രത്യേകതകൾ കണ്ടെത്തി കുറിപ്പ് തയാറാക്കിയിട്ടുണ്ട്	2	2
1(d)	ശരിയുത്തരം തെരഞ്ഞെടുത്തിട്ടുണ്ട്		
....			

ശതമാനത്തിനനുസരിച്ചുള്ള ഗ്രേഡ്

ക്രമനമ്പർ	സ്കോർ റേഞ്ച്	ഗ്രേഡ്
1	80 - 100%	A
2	60 - 79%	B
3	45 - 59 %	C
4	35 - 44%	D
5	Below 35	E

ചോദ്യവിശകലനം (Question wise analysis)

ചോദ്യ നമ്പർ	യൂണിറ്റ്	പഠനനേട്ടങ്ങൾ	ചിന്താപ്രക്രിയകൾ	ചോദ്യ മാതൃക	സ്കോർ	സമയം
1	വയലും വനവും	ജിവകളെ ആവാസ വ്യവസ്ഥയനുസരിച്ച് തരംതിരിക്കുന്നു.	നിരീക്ഷണം തരംതിരിക്കൽ	വിവരണാത്മകം വസ്തുനിഷ്ഠം	5	20 മിനിറ്റ്
-	—	——	——	——	——	——
-	—	——	——	——	——	——
				ആകെ		

മാതൃകാ ചോദ്യപേപ്പർ

A **404**

സമഗ്ര ശിക്ഷ, കേരളം
പാദവാർഷിക മൂല്യനിർണയം 2018-19
പരിസരപഠനം

ക്ലാസ്- 4 — സമയം: 2 മണിക്കൂർ

കുട്ടിയുടെ പേര് ....

വിദ്യാലയത്തിന്റെ പേര് ....

ഡിവിഷൻ ....

രക്ഷിതാവിന്റെ ഒപ്പ് ....

അധ്യാപകന്റെ ഒപ്പ് ....

ക്രമ നമ്പർ	പ്രവർത്തനങ്ങൾ	ലഭിച്ച ഗ്രേഡ്
1	ജീവികളെ അറിയാം	
2	മരം ഒരു വരം	
3	വിത്തു മുളപ്പിക്കാം	
4	വേരും മരവും	
5	സ്വാതന്ത്ര്യത്തിലേക്ക്	
6	സമരങ്ങൾ	
	ഓവറോൾ ഗ്രേഡ്	

നിർദേശങ്ങൾ

1. ആദ്യത്തെ 15 മിനിട്ട് ചോദ്യങ്ങൾ നന്നായി വായിച്ചു മനസ്സിലാക്കണം.
2. ആറ് പ്രവർത്തനങ്ങളിൽ ഏതെങ്കിലും അഞ്ചെണ്ണത്തിന് ഉത്തരമെഴുതിയാൽ മതി.
3. തെരഞ്ഞെടുക്കുന്ന ചോദ്യങ്ങളുടെ എല്ലാ ഉപചോദ്യങ്ങൾക്കും ഉത്തരമെഴുതണം.

പ്രവർത്തനം - 1 - ജീവികളെ അറിയാം

എ. ചിത്രത്തിലെ ജന്തുക്കളുടെയും സസ്യങ്ങളുടെയും പേരുകൾ കണ്ടെത്തി എഴുതുക.

ബി. ജീവികളെ അവയുടെ വാസസ്ഥലത്തിനനുസരിച്ച് പട്ടികയിലാക്കുക.

വാസസ്ഥലം	ജീവികൾ
കര	......................, ..., ..., ...
....	......................, ..., ..., ...
കരയിലും ജലത്തിലും	തവള, ..., ..., ...

സി. കരയിലും ജലത്തിലും ജീവിക്കുന്ന ഒരു ജീവിയാണല്ലോ തവള. മത്സ്യം വെള്ളത്തിൽ മാത്രവും. രണ്ടിനെക്കുറിച്ചും കൂടുതൽ എഴുതൂ. (രണ്ടുവീതം പ്രത്യേകതകളെങ്കിലും എഴുതണം)

തവള	മത്സ്യത്തിന്റെ പ്രത്യേകതകൾ
....	....
....	....
....	....
....	....
....	....
....	....
....	....
....	....

ഡി. ആമയ്ക്ക് അതിന്റെ വാസസ്ഥലത്ത് ജീവിക്കുന്നതിനാവശ്യമായ പ്രത്യേകതയല്ലാത്തത് ഏത് ?

എ. തോണിയുടേതു പോലുള്ള ശരീരാകൃതി

ബി. കട്ടിയുള്ള പുറംതോട്

സി. തുഴപോലുള്ള കാലുകൾ

ഡി. തോടിനുള്ളിലേക്ക് വലിയ്ക്കാവുന്ന തല

പ്രവർത്തനം – 2 – മരം ഒരു വരം



എ. മരത്തിന് ചുറ്റുമുള്ള ജീവികൾക്ക് മരവുമായുള്ള ബന്ധം കണ്ടെത്തുക തുടർന്ന് പട്ടിക പൂർത്തിയാക്കുക.

ജീവി	മരവുമായുള്ള ബന്ധം
പ്രാണികൾ	• മരത്തിലെ പൂക്കളിൽ നിന്ന് തേൻ ശേഖരിക്കുന്നു
കാക്ക	•
ഇത്തിൾക്കണ്ണി	•
കുരങ്ങൻ	•

ബി. 'മരം ഒരു ആവാസ വ്യവസ്ഥയാണ്' - ഈ പ്രസ്താവനയോട് യോജിക്കാത്തത് ഏതൊക്കെ?

- എല്ലാ ജീവജാലങ്ങൾക്കും തണൽ നൽകുന്നു.
- ജീവികൾക്ക് ആവശ്യമായ ഭക്ഷണം നൽകുന്നു.
- മരങ്ങളിൽ ഏകബീജ പത്രസസ്യങ്ങളും ദ്വിബീജപത്ര സസ്യങ്ങളും ഉണ്ട്.
- ചില സസ്യങ്ങൾ മരത്തിൽ പറ്റിപിടിച്ചു വളരുന്നു.
- മരങ്ങൾക്ക് തായ്‌വേരുപടലവും നാരുവേര് പടലവും ഉണ്ട്.
- മരങ്ങൾ വെള്ളവും വായുവും വലിച്ചെടുത്ത് വളരുന്നു.
- മരങ്ങളിലെ ഇലകൾക്ക് വ്യത്യസ്ത ആകൃതിയും വലുപ്പവുമാണ്.
- വീട്ടുപകരണങ്ങൾ നിർമിക്കുന്നതിന് മരങ്ങൾ ഉപയോഗിക്കുന്നു.

ഞാൻ കണ്ടെത്തിയ പ്രസ്താവനകൾ

-
-
-
-

സി. 'മരം ഇല്ലാതായാൽ ആവാസവ്യവസ്ഥ നശിക്കും' എന്നു പറയുന്നതെന്തുകൊണ്ട്? നിങ്ങളുടെ കണ്ടെത്തലുകൾ എഴുതൂ.

- ജീവികളുടെ വാസസ്ഥലം നഷ്ടമാകും.
-
-
-
-
-
-

പ്രവർത്തനം – 3– വിത്തു മുളപ്പിക്കാം

വിത്ത് മുളയ്ക്കുന്നതിന്റെ വിവിധ ഘട്ടങ്ങൾ നിരീക്ഷിക്കാനായി മീരയും കൂട്ടുകാരും ഒരുക്കിയ സജ്ജീകരണങ്ങൾ നോക്കൂ.

1. വെണ്ട 2. നെല്ല് 3. കവുങ്ങ് 4. പയർ

എ. മുളച്ചു വരുന്ന വിത്തുകളുടെ ബീജപത്രത്തിന്റെ പ്രത്യേകതകൾ എഴുതുക.

സസ്യം	പ്രത്യേകത
വെണ്ട	ദ്വിബീജപത്ര സസ്യം
നെല്ല്	
കവുങ്ങ്	
പയർ	

ബി. ഓരോ സസ്യങ്ങളിലെയും ഇലകളുടെ പ്രത്യേകതകൾ കണ്ടെത്തുക

സസ്യം	സിരാവിന്യാസം
വെണ്ട	
നെല്ല്	
കവുങ്ങ്	
പയർ	

സി. തെങ്ങോല, മുളയില എന്നിവ നെടുകെ നേരെ കീറിയെടുക്കാൻ കഴിയുന്നതെന്തുകൊണ്ട്?

എ) ഇലകൾക്ക് കട്ടി കുറവായതിനാൽ.

ബി) ജാലികസിരാവിന്യാസമായതിനാൽ.

സി) സമാന്തരസിരാവിന്യാസമായതിനാൽ.

ഡി) മേൽപ്പറഞ്ഞവയൊന്നുമല്ല.

പ്രവർത്തനം – 4 വേരും മരവും

എ. ചിത്രത്തിലെ വേരുപടലങ്ങളുടെ പേരെഴുതൂ.





ബി. സ്കൂൾ വളപ്പിൽ നിന്നും മാളവികയും കൂട്ടുകാരും വേരുപടലങ്ങളുടെ അടിസ്ഥാനത്തിൽ രണ്ടിനം സസ്യങ്ങളെ കണ്ടെത്തി, അവയുടെ പേരെഴുതി പട്ടിക പൂർത്തിയാക്കുക.

സി. രണ്ട് വേരുപടലങ്ങളും തമ്മിലുള്ള വ്യത്യാസങ്ങൾ എഴുതുക.

പ്രവർത്തനം – 5 സ്വാതന്ത്ര്യത്തിലേക്ക്

എ. സ്വാതന്ത്ര്യസമരവുമായി ബന്ധപ്പെട്ട ചില പ്രധാന സംഭവങ്ങൾ ചുവടെ ചേർക്കുന്നു.

കിറ്റ് ഇന്ത്യ സമരം

ഉപ്പുസത്യഗ്രഹം

അഹമ്മദാബാദ് തുണിമിൽ സമരം

ജാലിയൻവാലാബാഗ് സംഭവം

ചമ്പാരൻ സമരം

സംഭവങ്ങളെ ക്രമത്തിലെഴുതൂ.

ചമ്പാരൻ സമരം

↓

↓

↓

↓

ബി. 'പ്രവർത്തിക്കുക അല്ലെങ്കിൽ മരിക്കുക' എന്ന ഗാന്ധിജിയുടെ ആഹ്വാനമനുസരിച്ച് നടത്തിയ സമരത്തെക്കുറിച്ച് കുറിപ്പ് തയാറാക്കൂ.

സി. സത്യഗ്രഹ സമരങ്ങൾക്ക് ആവേശം നൽകിയ 'വരിക വരിക സഹജരേ' എന്ന സ്വാതന്ത്ര്യഗീതം കേരളത്തിലെ ഏതു സമരവുമായി ബന്ധപ്പെട്ടാണ് ആലപിച്ചത്?

എ) കിറ്റ് ഇന്ത്യാ സമരം

ബി) ഉപ്പ് സത്യഗ്രഹം

സി) മലബാർ കലാപം

ഡി) വൈക്കം സത്യഗ്രഹം

പ്രവർത്തനം - 6 സമരങ്ങൾ

എ. താഴെ തന്നിരിക്കുന്ന സൂചനകൾക്കു നേരെ സമരങ്ങളുടെ പേരെഴുതു.

• ജാലിയൻവാലാബാഗ് സംഭവത്തെ തുടർന്നുള്ള ദേശവ്യാപക സമരം	
• ആദ്യത്തെ സത്യഗ്രഹം	
• കർഷകരുടെ മേൽ അടിച്ചേൽപ്പിച്ച നികുതി ഇളവ് ചെയ്യാൻ	
• തൊഴിലാളികളുടെ കൂലി വർധനവിനു വേണ്ടിയുള്ള സമരം	
• നികുതി കൊടുക്കാതെ ഉപ്പ് കുറുക്കിയാൽ ജയിൽശിക്ഷ	

ബി. 'സത്യത്തെ മുറുകെപ്പിടിക്കുക, തെറ്റെന്നു തോന്നുന്നതിനെ എതിർക്കുക, എതിരിടുമ്പോഴും അക്രമം അരുത്, അഹിംസ കൈവെടിയരുത്' ഈ പ്രസ്താവനകൾ ഏതു സമരവുമായി ബന്ധപ്പെട്ടതാണ്?

എ) നിസ്സഹകരണ സമരം

ബി) സത്യഗ്രഹ സമരം

സി) ബഹിഷ്കരണ സമരം

ഡി) നിരാഹാര സമരം

സി. ചിത്രങ്ങൾ നോക്കി ആരാണെന്ന് കണ്ടെത്തി എഴുതു.



A **GI 404**

സമഗ്ര ശിക്ഷ, കേരളം
പാദവാർഷിക മൂല്യനിർണയം 2018–19

ക്ലാസ് - 4 | സമയം: 2 മണിക്കൂർ

പരിസരപഠനം | ആകെ സ്കോർ : 25

അധ്യാപകർക്കുള്ള നിർദേശങ്ങൾ

1. ആറു പ്രവർത്തനങ്ങളാണ് മൂല്യനിർണയത്തിനായി നൽകിയിട്ടുള്ളത്.
2. നൽകിയിട്ടുള്ള 6 പ്രവർത്തനങ്ങളിൽ 5 എണ്ണത്തിനു മാത്രമേ ഉത്തരം എഴുതേണ്ടതുള്ളൂ.
3. ഒരു പ്രവർത്തനത്തിന് അഞ്ച് പോയിന്റ്. ആകെ 25 പോയിന്റ്
4. ഓരോ പ്രവർത്തനത്തിനും ലഭിക്കുന്ന 5, 4, 3, 2, 1 പോയിന്റ് പരിഗണിച്ച് യഥാക്രമം a, b, c, d, e ഗ്രേഡുകൾ നൽകേണ്ടതാണ്.
5. ഉത്തരക്കടലാസിൽ ഗ്രേഡാണ് രേഖപ്പെടുത്തേണ്ടത്.
6. ഓരോ പ്രവർത്തനത്തിനും ലഭിച്ച ഗ്രേഡുകൾ പരിഗണിച്ച് ശതമാനപ്പട്ടിക ഉപയോഗപ്പെടുത്തി വിഷയങ്ങൾക്കുള്ള ഓവറോൾ ഗ്രേഡ് A, B, C, D, E നൽകണം.
7. ഉത്തരം എഴുതാൻ കൂടുതൽ സ്ഥലം ആവശ്യമെങ്കിൽ കുട്ടികൾക്ക് അധികം കടലാസ് നൽകണം.
8. കുട്ടികൾ ആറ് ഉത്തരങ്ങൾ എഴുതിയിട്ടുണ്ടെങ്കിൽ അവയിൽ മികച്ച സ്കോർ നേടിയ പ്രവർത്തനങ്ങളാണ് ഓവറോൾ ഗ്രേഡിനായി പരിഗണിക്കേണ്ടത്.

പ്രവർത്തനം - 1 ജീവികളെ അറിയാം

പഠനനേട്ടം:

- ജീവികളെ കരയിൽ ജീവിക്കുന്നവ, ജലത്തിൽ ജീവിക്കുന്നവ, കരയിലും ജലത്തിലും ജീവിക്കുന്നവ എന്നിങ്ങനെ പട്ടികപ്പെടുത്തുന്നു.
- ജലജീവികളുടെ ശാരീരിക സവിശേഷതകൾ ജലജീവിതത്തിന് എങ്ങനെ അനുയോജ്യമാണെന്ന് കണ്ടെത്തി വിശദീകരിക്കുന്നു.

സൂചകങ്ങൾ:

എ) ചിത്രം നോക്കി ജന്തുക്കളെയും സസ്യങ്ങളെയും കണ്ടെത്തിയിട്ടുണ്ട് (1 സ്കോർ)
(മത്സ്യം, തവള, ഞണ്ട്, നീർക്കോലി, ആമ, കൊക്ക്, താറാവ്, ആമ്പൽ, താമര, കുളവാഴ, പശു, അണ്ണാൻ, കുഞ്ഞിക്കുരുവി, മരം)

ബി) വാസസ്ഥലത്തിനനുസരിച്ച് ജീവികളെ പട്ടികയാക്കിയിട്ടുണ്ട് (1 സ്കോർ)
കര- പശു, അണ്ണാൻ, കുഞ്ഞിക്കുരുവി, കൊക്ക്
ജലം - മത്സ്യം
കരയിലും ജലത്തിലും - തവള, ഞണ്ട്, നീർക്കോലി, താറാവ്, ആമ

സി) ജീവികളുടെ പ്രത്യേകതകൾ കണ്ടെത്തി കുറിപ്പ് തയ്യാറാക്കിയിട്ടുണ്ട് (2 സ്കോർ)

ഡി) ശരിയായ ഉത്തരം കണ്ടെത്തിയിട്ടുണ്ട് (1 സ്കോർ)
തോണിയുടേത് പോലുള്ള ശരീരാകൃതി

പ്രവർത്തനം - 2 മരം ഒരു വരം

പഠനനേട്ടം:

- തന്റെ പ്രദേശത്തെ ആവാസവ്യവസ്ഥകളെ കണ്ടെത്തി പറയുന്നു.
- വനത്തിന്റെ പ്രാധാന്യം തിരിച്ചറിഞ്ഞ് വിശദീകരിക്കുന്നു.

സൂചകങ്ങൾ:

എ) ജീവികളും മരവുമായുള്ള ബന്ധം കണ്ടെത്തിയിട്ടുണ്ട് (2 സ്കോർ)
കാക്ക - കൂടു കൂട്ടുന്നു, പ്രാണികളെ ഭക്ഷിക്കുന്നു, ഫലങ്ങൾ ഭക്ഷണമാക്കുന്നു.
ഇത്തിൾക്കണ്ണി - ആഹാരത്തിന്, വളരുന്നതിന്
കുരങ്ങൻ - ആഹാരത്തിന്, കായ്കൾക്ക്, സുരക്ഷിത താവളമായി (ഓരോ ഇനത്തിനും ഒന്നു വീതമെങ്കിലും എഴുതണം.)

ബി) യോജിക്കാത്ത പ്രസ്താവനകൾ കണ്ടെത്തി എഴുതുന്നു (2 സ്കോർ)
- മരങ്ങളിൽ ഏകബീജപത്രസസ്യങ്ങളും ദ്വിബീജ പത്രസസ്യങ്ങളുമുണ്ട്.
- മരങ്ങൾക്ക് തായ്‌വേരുപടലവും നാരുവേരുപടലവുമുണ്ട്.
- വീട്ടുപകരണങ്ങൾ നിർമ്മിക്കുന്നതിന് മരങ്ങൾ ഉപയോഗിക്കുന്നു.
- മരങ്ങളിലെ ഇലകൾക്ക് വ്യത്യസ്ത ആകൃതിയും വലുപ്പവുമുണ്ട്.

സി) പരമാവധി കണ്ടെത്തലുകൾ രേഖപ്പെടുത്തിയിട്ടുണ്ട് (1 സ്കോർ)
- അന്തരീക്ഷത്തിലെ ചൂട് കൂടുന്നു.
- മണ്ണൊലിപ്പുണ്ടാകുന്നു.
- ജീവജാലങ്ങൾ നശിക്കുന്നു.
- ജലസ്രോതസുകൾ കുറയുന്നു.

A - GI - 404 1/2

പ്രവർത്തനം – 3 വിത്തു മുളപ്പിക്കാം

പഠനനേട്ടം:

- ഇലകളിലെ സിരാവിന്യാസം നിരീക്ഷിച്ച് ജാലികാസിരാവിന്യാസം, സമാന്തരസിരാവിന്യാസം എന്നിങ്ങനെ തരംതിരിച്ച് പട്ടികപ്പെടുത്തുന്നു.
- ഏകബീജപത്രസസ്യങ്ങൾക്കും ദ്വിബീജപത്ര സസ്യങ്ങൾക്കും നിർവചനങ്ങൾ നൽകുന്നു.

സൂചകങ്ങൾ:

എ) തന്നിട്ടുള്ള സസ്യങ്ങളുടെ വിത്തുകളുടെ പ്രത്യേകതകൾ കണ്ടെത്തിയിട്ടുണ്ട് **(2 സ്കോർ)**
(വെണ്ട, പയർ – ദ്വിബീജപത്രസസ്യങ്ങൾ നെല്ല്, കവുങ്ങ് – ഏകബീജപത്രസസ്യങ്ങൾ)

ബി) തന്നിട്ടുള്ള സസ്യങ്ങളുടെ ഇലയുടെയും വേരിന്റെയും പ്രത്യേകതകൾ കണ്ടെത്തിയിട്ടുണ്ട് **(2 സ്കോർ)**
(വെണ്ട, പയർ – ജാലികാസിരാവിന്യാസം, നെല്ല്, കവുങ്ങ്– സമാന്തരസിരാവിന്യാസം)

സി) അനുയോജ്യമായ പ്രസ്താവന കണ്ടെത്തിയിട്ടുണ്ട് **(1 സ്കോർ)**
(സമാന്തരസിരാവിന്യാസമായതിനാൽ)

പ്രവർത്തനം – 4 വേരും മരവും

പഠനനേട്ടം:

- ചുറ്റുപാടുമുള്ള സസ്യങ്ങളിലെ ഇലകളിലെ സിരാവിന്യാസവും വേരുപടലവും നിരീക്ഷിച്ച് പരസ്പരബന്ധം കണ്ടെത്തി പറയുന്നു.

സൂചകങ്ങൾ:

എ) വേരുകളുടെ പേരെഴുതിയിട്ടുണ്ട് **(1 സ്കോർ)**
(തായ്‌വേരു പടലം, നാരുവേരുപടലം)

ബി. നാല് വീതം സസ്യങ്ങളുടെ പേര് എഴുതിയിട്ടുണ്ട് **(2 സ്കോർ)**
തായ്‌വേര് – മാവ്, പ്ലാവ്, തേക്ക്, മുക്കുറ്റി, തുളസി
നാരുവേർ–പുല്ല്, നെല്ല്, ചോളം, കരിമ്പ്, മുള, കവുങ്ങ് (ഏതെങ്കിലും രണ്ടെണ്ണം എഴുതിയിട്ടുണ്ട്.)

സി. രണ്ട് വ്യത്യാസങ്ങൾ കണ്ടെത്തിയിട്ടുണ്ട് **(2 സ്കോർ)**
തായ്‌വേർ പടലം

- കാണ്ഡത്തിന്റെ ചുവട്ടിൽ നിന്ന് ഒരേ പോലെ വളരുന്ന ധാരാളം വേരുകൾ ചേർന്നതാണ് നാരുവേർപടലം
- ഒരു പ്രധാന വേരും വ്യത്യസ്ത വലുപ്പത്തിലുള്ള ശാഖാവേരുകളും.
- ഒരേ വലുപ്പമുള്ള വേരുകൾ

പ്രവർത്തനം – 5 സ്വാതന്ത്ര്യത്തിലേയ്ക്ക്

പഠനനേട്ടം:

- ഇന്ത്യൻ സ്വാതന്ത്ര്യ സമരചരിത്രത്തിലെ പ്രധാനസംഭവങ്ങൾ കണ്ടെത്തിപ്പറയുന്നു.
- ക്വിറ്റ് ഇന്ത്യാ സമരത്തിന്റെ പ്രാധാന്യം തിരിച്ചറിഞ്ഞ് കുറിപ്പ് തയ്യാറാക്കുന്നു.

സൂചകങ്ങൾ:

എ) സ്വാതന്ത്ര്യസമരവുമായി ബന്ധപ്പെട്ട പ്രധാന സംഭവങ്ങളെ ക്രമപ്പെടുത്തിയിട്ടുണ്ട് **(2 സ്കോർ)**
(ചമ്പാരൻ സമരം, അഹമ്മദാബാദ് തുണിമിൽ സമരം, ജാലിയൻവാലാബാഗ്, ഉപ്പു സത്യാഗ്രഹം, ക്വിറ്റ് ഇന്ത്യാ സമരം എന്ന ക്രമത്തിൽ)

ബി. ക്വിറ്റ് ഇന്ത്യാ സമരത്തെക്കുറിച്ച് കുറിപ്പ് തയാറാക്കിയിട്ടുണ്ട്. രണ്ട് പോയിന്റുകളെങ്കിലും എഴുതണം **(2 സ്കോർ)**
(1942 ലാണ് സമരം നടന്നത്. ബോംബെയിൽ നടന്ന കോൺഗ്രസ് സമ്മേളനത്തിലെ പ്രമേയത്തെത്തുടർന്ന് ആഗസ്ത് 9 നാണ് സമരം തുടങ്ങിയത്. ആയിരക്കണക്കിനാളുകൾ പങ്കാളികളായി)

സി. ശരിയായ ഉത്തരം കണ്ടെത്തിയിട്ടുണ്ട് **(1 സ്കോർ)**
ഉപ്പ് സത്യഗ്രഹം

പ്രവർത്തനം – 6 സമരങ്ങൾ

പഠനനേട്ടം:

- ഇന്ത്യൻ സ്വാതന്ത്ര്യ സമരചരിത്രത്തിലെ പ്രധാനസംഭവങ്ങൾ കണ്ടെത്തിപ്പറയുന്നു.

സൂചകങ്ങൾ:

എ) സൂചനകൾക്കനുസരിച്ച് സംഭവങ്ങളെ കണ്ടെത്തിയിട്ടുണ്ട്. (2 സ്കോർ)
(നിസ്സഹകരണ സമരം, ചമ്പാരൻ സമരം, ഖേഡാ സമരം, അഹമ്മദാബാദ് തുണിമിൽ സമരം, ഉപ്പുസത്യഗ്രഹം)

ബി. ശരിയായ ഉത്തരം കണ്ടെത്തിയിട്ടിണ്ട് – സത്യാഗ്രഹസമരം (1 സ്കോർ)

സി. ചിത്രങ്ങൾ തിരിച്ചറിഞ്ഞ് പേരെഴുതിയിട്ടുണ്ട് (2 സ്കോർ)
(ഗാന്ധിജി, ഭഗത്സിംഗ്, സരോജിനി നായിഡു, ബാലഗംഗാധരതിലക്)

ഇതുപോലെ മറ്റു ക്ലാസുകളിലെ മാതൃകകൾ ശേഖരിച്ച് പരിശോധിക്കുക.

ഇങ്ങനെ തയാറാക്കുന്ന ടേം വിലയിരുത്തൽ ടൂൾ ഉപയോഗിച്ച് മൂല്യനിർണയം നടത്തുന്നു. കുട്ടികളുടെ പ്രതികരണങ്ങളെ സൂചകങ്ങളുടെ അടിസ്ഥാനത്തിൽ വിശകലനം ചെയ്ത് മികവുകളും പരിമിതികളും കുട്ടികളെ ബോധ്യപ്പെടുത്തുന്നു. പരിഹാര പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നു.

സ്കൂൾ അനുഭവപരിപാടിയുടെ ഭാഗമായി നിങ്ങൾ എടുക്കാൻ പോകുന്ന പരിസരപഠനപാഠഭാഗങ്ങളെ അടിസ്ഥാനമാക്കി ഒരു മാതൃകാ ചോദ്യപേപ്പർ തയാറാക്കി ക്ലാസിൽ അവതരിപ്പിക്കൂ?

സി.ഇ. (Continuous Evaluation) യുടെയും ടി.ഇ. (Terminal Evaluation)യുടെയും ഗ്രേഡുകൾ ക്രോഡീകരിച്ച് പഠനപുരോഗതി രേഖയിൽ രേഖപ്പെടുത്തി താഴെ പറയുന്ന കാര്യങ്ങൾക്കായി ഉപയോഗിക്കുന്നു.

- രക്ഷാകർത്താവിനെ ബോധ്യപ്പെടുത്താൻ
- ക്ലാസ് കയറ്റം നൽകാൻ
- പൊതുസമൂഹത്തെ ബോധ്യപ്പെടുത്താൻ
- ബന്ധപ്പെട്ട വകുപ്പുകളെ/ഏജൻസികളെ അറിയിക്കാൻ


LP

പൊതുവിദ്യാഭ്യാസ വകുപ്പ്, കേരളം

പഠനപുരോഗതി രേഖ

ക്ലാസ്	ഡിവിഷൻ	വർഷം	സ്കൂൾ
....			

വിദ്യാർത്ഥിയുടെ പേര് :..

ജനന തീയതി : ....അഡ്മിഷൻ നമ്പർ.................. UID നമ്പർ :..............................

പഞ്ചായത്ത്/ മുൻസിപ്പാലിറ്റി/ കോർപ്പറേഷൻ ....

രക്ഷിതാവിന്റെ പേര് :..ഫോൺ:..............................

കുട്ടിയുടെ ഹാജർ വിവരങ്ങൾ			
ടേം	1	2	3
സാധ്യമായ ദിവസങ്ങൾ			
ഹാജരായ ദിവസങ്ങൾ			

സമഗ്ര ശിക്ഷാ അഭിയാൻ
കേരളം

1

വിലയിരുത്തലിനെക്കുറിച്ച്:

- നിരന്തരവിലയിരുത്തലിന്റെയും (CE) ടേം വിലയിരുത്തലിന്റെയും (TE) ഗ്രേഡുകൾ പ്രത്യേകമായി കൊടുത്തിട്ടുണ്ട്.
- നിരന്തര വിലയിരുത്തലിന് പഠനപ്രക്രിയ, പോർട്ട്ഫോളിയോ, യൂണിറ്റ് വിലയിരുത്തൽ എന്നിവയിലെ മികവ് പരിഗണിച്ചാണ് ഗ്രേഡ് കണക്കാക്കിയിട്ടുള്ളത്. ഇതിന്റെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

പഠനപ്രക്രിയ

ക്ലാസുമുറിയിലെ പഠന പ്രവർത്തനങ്ങളിലുള്ള കുട്ടിയുടെ പങ്കാളിത്തത്തെയും പ്രകടനത്തെയും വിലയിരുത്തുന്നതിനുള്ള സൂചകങ്ങൾ

1. പ്രവർത്തനങ്ങളിലെ പങ്കാളിത്തം
2. ആശയധാരണ
3. ശേഷികൾ ആർജിക്കൽ
4. പ്രകടനം / അവതരണം
5. രേഖപ്പെടുത്തൽ / തയ്യാറാക്കൽ

പോർട്ട്ഫോളിയോ

പഠനപ്രവർത്തനത്തിന്റെ ഫലമായുണ്ടാകുന്ന ഉൽപ്പന്നങ്ങളെയാണ് പോർട്ട്ഫോളിയോയിൽ ഉൾപ്പെടുത്തി വിലയിരുത്തുന്നത്- സൂചകങ്ങൾ

1. ആശയവ്യക്തത
2. ധാരണകളുടെ സ്വാംശീകരണം
3. അനുയോജ്യമായ രൂപകല്പന
4. തനിമ
5. പൂർണത

യൂണിറ്റ് വിലയിരുത്തൽ

ഓരോ യൂണിറ്റും കഴിയുമ്പോൾ പഠനനേട്ടങ്ങൾ എത്രമാത്രം നേടി എന്ന് വിലയിരുത്തിയാണ് യൂണിറ്റ് വിലയിരുത്തലിന്റെ ഗ്രേഡ് നൽകിയിട്ടുള്ളത്.

സാമൂഹികവൈകാരികമേഖലയിൽ താഴെ കൊടുത്ത നൈപുണികളാണ് വിലയിരുത്തുന്നത്.

1. ആശയവിനിമയശേഷി
2. വ്യക്ത്യാന്തരനൈപുണി
3. സഹഭാവം
4. വികാരങ്ങളുമായി പൊരുത്തപ്പെടൽ
5. മാനസിക സമ്മർദ്ദങ്ങളുമായി പൊരുത്തപ്പെടൽ
6. പ്രശ്നപരിഹരണശേഷി
7. തീരുമാനമെടുക്കൽ
8. വിമർശനാത്മക ചിന്ത
9. സർഗാത്മക ചിന്ത
10. സ്വാവബോധം

സാമൂഹിക വൈകാരികമേഖലയുടെ വിലയിരുത്തലിന്റെ ക്രോഡീകരണം അധ്യയനവർഷത്തിന്റെ അവസാനമാണ് നടത്തുക. അധ്യയനവർഷത്തെ മൊത്തം വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ ഈ മേഖലയിലെ കുട്ടിയുടെ മികവുകൾ രേഖപ്പെടുത്തുകയാണ് ചെയ്യുന്നത്.

വൈജ്ഞാനിക മേഖലയ്ക്ക് മികവിന്റെ അടിസ്ഥാനത്തിൽ ABCDE എന്നിങ്ങനെ 5 ഗ്രേഡുകളാണ് നൽകുന്നത്.

വിലയിരുത്തൽ വിവരങ്ങൾ

ക്ലാസ് : ....

വിഷയം	ഒന്നാം ടേം					രണ്ടാം ടേം					മൂന്നാം ടേം					റിമാർക്സ്
	നിരന്തര വിലയിരുത്തൽ ഗ്രേഡ്				ടേം വിലയിരുത്തൽ (TE) ഗ്രേഡ്	നിരന്തര വിലയിരുത്തൽ ഗ്രേഡ്				ടേം വിലയിരുത്തൽ (TE) ഗ്രേഡ്	നിരന്തര വിലയിരുത്തൽ ഗ്രേഡ്				ടേം വിലയിരുത്തൽ (TE) ഗ്രേഡ്	
	പഠന പ്രക്രിയ	പോർട്ട് ഫോളിയോ	യൂണിറ്റ് വിലയിരുത്തൽ	CE ആകെ		പഠന പ്രക്രിയ	പോർട്ട് ഫോളിയോ	യൂണിറ്റ് വിലയിരുത്തൽ	CE ആകെ		പഠന പ്രക്രിയ	പോർട്ട് ഫോളിയോ	യൂണിറ്റ് വിലയിരുത്തൽ	CE ആകെ		
മാതൃഭാഷ																
ഗണിതം																
പരിസരപഠനം																
അറബി/ സംസ്കൃതം																
ഇംഗ്ലീഷ്																
കലാവിദ്യാഭ്യാസം																
ആരോഗ്യ-കായിക വിദ്യാഭ്യാസം																
പ്രവൃത്തി പഠനം																

സാമൂഹിക വൈകാരിക മേഖലയിലെ മികവുകൾ (വർഷാവസാനം എഴുതേണ്ടത്)

3

ടീച്ചറുടെ നിർദ്ദേശങ്ങൾ

ടേം 1	ടേം 2	ടേം 3

രക്ഷിതാവിന്റെ അഭിപ്രായങ്ങൾ

ടേം 1	ടേം 2	ടേം 3

ടേം	1	2	3
ക്ലാസ് ടീച്ചറുടെ ഒപ്പ്			
പ്രധാനാധ്യാപകന്റെ ഒപ്പ്			
രക്ഷിതാവിന്റെ ഒപ്പ്			

തുടർ പ്രവർത്തനങ്ങൾ

- സ്വയം വിലയിരുത്തൽ, പരസ്പരവിലയിരുത്തൽ, ഗ്രൂപ്പുതല വിലയിരുത്തൽ, അധ്യാപികയുടെ വിലയിരുത്തൽ ഇവ ക്ലാസ്സ് റൂം വിനിമയത്തിന്റെ ഭാഗമാണ്. അതോടൊപ്പം കുട്ടികൾ പഠനനേട്ടങ്ങൾ കൈവരിക്കുന്നുണ്ട് ഈ ആശയങ്ങൾ ട്രൈഔട്ട് ചെയ്ത് വിശകലനറിപ്പോർട്ട് തയ്യാറാക്കൂ?
- വിലയിരുത്തലും മൂല്യനിർണയവും നിരന്തര വിലയിരുത്തലും ടേം വിലയിരുത്തലും, പഠനത്തിനായുള്ള വിലയിരുത്തലും, പഠനത്തിന്റെ വിലയിരുത്തലും, വിലയിരുത്തൽ തന്നെ പഠനം ഇവ തമ്മിലുള്ള വ്യത്യാസവും ബന്ധവും സംബന്ധിച്ച് ക്ലാസിൽ ഒരു പാനൽ ചർച്ച സംഘടിപ്പിക്കുക? അതിന്റെ റിപ്പോർട്ട് തയ്യാറാക്കുക.
- അധ്യാപികയുടെ ഒരു ട്രൈഔട്ട് ക്ലാസ്സ് നിരീക്ഷിച്ച് നിരന്തരവിലയിരുത്തലും രേഖപ്പെടുത്തലും എങ്ങനെ ക്ലാസ്റൂം വിനിമയത്തിൽ സാധ്യമാകുന്നു എന്നു വിശകലനം ചെയ്യുക.
- 3, 4 ക്ലാസുകളിലെ വിവിധ പരിസരപഠന ആശയങ്ങളെ അടിസ്ഥാനമാക്കി ഗ്രൂപ്പുതലത്തിൽ ഓരോ വിലയിരുത്തൽ ടൂളുകൾ നിർമ്മിച്ച് നിങ്ങൾ സ്വാംശീകരിച്ച, വിലയിരുത്തൽ ടൂളുകൾക്കുണ്ടായിരിക്കേണ്ട സവിശേഷതകളുടെ അടിസ്ഥാനത്തിൽ അവയെ വിലയിരുത്തുക. റിപ്പോർട്ട് തയ്യാറാക്കുക.

Reference

പടവുകൾ – 3,4 ക്ലാസുകൾ, വിലയിരുത്തൽ സോഴ്സ് ബുക്ക് (പുസ്തകം – 2 എസ്.സി.ഇ.ആർ.ടി

പടവുകൾ – യൂ.പി. സാമൂഹ്യ ശാസ്ത്രം വിലയിരുത്തൽ സോഴ്സ്ബുക്ക് (എസ്.സി.ഇ.ആർ.ടി)

സർവ്വ വിജ്ഞാനകോശം, വാല്യം 8 (കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എൻസൈക്ലോപീഡിയ – 1987)

ടീച്ചർ ടെക്സ്റ്റ് സാമൂഹ്യ ശാസ്ത്രം ക്ലാസ് 5,6,7 എൻ.സി.ഇ.ആർ.ടി, 2014

ടീച്ചർ ടെക്സ്റ്റ് പരിസരപഠനം ക്ലാസ് 3,4, എസ്.സി.ഇ.ആർ.ടി 2014

ടീച്ചർ ടെക്സ്റ്റ് സാമൂഹ്യശാസ്ത്രം ക്ലാസ് 5,6,7 എസ്.സി.ഇ.ആർ.ടി 2014

Edubuntu - School Resources

യൂണിറ്റ് - 4

സ്കൂൾ അനുഭവപരിപാടി

ആമുഖം

അധ്യാപനനൈപുണി വികാസത്തിന് ഏറ്റവും കൂടുതൽ പ്രായോഗികാനുഭവം ലഭ്യമാകുന്ന ഘട്ടമാണ് സ്കൂൾ ഇന്റേൺഷിപ്പ് അഥവാ സ്കൂൾ അനുഭവപരിപാടി. അധ്യാപകവിദ്യാർത്ഥി എന്ന നിലയിൽ നേടിയ ഉള്ളടക്ക ധാരണകൾ, ബോധനശാസ്ത്രപരമായ അറിവുകൾ എന്നിവ പ്രയോഗിച്ചു നോക്കുന്നതിനും വിലയിരുത്തൽ നടത്തി സ്വയം മെച്ചപ്പെടുന്നതിനുമുള്ള സന്ദർഭമാണ് സ്കൂൾ അനുഭവപരിപാടി.

ഒന്നാം സെമസ്റ്ററിലെ വിദ്യാലയ അനുഭവ പരിപാടിയുമായി ബന്ധപ്പെട്ട് വ്യത്യസ്തങ്ങളായ പ്രവർത്തനങ്ങൾ (5 എണ്ണം) പരിസരപഠനവിഷയത്തിൽ നടത്തിയിട്ടുണ്ടല്ലോ. വിദ്യാലയത്തിലെ പ്രധാനാധ്യാപകന്റെയും, മെന്റർ ടീച്ചറുടെയും, വിഷയാധ്യാപികയുടെയും മാർഗനിർദേശങ്ങൾക്കനുസരിച്ചു പ്രവർത്തിച്ച് അധ്യാപന നൈപുണി മെച്ചപ്പെടുത്തുന്നതിനുള്ള അവസരം ഇവിടെ ലഭ്യമാകുന്നു. പരിസരപഠനപാഠ്യപദ്ധതി വിനിമയത്തിന്റെ സുപ്രധാനഘട്ടങ്ങളായ ആസൂത്രണം, നിർവ്വഹണം, വിലയിരുത്തൽ എന്നിവയിൽ അധ്യാപകവിദ്യാർത്ഥികൾക്ക് പ്രായോഗികാനുഭവം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ യൂണിറ്റ് ക്രമീകരിച്ചിരിക്കുന്നത്.

പഠനനേട്ടം

ക്ലാസ് നിർവഹണത്തിൽ പ്രായോഗികപരിചയം നേടുന്നു.

പ്രധാനാശയങ്ങൾ

- ക്ലാസ് നിർവഹണം
- ക്ലാസ് നിരീക്ഷണം
- പഠനപരിപോഷണ ഉപാധികൾ
- പരിസരപഠനാന്തരീക്ഷം
- വിലയിരുത്തൽ മൂല്യനിർണയ ടൂൾ
- പഠനപുരോഗതിരേഖ

ഇന്റേൺഷിപ് പ്രവർത്തനങ്ങൾ

മൂന്നാം സെമസ്റ്ററിൽ എൽ.പി. ക്ലാസുകൾ കേന്ദ്രീകരിച്ചുള്ള വിദ്യാലയ അനുഭവപരിപാടികളാണ് സംഘടിപ്പിക്കുന്നത്. ഇതിനായി 45 പ്രവൃത്തിദിനങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള പരിപാടികളാണ് വിഭാവനം ചെയ്തിട്ടുള്ളത്. ജൂലൈ 15 മുതൽ ഒക്ടോബർ 15 വരെയുള്ള ദിവസങ്ങളാണ് ഇതിനഭികാമ്യം.

ITE റിസോഴ്സ് ഗ്രൂപ്പുകൾ ചേർന്ന് സ്കൂളുകൾ കണ്ടെത്തൽ, അറിയിപ്പുകൾ നൽകൽ, പ്രധാനാധ്യാപകരുടെയും എസ്.ആർ.ജി. കൺവീനർമാരുടെയും യോഗം വിളിക്കൽ, അനുവാദം ഉറപ്പുവരുത്തൽ, മെന്റർമാരെ കണ്ടെത്തി പരിശീലനം നൽകൽ, ഇടക്കാല വിലയിരുത്തൽ തുടങ്ങിയവ ആസൂത്രണം

ചെയ്ത് നടപ്പിലാക്കണം. മുന്നൊരുക്കത്തിന്റെ ഭാഗമായി വിശകലന ക്ലാസുകൾ/ട്രൈഔട്ട് ക്ലാസുകൾ എന്നിവ നടത്തണം.

വിശകലന ക്ലാസുകൾ (Analytical Classes)

വിഷയങ്ങളുമായി ബന്ധപ്പെടുത്തി വിദഗ്ധഅധ്യാപകരുടെയും ടീച്ചർ എജ്യുക്കേറ്റർമാരുടെയും ക്ലാസുകൾ നിരീക്ഷിക്കുക, പഠന - ബോധന പ്രക്രിയകൾ സൂക്ഷ്മമായി വിശകലനം ചെയ്യുക, ക്ലാസിന്റെ മികവുകൾ കണ്ടെത്തുക, പോരായ്മകൾ വിശകലനം ചെയ്യുക, മെച്ചപ്പെടുത്താനുള്ള നിർദേശങ്ങൾ രൂപപ്പെടുത്തുക തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ മെച്ചപ്പെട്ട ഒരു ക്ലാസ് എങ്ങനെ നിർവഹിക്കും എന്നതിനെക്കുറിച്ചുള്ള ധാരണരൂപപ്പെടുത്തലാണ് വിശകലന ക്ലാസുകളുടെ ലക്ഷ്യം. ഈ ലക്ഷ്യങ്ങൾ നേടുന്നതിനായി താഴെ പറയുന്ന നിർദേശങ്ങൾ പരിഗണിക്കാവുന്നതാണ്.

- നേടിയ ധാരണകളുടെയും ട്രൈഔട്ടിന്റെയും അടിസ്ഥാനത്തിൽ ക്ലാസ് വിശകലന സൂചകങ്ങൾ വികസിപ്പിക്കുക.
- വിശകലനം ചെയ്യേണ്ട ക്ലാസിന്റെ വിശദാംശങ്ങൾ മനസ്സിലാക്കുകയും ടീച്ചിങ് മാന്വൽ വികസിപ്പിക്കുകയും ചെയ്യുക.
- ക്ലാസ് നിരീക്ഷിച്ച് അഭിപ്രായങ്ങൾ രേഖപ്പെടുത്തുക.
- ബോധനശാസ്ത്ര ധാരണകളുടെ അടിസ്ഥാനത്തിൽ കണ്ടെത്തിയ മികവുകളും പോരായ്മകളും ചർച്ചചെയ്യുക. പോരായ്മകൾ മറികടക്കാനുള്ള തന്ത്രങ്ങൾ/പ്രവർത്തനങ്ങൾ കണ്ടെത്തുക.
- ടീച്ചിങ് പ്രാക്ടീസ് വേളയിൽ സീനിയർ അധ്യാപകരുടെ ക്ലാസ് നിരീക്ഷിച്ച് പഠനതന്ത്രങ്ങൾ മനസ്സിലാക്കുക; അവ വിശകലനം ചെയ്യുക.
- ക്ലാസ് റൂം ബോധനത്തിൽ ഐ.സി.ടി. സാധ്യതകൾ ഉപയോഗപ്പെടുത്തുക.
- എല്ലാ വിഷയങ്ങളുടെയും ക്ലാസ് വിശകലനം ഉറപ്പുവരുത്തുക.
- നിരീക്ഷിച്ച ക്ലാസിലെ പഠന-ബോധന പ്രക്രിയകളെക്കുറിച്ച് ആഴത്തിലുള്ള വിശകലനമാണ് അധ്യാപകവിദ്യാർഥികൾ നടത്തേണ്ടത്.
- കുട്ടികളുടെ വിശകലനങ്ങൾക്കുശേഷം ആവശ്യമായ കൂട്ടിച്ചേർക്കലുകളും ഒഴിവാക്കലുകളും ടീച്ചർ എജ്യുക്കേറ്റർ നൽകി വിശകലന ക്ലാസുകൾ ക്രോഡീകരിക്കണം.
- വൈവിധ്യമാർന്ന ക്ലാസ്റൂം ബോധനപ്രക്രിയകളെക്കുറിച്ച് ഓരോ അധ്യാപകവിദ്യാർഥിയുടെയും ധാരണകൾ മെച്ചപ്പെടുന്നുണ്ടെന്ന് വിശകലനക്ലാസുകളിലൂടെ ടീച്ചർ എജ്യുക്കേറ്റർ ഉറപ്പാക്കണം.
- ക്ലാസുകൾ നിരീക്ഷിക്കുന്നതിനും വിശകലനം ചെയ്യുന്നതിനും ആവശ്യമായത്രയും പ്രവൃത്തിദിനങ്ങൾ ഉപയോഗപ്പെടുത്തേണ്ടതാണ്.
- ക്ലാസ് നിരീക്ഷണത്തിനുള്ള ഒരു പൊതു ഫോർമാറ്റ് ഇതോടൊപ്പം നൽകിയിട്ടുണ്ട്. ഇതിൽ നിർദേശിച്ചിട്ടുള്ള മേഖലകളും വിലയിരുത്തൽ ഇനങ്ങളും പരമാവധി ഉപയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

വിശകലന ക്ലാസുകളുടെ വിതരണക്രമം (എൽ.പി. ക്ലാസ്)

ക്രമ നമ്പർ	വിഷയം	വിശകലന ക്ലാസുകളുടെ എണ്ണം		
		ടീച്ചർ എജ്യുക്കേറ്ററുടെ ക്ലാസ്	വിദഗ്ധ അധ്യാപകരുടെ ക്ലാസ്	സഹപഠിതാവിന്റെ ക്ലാസ് (ഒന്നുവീതം)
1	മലയാളം	1	1	1
2	ഉദ്ഗ്രഥനം(ക്ലാസ്1,2)	1	1	1
3	ഇംഗ്ലീഷ്	1	1	1
4	പരിസരപഠനം	1	1	1
5	ഗണിതം	1	1	1
6	കലാപഠനം	1	1	1
7	പ്രവൃത്തിപരിചയം	1	1	1
8	ആരോഗ്യ-കായികം	1	1	1
	ആകെ	**8**	**8**	**8**

ടീച്ചിങ് പ്രാക്ടീസ് പിരീഡ്, സ്കോർ വിതരണക്രമം

ജൂലൈ 15 മുതൽ ഒക്ടോബർ 15 വരെയുള്ള ദിവസങ്ങളിൽ പൂർത്തിയാക്കുന്ന വിധം പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാവുന്നതാണ്.

ക്രമ നമ്പർ	വിഷയം	പിരീഡുകളുടെ എണ്ണം	സ്കോർ
1	മലയാളം	15	20
2	ഇംഗ്ലീഷ്	15	20
3	ഗണിതം	15	20
4	പരിസരപഠനം	15	20
5	ഇന്റഗ്രേഷൻ (ക്ലാസ് 1, 2)	10	20
6	കലാവിദ്യാഭ്യാസം	5	10
7	പ്രവൃത്തിപഠനം	5	10
8	ആരോഗ്യ - കായിക വിദ്യാഭ്യാസം	5	10
	ആകെ	**85**	**130**

കുറിപ്പ്: ഇന്റഗ്രേഷൻ (ക്ലാസ് 1, 2) സ്കോർ കൺസോളിഡേഷൻ ഫോർമാറ്റിൽ പേപ്പർ 303, മലയാളം സ്കോറിനോട് ചേർത്ത് ആകെ 40 ൽ ആക്കി നൽകണം.

ക്ലാസ് നിർവഹണം

തെരഞ്ഞെടുക്കപ്പെട്ട വിദ്യാലയം അധ്യാപക വിദ്യാർത്ഥികൾ സന്ദർശിക്കുന്നു. മെന്ററുമായും പരിസരപഠന അധ്യാപികയുമായും ചർച്ച ചെയ്യുന്നു. ടൈംടേബിൾ, എടുക്കേണ്ട ക്ലാസുകൾ, യൂണിറ്റുകൾ എന്നിവ തീരുമാനിക്കുന്നു. പരിസരപഠനാന്തരീക്ഷം നിരീക്ഷിച്ച് ക്ലാസ് വിനിമയം ചെയ്യാൻ ഏത് രീതിയിൽ ആസൂത്രണത്തിൽ ഉൾച്ചേർക്കാമെന്ന് തീരുമാനിക്കുന്നു. യൂണിറ്റ് ആസൂത്രണം/

ടീച്ചിംഗ് മാന്വൽ എന്നിവ യൂണിറ്റ് - 2 ൽ പ്രതിപാദിച്ച മാതൃകയിൽ തയാറാക്കുന്നു. ക്ലാസ്റൂം പ്രവർത്തനങ്ങളെ 'ഇക്കോക്ലബ്' പ്രവർത്തനങ്ങൾ പരിസരപഠനമൂല, പരിസരപഠനകിറ്റ്, ദിനാചരണങ്ങൾ തുടങ്ങിയവയുമായി ബന്ധിപ്പിക്കുന്നു. മെന്ററുമായും പരിസരപഠന അധ്യാപികയുമായും ചർച്ച ചെയ്ത് ടീച്ചിംഗ് മാന്വൽ കൂടുതൽ മെച്ചപ്പെടുത്തുന്നു. (സ്ഥാപനത്തിൽ കരട് ടീച്ചിംഗ് മാന്വൽ തയാറാക്കുന്നുണ്ടെങ്കിലും അതത് വിദ്യാലയങ്ങൾക്കനുയോജ്യമായ രീതിയിൽ ചിട്ടപ്പെടുത്തി മെച്ചപ്പെടുത്തേണ്ടതാകുന്നു). പാഠ്യപദ്ധതിയിൽ നിർദേശിച്ചത്രയും എണ്ണം (15 പിരീയഡ്) ക്ലാസുകൾ എടുക്കേണ്ടതാണ്.

ആവശ്യമായ തയാറെടുപ്പുകളോടെ നിശ്ചയിക്കപ്പെട്ട പീരിയഡിൽ ക്ലാസ് നിർവഹണം നടത്തുന്നു. ടീച്ചർ എഡ്യൂക്കേറ്റർ/മെന്റർ/പ്രധാനാധ്യാപിക വിലയിരുത്തി മെച്ചപ്പെടുത്താനുള്ള നിർദേശങ്ങൾ നൽകുന്നു. അടുത്ത ദിവസത്തെ ക്ലാസിന് ആവശ്യമായ മാറ്റങ്ങൾ അനിവാര്യമാണെങ്കിൽ ടിച്ചിംഗ് മാന്വലിലും പഠനോപകരണങ്ങളിലും മാറ്റം വരുത്തുന്നു. ഓരോ പരിസരപഠനക്ലാസിനു ശേഷവും വിലയിരുത്തൽ കോളം പൂർത്തിയാക്കാൻ അധ്യാപക വിദ്യാർത്ഥി ശ്രദ്ധിക്കേണ്ടതാണ്. അതോടൊപ്പം ഒരു മൊഡ്യൂളിന് ശേഷമോ/യൂണിറ്റിന് ശേഷമോ പ്രതിഫലനക്കുറിപ്പ് പൂർത്തിയാക്കുവാനും ശ്രദ്ധ ചെലുത്തേണ്ടതാണ്.

ക്ലാസ് നിരീക്ഷണം

ടീച്ചിംഗ് പ്രാക്ടീസിനു മുന്നോടിയായി ടീച്ചർ എഡ്യൂക്കേറ്റർമാരുടെ മാതൃക ക്ലാസ് (Demonstration Lesson), വിദഗ്ധരുടെ ക്ലാസുകൾ, അധ്യാപക വിദ്യാർഥികളുടെ നിശ്ചിതഎണ്ണം ക്ലാസുകൾ തുടങ്ങിയ വിശകലനക്ലാസുകൾ നിരീക്ഷിക്കേണ്ടതുണ്ട്. പരിസരപഠനത്തിലെ പഠന-ബോധന പ്രക്രിയകൾ സൂക്ഷ്മമായി വിശകലനത്തിന് വിധേയമാക്കേണ്ടതാണ്. ക്ലാസിന്റെ മികവുകൾ കണ്ടെത്തി പോരായ്മകൾ വിശകലനം ചെയ്ത് ക്ലാസ് മെച്ചപ്പെടുത്താനുള്ള നിർദേശങ്ങൾ ഉൾക്കൊണ്ടു കൊണ്ട് വേണം ഇത്തരം ക്ലാസുകൾ പ്രയോജനപ്പെടുത്തേണ്ടത്. ഇതിന്റെയടിസ്ഥാനത്തിൽ നിശ്ചിത എണ്ണം ക്ലാസ്സുകൾ/പ്രവർത്തനങ്ങൾ ട്രൈ ഔട്ട് ചെയ്തുവേണം യഥാർഥ ക്ലാസ്സുകൾ കൈകാര്യം ചെയ്യേണ്ടത്. ക്ലാസ് നിരീക്ഷണം നടത്തുമ്പോൾ (വിശകലനക്ലാസുകളും ടീച്ചിംഗ് പ്രാക്ടീസ് സമയത്തും) നിരീക്ഷണ ടൂൾ തയാറാക്കി ഉപയോഗിക്കേണ്ടതാണ്. മാതൃകാ നിരീക്ഷണപത്രിക താഴെകൊടുത്തിരിക്കുന്നു. ഇവ മെച്ചപ്പെടുത്തി ഉപയോഗിക്കാവുന്നതാണ്.

നിരീക്ഷണപത്രിക

- ❖ അധ്യാപക വിദ്യാർത്ഥിയുടെ പേര്: സ്റ്റാൻഡേർഡ്:
- ❖ സ്കൂളിന്റെ പേര്: പിരിയഡ്:
- ❖ വിഷയം : പരിസരപഠനം: തീയതി :
- ❖ യൂണിറ്റ്:

1. ആസൂത്രണം
   - അറിവുനിർമ്മാണത്തിന്റെ സൂക്ഷ്മപ്രക്രിയ വ്യക്തമാക്കുന്ന ടീച്ചിംഗ് മന്വൽ
   - ഫലപ്രദമായി പ്രശ്നം അനുഭവപ്പെടുത്താനുള്ള സാധ്യത
   - ഫലപ്രദവും മാതൃകാപരവുമായ ടീച്ചേഴ്സ് വേർഷൻ
   - വിമർശനാത്മക ചിന്തയ്ക്കുള്ള സാധ്യത
   - അധ്യാപികയുടെ ഇടപെടൽ സാധ്യത മുൻകൂട്ടി കാണൽ
   - വിലയിരുത്തൽ സന്ദർഭങ്ങൾ/സൂചകങ്ങൾ കണ്ടെത്താനുള്ള കഴിവ്
   - മൂല്യങ്ങളും മനോഭാവങ്ങളും വളർത്താനുള്ള സാധ്യതകൾ

2. **ടീച്ചർ**

- സ്നേഹ - സൗഹാർദ്ദത്തോടെയും ജനാധിപത്യപരമായും ഇടപെടുന്നു.
- പഠനപ്രക്രിയയിൽ കുട്ടികൾക്കുണ്ടാവുന്ന തടസ്സങ്ങൾ യഥാസമയം കണ്ടെത്തുന്നു.
- കണ്ടെത്തിയ തടസ്സങ്ങൾ പരിഹരിച്ച് പ്രവർത്തനം മുന്നോട്ട് നയിക്കാനാവശ്യമായ ഇടപെടൽ/സഹായം കൃത്യമായി നൽകുന്നു.
- കുട്ടികൾക്കൊപ്പം പ്രവർത്തനങ്ങളിൽ പങ്കെടുക്കുകയും ആവശ്യമായ സന്ദർഭങ്ങളിൽ ടീച്ചേഴ്സ് വേർഷൻ അവതരിപ്പിക്കുകയും ചെയ്യുന്നു.

3. **പഠനപ്രക്രിയ**

- എല്ലാവർക്കും മാനസിക - ഭൗതിക പങ്കാളിത്തം ഉണ്ട്.
- മാനസിക പ്രക്രിയ ഉണർത്തുന്ന പ്രവർത്തനങ്ങൾ ഉണ്ട്.
- സ്വയം-വിലയിരുത്താനും പരസ്പരം വിലയിരുത്താനുമുള്ള സാധ്യത ഉണ്ട്.
- വിലയിരുത്തൽ സങ്കേതങ്ങൾ/ഉപാധികൾ ഉപയോഗിച്ചിട്ടുണ്ട്.

4. **പഠനാന്തരീക്ഷം**

- എല്ലാവരിലും ആത്മവിശ്വാസം വളർത്തുന്നതാണ്
- ജനാധിപത്യപരമാണ്.
- പിന്നാക്കക്കാർക്ക് പ്രത്യേക പരിഗണനയും സഹായവും ലഭിക്കുന്നുണ്ട്.
- എല്ലാവർക്കും പങ്കാളിത്തം ഉറപ്പു വരുത്തുന്ന തരത്തിലുള്ള ഗ്രൂപ്പ് പ്രവർത്തനവും നിയന്ത്രണവും ഉണ്ട്.
- പഠനപ്രക്രിയകൾക്കനുസരിച്ച് മാറിക്കൊണ്ടിരിക്കുന്ന ക്ലാസ് ക്രമീകരണം

5. **പഠന സാമഗ്രികൾ**

- പ്രക്രിയ ഫലപ്രദമാക്കാൻ സഹായകവും അനുയോജ്യവുമായിരുന്നു.
- എല്ലാവർക്കും മാനിസികപങ്കാളിത്തം ഉണ്ടാവാൻ പാകത്തിൽ പഠനസാമഗ്രികൾ കരുതിയിട്ടുണ്ട്.
- പഠനോപകരണനിർമ്മാണം ഒരു പഠന പ്രവർത്തനമാക്കാൻ കഴിഞ്ഞിട്ടുണ്ട്.

അധ്യാപക വിദ്യാർത്ഥി തയാറാക്കിയ നിരീക്ഷണപത്രികയുടെ അടിസ്ഥാനത്തിൽ ക്ലാസ്നിർവഹണം സംബന്ധിച്ച സൂക്ഷ്മതലത്തിലുള്ള വിശകലനം നടക്കണം. ക്ലാസ് നിർവഹിച്ച വിദ്യാർഥി തയാറാക്കിയ യൂണിറ്റ് ആസൂത്രണം/പെഡഗോജിക് അനാലിസിസ്, ടീച്ചിംഗ് മാന്വൽ എന്നിവ ചർച്ചയ്ക്കു വിധേയമാക്കേണ്ടതാണ്. ആസൂത്രണവും നിർവഹണവും തമ്മിലുള്ള പൊരുത്തം വിശകലനം ചെയ്യണം. ഫലപ്രാപ്തി വിലയിരുത്തുന്നു. പ്രശ്നങ്ങൾ തിരിച്ചറിഞ്ഞ് അവ പരിഹരിക്കാനാവശ്യമായ നിർദേശങ്ങൾ കൂട്ടായി മുന്നോട്ടു വയ്ക്കുന്നു. ഇവയൊക്കെ അടങ്ങിയ വിശദമായ നിരീക്ഷണ റിപ്പോർട്ട് തയാറാക്കുന്നു.

പഠനപരിപോഷണ ഉപാധികൾ

ഡി.എൽ.എഡ് സെമസ്റ്റർ - 1 ലെ പരിസരവും പഠനവും (പേപ്പർ 106) യൂണിറ്റ് - 3 ൽ പഠനപരിപോഷണ ഉപാധികളെക്കുറിച്ച് വിശദമായി ചർച്ച ചെയ്തിരുന്നു. അനുയോജ്യമായവ വിദ്യാലയത്തിൽ നടപ്പിലാക്കി റിപ്പോർട്ട് തയാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. (പാഠഭാഗത്തിന്റെ ഭാഗമായോ, ക്ലബ് പ്രവർത്തനങ്ങളുടെ ഭാഗമായോ ഇവ ചെയ്യാവുന്നതാണ്)

പരിസരപഠനാന്തരീക്ഷം

വിദ്യാലയത്തിലെ പരിസരപഠനാന്തരീക്ഷം എത്രത്തോളം അനുയോജ്യമാണെന്ന് നിരീക്ഷിച്ച് റിപ്പോർട്ട് തയാറാക്കുക. അതിന് സഹായകരമായ സൂചകങ്ങൾ താഴെക്കൊടുത്തിരിക്കുന്നു. ആവശ്യമായ നിർദേശങ്ങൾ തയാറാക്കി മെന്റർ ടീച്ചറുമായി ചർച്ച ചെയ്ത് സാധ്യമായ ഇടപെടൽ നടത്തി മെച്ചപ്പെടുത്തേണ്ടതാണ്.

- ക്ലാസ് ശിശുകേന്ദ്രിതമാണോ?
- സഹവർത്തിതപഠനം, സഹകരണാത്മക പഠനം എന്നിവയ്ക്ക് അവസരമുണ്ടോ?
- കുട്ടികളുടെ ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കാനുള്ള സൗകര്യമുണ്ടോ?
- ഉപകരണങ്ങളും വസ്തുക്കളും ആവശ്യത്തിന് ലഭ്യമായിരുന്നോ?
- പരിസരപഠനമൂല ക്രമീകരിച്ചിട്ടുണ്ടോ? ഉപയോഗപ്പെടുത്തിയോ?
- വിദ്യാലയത്തിലെ ജൈവവൈവിധ്യ ഉദ്യാനവുമായി എപ്രകാരമാണ് ബന്ധിപ്പിച്ചത്?
- ജൈവവൈവിധ്യ ഉദ്യാനം ക്ലാസ് റൂം പ്രവർത്തനങ്ങൾക്കു സഹായകമായിരുന്നോ?
-
-
-

വിലയിരുത്തൽ/മൂല്യനിർണയ ടൂളുകൾ

മൂന്നാം യൂണിറ്റിൽ വിലയിരുത്തൽ വിശദമായി ചർച്ച ചെയ്തിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ നിങ്ങൾ കൈകാര്യം ചെയ്ത യൂണിറ്റുമായി ബന്ധപ്പെട്ട വിലയിരുത്തൽ ടൂളുകൾ, മൂല്യനിർണയ ടൂളുകൾ തയാറാക്കുക. (ബ്ലൂപ്രിന്റ്, ഉത്തരസൂചിക എന്നിവ തയാറാക്കണം) ടൂൾ ഉപയോഗിച്ച് നടത്തിയ മൂല്യനിർണയത്തിന്റെ ഉത്തരക്കടലാസ് വിലയിരുത്തി നൽകേണ്ടതാണ്.

മൂല്യനിർണയ ടൂൾ വിശകലനത്തിന് വിധേയമാക്കേണ്ടതാണ്. ഓരോ ചോദ്യവും കുട്ടികൾ സമീപ്പിച്ച രീതി, മികവ്, പോരായ്മകൾ എന്നിവ വിശകലനത്തിന് വിധേയമാക്കണം. ഇതിന്റെ അടിസ്ഥാനത്തിൽ ഫലപ്രാപ്തി വിലയിരുത്താവുന്നതാണ് (ഫലവിശകലനം)

പഠനപുരോഗതി രേഖ (Student's Evaluation Profile-SEP)

മൂല്യനിർണയത്തിന്റെ അടിസ്ഥാനത്തിൽ ഓരോ വിദ്യാർത്ഥിയുടെയും പഠനപുരോഗതി രേഖ തയാറാക്കേണ്ടത് അത്യന്താപേക്ഷിതമാണ്. വിദ്യാർത്ഥിയുടെ ഓരോ ഘട്ടത്തിലുള്ള മാറ്റങ്ങളും, പുരോഗതിയും, അധ്യാപികയുടെ പ്രവർത്തനങ്ങളുടെ ഫലപ്രാപ്തിയും ഇതിലൂടെ മനസ്സിലാക്കുവാൻ സാധിക്കും. പരിസരപഠനവുമായി ബന്ധപ്പെട്ട ഒരു പഠനപുരോഗതി രേഖയുടെ മാതൃക മൂന്നാം യൂണിറ്റിൽ ചർച്ച ചെയ്തിരുന്നു. പരിസരപഠനവുമായി ബന്ധപ്പെട്ടു പഠനപുരോഗതി രേഖയിൽ രേഖപ്പെടുത്തുന്ന നിരന്തര വിലയിരുത്തലിലെ പ്രധാനപ്പെട്ട മൂന്നു മേഖലകൾ താഴെ പറയുന്നവയാണ്.

പഠനപ്രക്രിയ

ക്ലാസ് മുറിയിൽ വിദ്യാർത്ഥിയുടെ ഇടപെടൽ മേഖലകൾ മൊത്തമായി കണ്ടുകൊണ്ടാണ് വിലയിരുത്തൽ നടത്തുന്നത്. കുട്ടിയുടെ പങ്കാളിത്തം, നേടിയ ആശയധാരണ, വ്യത്യസ്ത പ്രക്രിയാശേഷികൾ, പ്രകടന ശേഷി തുടങ്ങിയ മേഖലകൾ പരിഗണിച്ചാണ് വിലയിരുത്തൽ നടത്തേണ്ടത്.

പഠനപ്രക്രിയ (ശേഷികൾ)

വിലയിരുത്തൽ മേഖല	നിരന്തര വില യിരുത്തലിന്റെ ഗ്രേഡ്	വിലയിരുത്തൽ കുറിപ്പുകൾ
നിരീക്ഷണം		
വർഗ്ഗീകരണം		
അപഗ്രഥിച്ച് നിഗമനത്തിലെത്തൽ		
ലഘു പരീക്ഷണങ്ങൾ		
ആശയവിനിമയം		
അറിവിന്റെ പ്രയോഗം		
സർഗാത്മകത		
ആശയപ്രകാശനം		

പോർട്ട് ഫോളിയോ

പഠനപ്രവർത്തനത്തിന്റെ ഭാഗമായി ഉണ്ടാകുന്ന ഉൽപ്പന്നങ്ങൾ സൂചകങ്ങളുടെ അടിസ്ഥാനത്തിൽ വിലയിരുത്തുന്നു.

യൂണിറ്റ് വിലയിരുത്തൽ

ഓരോ ടേമിലെയും യൂണിറ്റ് വിലയിരുത്തലിന്റെ ശരാശരി പരിഗണിച്ചുകൊണ്ടായിരിക്കണം അതാതത് ടേമിലെ യുണിറ്റ് വിലയിരുത്തൽ ഗ്രേഡ് കണക്കാക്കുന്നത്.

അധ്യാപക വിദ്യാർത്ഥികളുടെ ഇന്റേൺഷിപ്പ് വിലയിരുത്തൽ

പരിസരപഠനവുമായി ബന്ധപ്പെട്ട ഇന്റേൺഷിപ്പ് ക്ലാസുകൾ പ്രാഥമികമായി വിലയിരുത്തുന്നത് അതാത് വിദ്യാലയങ്ങളിലെ വിഷയാധ്യാപിക/മെന്റർ ടീച്ചർ ആകുന്നു. വിദ്യാലയങ്ങളിൽ നിന്നും ലഭിക്കുന്ന സ്കോറുകളും (25%) അധ്യാപക വിദ്യാർത്ഥിയുടെ മൊത്തത്തിലുള്ള അധ്യാപക നൈപുണി പരിഗണിച്ചുകൊണ്ട് ടീച്ചർ എഡ്യുക്കേറ്റർ നൽകുന്ന സ്കോറും (75%) ചേർത്ത് ആയിരിക്കും ഇന്റേൺഷിപ്പിന്റെ അന്തിമ വിലയിരുത്തൽ സ്കോർ.